150 YEARS OF CELEBRATING THE MAHATMA

# സമന്വയം

ജനുവരി - മാർച്ച് 2021

വാല്യം 1 ലക്കം 1



ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതി

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

# പത്രാധിപസമിതി

മുഖ്യ രക്ഷാധികാരി

**ശ്രീ. പി ശ്രീരാമകൃഷ്ണൻ**

ബഹു. സ്പീക്കർ, കേരള നിയമസഭ

മുഖ്യ പത്രാധിപർ

**ശ്രീ. എസ് വി ഉണ്ണികൃഷ്ണൻ നായർ**

ബഹു. സെക്രട്ടറി ,കേരള നിയമസഭ

## അംഗങ്ങൾ

**ശ്രീ. ഇ കെ മുഷ്താഖ്**

ബഹു.സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി

**ശ്രീ. ഷാജി സി ബേബി**

ജോയിന്റ് സെക്രട്ടറി

**ശ്രീ. ജുനൈസ് വി**

അസിസ്റ്റന്റ് ലൈബ്രേറിയൻ

**ശ്രീ. എസ് ബാബുരാജൻ പിള്ള**

ഓഫീസ് അറ്റൻഡന്റ്


രൂപകൽപന - പുറംതാൾ രൂപകൽപന

**ജെ.ബി ക്രിയേഷൻസ്**

അച്ചടി

**കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്**

വിലാസം

**ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതി**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**



ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമസഭാ സെക്രട്ടേറിയറ്റിന്റെയോ അല്ലെന്നും അവ ലേഖകരുടെ വ്യക്തിപരമായ അഭിപ്രായമാണെന്ന അവയ്ക്കുള്ള ഉത്തരവാദിത്തം ലേഖകർക്ക് മാത്രമാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

# സമന്വയം

## ഉള്ളടക്കം


ആടുജീവിതം
[illegible]. റെജി. ബി. — 03

എൻമകജെ
ഷീല ടൈറ്റസ് — 07

എന്റെ സ്വപ്നയാത്ര
എസ്. ജയശ്രീ — 10

കൊളാഷ്
ബിജു ഡേവിഡ് ജോൺസ് — 17

സാധ്യതകൾ
ശ്രീവിദ്യ എസ്. — 18

കേരളീയ കുടുംബവ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ
രാജീവ്. വി — 20

ആരാച്ചാർ
പ്രസാദ്. വി — 22

തക്ഷൻകുന്ന് സ്വരൂപം
പ്രസാദ് വി. — 25

നിശ്വാസങ്ങൾ.......
ശ്രീവിദ്യ എസ്. — 28

കേരളീയ കുടുംബവ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ
അനു സി. — 30

പുതുപുലരി
പ്രീത സി.എസ്. — 33

മിഴിത്തുമ്പിലെ പ്രണയമെസ്സേജുകൾ
എസ്. കെ. സുനീഷ് കുമാർ — 34

വീണപൂവ്
അനു സി. — 36

ഭരണഭാഷാ പുരസ്കാരം
വിനോദ്കുമാർ എം. കെ. — 39

തൂലിക
പ്രസാദ് വി. — 46

രണ്ടാമൂഴം
അനു സി. — 47

കേരളീയ കുടുംബവ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ
പ്രസാദ് വി. — 50

ഉതപ്പ്
എം. കെ. രാജൻ — 53

കേരളീയ കുടുംബവ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ
എസ്. കെ. സുനീഷ് കുമാർ — 54

ശബ്ദമില്ലാത്തവർ
രാജീവ്. വി — 57

കേരളീയ കുടുംബവ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ
വിക്രമൻ സി. — 58

ജീവിതനൗക
സ്മിത പി. വി. — 62

ഹൃദയംകൊണ്ട് സംവദിച്ച ഒരാൾ
എം.കെ. രാജൻ — 63

തത്തമ്മ
സിറിൻ എ. റിയാസ്. — 67

അനാമിക
പ്രസാദ്. വി — 68

പ്രവാസം
ദിനേഷ്കുമാർ. കെ. — 70

മഴയിൽ കുതിർന്നുപോയ മൺകൂനയ്ക്കു പറയാനുള്ളത്
എം.കെ. രാജൻ — 72

മഴയിൽ പൂക്കുന്ന പ്രണയവള്ളികൾ
കെ. ഷൂജ — 74

തെരഞ്ഞെടുത്ത പുസ്തകങ്ങൾ — 76

ബാലസമന്വയം — 82




# പത്രാധിപക്കുറിപ്പ്

ലോകജനത കോവിഡ് മഹാമാരിക്കെതിരെ വാളും പരിചയുമെന്നോണം സാനിറ്റൈസറും മാസ്കുമായി പടവെട്ടുമ്പോൾ, ജീവിതം ക്വാറന്റൈൻ തുരുത്തിൽ ഒറ്റപ്പെടുന്ന അവസരത്തിൽ മാതൃഭാഷയും (മലയാളം) സാഹിതിയും അതീജീവനത്തിനായുള്ള ഔഷധങ്ങളായി മാറുന്നുവെന്നുള്ള വിലയിരുത്തൽ ശ്രദ്ധേയമാണ്.


നിയമസഭാ സെക്രട്ടറിയേറ്റിൽ ജീവനക്കാർക്കായി ഏർപ്പെടുത്തിയ പ്രഥമ ഭരണ ഭാഷാ സേവന/ സാഹിത്യ പുരസ്കാരം മികച്ച രീതിയിൽ നടപ്പിലാക്കാൻ ഔദ്യോഗിക ഭാഷ വകുപ്പുതല സമിതിയ്ക്ക് കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.

മലയാള സാഹിത്യ ലോകത്തെ നവ എഴുത്തുകാരുടെ സാഹിത്യ സപര്യയ്ക്ക് ഹരിശ്രീ കുറിക്കുവാനുള്ള ഭാഗ്യം 'സമന്വയ' ത്തിന് കൈവന്നിട്ടുള്ളതിൽ അഭിമാനിക്കുന്നു. ഔദ്യോഗിക ഭാഷ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന 'സമന്വയം' ത്രൈമാസികയുടെ പതിനഞ്ചാമത് ലക്കം വ്യത്യസ്തങ്ങളായ രചനകളാൽ സമ്പന്നമാണ്. ഈ ഉദ്യമത്തിന്റെ വിജയഗാഥയിൽ ഇനിയും മികച്ച പങ്കാളിത്തമുണ്ടാകുമെന്ന് പ്രത്യാശിക്കുന്നു.

**എസ്. വി. ഉണ്ണികൃഷ്ണൻ നായർ**
സെക്രട്ടറി,
കേരള നിയമസഭ.

പ്രിയ പുസ്തകം

ഔദ്യോഗിക ഭാഷാ വകുപ്പുതലസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 2020 ലെ വായനാക്കുറിപ്പ് മത്സരത്തിൽ ഒന്നാം സ്ഥാനത്തിന് അർഹമായത്.



# ആടുജീവിതം

ശ്രീ. **റെജി. ബി.**
ജോയിന്റ് സെക്രട്ടറി.



ലോകം കോവിഡ് മഹാമാരിക്ക് മുന്നിൽ പകച്ചു നിൽക്കവെ ജീവതാളം ഒട്ടൊന്ന് പിടിച്ചു നിർത്താനുള്ള ദുരാഗ്രഹത്തിൽ ആകുലതയോടെ ഞാൻ സ്വഭവനത്തിൽ ഒതുങ്ങികൂടി. ആദ്യ നാളുകളിൽ സോഷ്യൽ മീഡിയയിൽ സജീവമായെങ്കിലും വൈകാതെ അതിനോട് വിരക്തി തോന്നി. അങ്ങനെ പുസ്തകങ്ങളെ പ്രണയിച്ചിരുന്ന ഗൃഹാതുരത്വം ഉണർത്തുന്ന എന്റെ കൗമാരം മോഹവലയമായി. കാലം കരുതിവച്ച സഞ്ചാരവിലക്ക്

> ആടുകളിൽ അയാൾ സ്ത്രീ ശരീരത്തിന്റെ നഗ്നത തേടി. ഒടുവിൽ അയാളുടെ തീക്ഷണമായ ആസക്തി ശമിപ്പിക്കുവാൻ പെണ്ണാടുകളുടെ സാമീപ്യം തേടി. അവരിൽ ഒന്നായി മാറി. ആടുജീവിതമായി.

അക്ഷരങ്ങളിലേയ്ക്കൊരു ചൂണ്ടുപലകയായപ്പോൾ ജീവിത പ്രാരാബ്ധങ്ങളുടെ നടുവിൽ എവിടെയോ നഷ്ടമായ വായനാശീലം പുനർജനിച്ചു.

ആയിടയ്ക്കാണ് ബെന്യാമിൻ എഴുതി ഗ്രീൻ ബുക്സ് ഹൗസ് തൃശ്ശൂർ പ്രസിദ്ധീകരിച്ച ആടുജീവിതം വായിക്കുവാനിടയായത്. പ്രവാസ ജീവിതത്തെക്കുറിച്ച് ഒരുപാട് സ്വപ്നങ്ങൾ നെയ്തുകൂട്ടിയ നജീബ് എന്ന ചെറുപ്പക്കാരന്റെ ജീവിതയാത്രയുടെ അമ്പരപ്പിക്കുന്ന അനുഭവങ്ങളെ ഭാവവൈകാരിക തീവ്രതയോടെ അനുവാചകരിലേക്ക് പകർന്നു നൽകുന്ന സുന്ദരമായ ഒരു നോവൽ. ഒരു പ്രവാസി തന്റെ ജീവിതത്തിൽ യാദൃശ്ചികമായി അനുഭവിക്കേണ്ടിവന്ന യാതനയും വേദനയും നൈരാശ്യവും നൊമ്പരങ്ങളും കോർത്തിണക്കിയ കഥാതന്തു. ഈ പുസ്തകം നമ്മിൽ വെറും വൈകാരിക ഭാവങ്ങൾ മാത്രമല്ല ഉണർത്തുക, മറിച്ച് ഒരു നാടിന്റെ രാജ്യത്തിന്റെ ജനതയുടെ ജീവിത നിലവാരവും ചരിത്രവും നീതിബോധവും നീതിനിർവ്വഹണവും പൗരബോധവും എന്തിന് പ്രകൃതിയുടെ നിഗൂഢതയും വൈവിധ്യവും നമുക്ക് അനുഭവവേദ്യമാകുന്നു.

നിസ്സഹായതയിൽ കത്തിജ്വലിക്കുന്ന സൂര്യന് താഴെ ചുട്ടുപൊള്ളുന്ന മരുഭൂമിയുടെ അനന്തതയിൽ യാതൊരു കരുതലുമില്ലാതെ രക്ഷപ്പെടാൻ ഇറങ്ങിത്തിരിച്ച നജീബ്, ഹക്കീം, ഇബ്രാഹീം ഖാദിരി എന്നീ മൂന്ന് യുവാക്കൾ അനുഭവിച്ച ദുരിതപർവ്വത്തിന്റെ വാങ്മയ ചിത്രം തികഞ്ഞ വൈഭവത്തോടെ ഗ്രന്ഥകാരൻ വരച്ചിടുന്നു. മനുഷ്യജീവിതത്തിന് തികച്ചും പ്രതികൂലമായ ഒരു ആവാസ വ്യവസ്ഥയിൽ അതിജീവനത്തിന് അറബികളും ആട്ടിടയന്മാരും മരുഭൂമിയിൽ തമ്പടിക്കുന്നു. അറേബ്യയുടെ ആധുനിക ജീവിതവും പൗരാണിക അടിമജീവിതവും തമ്മിൽ ഒരു താരതമ്യത്തിനും നോവൽ കളമൊരുക്കുന്നു.

പുഴയിൽ നിന്നും മണലൂറ്റി ജീവിതം തള്ളിനീക്കിയിരുന്ന കരുവാറ്റക്കാരൻ നജീബിന് ജീവിത്തതിൽ വലിയ മോഹങ്ങളില്ലായിരുന്നു. എന്നാൽ സൈനുവുമായുള്ള വിവാഹശേഷം അവളുടെ അനുദിനം വീർത്തുവരുന്ന വയറിൽ മതിയാവാതെ ഉമ്മ കൊടുക്കുമ്പോൾ ചെലവുകൾ മണൽ കൂന പോലെ വന്നു നിറയാൻ പോകുന്ന കാലം അയാളുടെ ഉള്ളിൽ തീക്കനൽ കോരിയിട്ടു. അങ്ങനെയാണ് ഒരു യാഥാസ്ഥിതിക മലയാളി ഗൾഫുകാരന്റെ മുദ്രകളായ സ്വർണ്ണമാലയും വാച്ചും ഫ്രിഡ്ജും ടേപ്പ് റിക്കോർഡറും നായകന്റെ സ്വപ്നങ്ങളിൽ വന്നു നിറയുന്നത്. പിന്നെ കടം വാങ്ങിയും സൈനുവിന്റെ കഴുത്തിലെ ഇത്തിരി പൊന്ന് പണയം വച്ചും സ്വരൂപിച്ച തുകയുമായി ബോംബെക്ക് വണ്ടികയറി. അവിടെ നിന്ന്

സൗദി അറേബ്യയുടെ തലസ്ഥാനമായ റിയാദിലേക്ക്. ഒപ്പം മീശമുളയ്ക്കാത്ത ഹക്കീമും. വിജനതയിൽ വഴിതെറ്റി വന്ന അർബാബ് തട്ടിപ്പറിച്ചെടുത്ത പാസ്പോർട്ടിനൊപ്പം നജീബിന്റെ ജീവിതവും സ്വപ്നങ്ങളും അയാൾ കവർന്നെടുത്തു. അവിടെ ഒരു യാത്ര ആരംഭിക്കുകയാണ്. ആഴവും പരപ്പും രൂക്ഷതയും വന്യതയും നിറഞ്ഞ അറേബ്യൻ മരുഭൂമിയിലേക്ക്. ആട്ടിൻപറ്റത്തെ പാർപ്പിക്കുന്ന മസറയിലേക്ക്. ഒരു അടിമയായി. അറബിയുടെ പഴകിദ്രവിച്ച വണ്ടിയിലെ യാത്ര പ്രതീകാത്മകമായിരുന്നു ഒരു ദുരിതജീവിതയാത്രയുടെ.

അറേബ്യയിലെ ഇടയ ജീവിതത്തിന്റെ കാണാപ്പുറങ്ങളിലേക്ക് നമ്മെ പുസ്തകം കൂട്ടിക്കൊണ്ടുപോകുന്നു. എട്ടും പത്തും മാസത്തിൽ ഒരിക്കൽ മാത്രം പെയ്യുന്ന മരുഭൂമിയിലെ മഴയെക്കുറിച്ച് നമുക്ക് അറിവ് പകർന്നു നൽകുന്നു. നജീബിന്റെ ജീവിതം മസറയ്ക്കുള്ളിൽ തളയ്ക്കപ്പെട്ടു. അറബിയുടെ തല്ലിനും രൗദ്രതയ്ക്കും മുന്നിൽ നജീബ് തളർന്നു. അയാളുടെ മോഹങ്ങൾ അടയ്ക്കപ്പെട്ടു. ആശകളും ആഗ്രഹങ്ങളും വറ്റിപോയി. അർബാബിന്റെ ചാട്ടവാറടിയേറ്റ് കുഴഞ്ഞുവീണ നജീബ് മരുഭൂമിയിലെ മസറയിൽ ആടുകൾക്കൊപ്പം പച്ച ഗോതമ്പ് തിന്നു. പച്ചവെള്ളം കുടിച്ചു. അവയ്ക്കൊപ്പം ഉറങ്ങി, ഉണർന്നു. ആട്ടിൻപറ്റത്തിൽ അയാൾ സ്വന്തം നാട്ടുകാരെയും പരിചയക്കാരെയും സുഹൃത്തുക്കളെയും കണ്ടു. അയാളുടെ ഗതകാല സ്മരണകളെ മസറ ഭ്രമാത്മകമായി പുനരാവിഷ്കരിച്ചു. അയാൾ ആഗ്രഹിച്ചതും പ്രണയിച്ചതുമായ സുന്ദരിമാരുടെ നാമങ്ങൾ ഓരോ പെണ്ണാടിനും നൽകി. എന്തിനേറെ നാട്ടിലെ പേരെടുത്ത വേശ്യയെപ്പോലും അയാൾ ആടുകൾക്കിടയിൽ നിന്ന് കണ്ടെത്തി. ആടുകളിൽ അയാൾ സ്ത്രീ ശരീരത്തിന്റെ നഗ്നത തേടി. ഒടുവിൽ അയാളുടെ തീക്ഷണമായ ആസക്തി ശമിപ്പിക്കുവാൻ പെണ്ണാടുകളുടെ സാമീപ്യം തേടി. അവരിൽ ഒന്നായി മാറി. ആടുജീവിതമായി.

സുഹൃത്തായിരുന്ന ഹക്കീമിനെ കണ്ടുമുട്ടുന്നതോടെ അയാളുടെ മനസ്സിൽ എന്നോ മറന്നുപോയ മോഹങ്ങളും സ്വപ്നങ്ങളും പുനർജനിച്ചു. ഇബ്രാഹീം ഖാദിരി എന്ന മറ്റൊരു അടിമ അയാളുടെ സ്വപ്നങ്ങൾക്ക് ജീവൻ നൽകി. മരുഭൂമിയിലെ അറബാബിന്റെ തടവറയിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള വഴി തേടുകയായി. പിന്നീട് ദുരിത ജീവിതത്തിൽ നിന്നുള്ള മോചനത്തിനായി അയാൾ വെമ്പി.

നിലാവുള്ള ഒരു രാത്രിയിൽ മസറയിൽ നിന്ന് ഒരുപാട് സ്വപ്നങ്ങളും പ്രതീക്ഷകളുമായി മരുഭൂമിയുടെ വന്യതയിലേക്ക് അവർ മൂവരും രക്ഷ തേടി ഓടിപ്പോയി. ദുർഘടമായ മലയും മണ്ണും കുന്നും കുഴികളും ചാടികടന്ന് തട്ടിയും തടഞ്ഞും വീണും എഴുന്നേറ്റും ഓട്ടം

> ഉദ്വേഗജനകമായ സംഭവപരമ്പരകൾ കഥയെ കരുത്തുറ്റതാക്കുന്നു ഇവിടെ. നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണെന്ന മുഖക്കുറിപ്പ് ഈ പുസ്തകത്തെ വ്യത്യസ്തമാക്കുന്നു.

അവിരാമം തുടർന്നു. മുന്നിലും പിന്നിലും ഇടത്തും വലത്തും കണ്ണെത്താ ദൂരത്തോളം അനന്തമായ മണൽപ്പരപ്പ്, ചക്രവാളം മുതൽ ചക്രവാളം വരെ തിരയിളകിയാടുന്ന മണൽക്കടൽ. വായനക്കാർക്ക് തികച്ചും അപരിചിതമായ മരുഭൂമിയിലേക്ക് ഭീതിതമായ അനുഭവങ്ങൾ ഒന്നൊന്നായി അനാവൃതമാക്കപ്പെടുന്നു. ഒരു ത്രില്ലറിനെ അനുസ്മരിപ്പിക്കുന്ന കഥാകഥനം തന്നെ. ദുർഘട മരുഭൂമിയിലെ കൊടുംചൂട് അവരെ തളർത്തി. കടുത്ത വിശപ്പും ദാഹവും അവരെ ക്ഷീണിതരാക്കി. പ്രത്യാശയുടെ മേഘപടലം അകലുമ്പോൾ അവർ ഹതാശരായി. അതിജീവന ശേഷിയില്ലാത്ത മൂവരിൽ ഒരാളായ ഹക്കീം ചോരതുപ്പി ജീവൻ വെടിഞ്ഞു. തളർന്നുറങ്ങിയ നജീബിനെ ഇബ്രാഹീം ഖാദിരി തോളിലേറ്റി മരുഭൂമിയുടെ മറുകരയിലേക്ക് പിന്നെയും ചുവടുവച്ചു. മരുപച്ചയിലെ വാസം അതിജീവനത്തിനായി കരുത്തായി. ജീവന്റെ അവസാനകിരണം പൊലിയാതെ കാത്തുവച്ചു. മണലിൽ ഇബ്രാഹീം ഖാദിരിയെയും നജീബിന് നഷ്ടപ്പെടുന്നു. പാതയോരത്തെ സ്നേഹവാനായ ഒരു അറബിയുടെ കരങ്ങളിൽ എത്തുന്നതോടെ നരകയാതനകളിൽ നിന്ന് നജീബ് വിമുക്തനാകുന്നു.

ഉദ്വേഗജനകമായ സംഭവ പരമ്പരകൾ കഥയെ കരുത്തുറ്റതാക്കുന്നു ഇവിടെ. നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണെന്ന മുഖക്കുറിപ്പ് ഈ പുസ്തകത്തെ വ്യത്യസ്തമാക്കുന്നു. മലയാളികൾ ഏറെ കുടിയേറിയ അറബിനാടിന്റെ വ്യത്യസ്തമായ ഒരു മുഖം അടിമജീവിതത്തിന്റെ പിന്നാമ്പുറങ്ങളും നമുക്കു കാട്ടിത്തരുകയാണ് ഗ്രന്ഥകാരൻ. വായനക്കാരുടെ ഒഴുക്ക് തടസ്സപ്പെടാതെ മനുഷ്യജീവിതത്തിന്റെ അത്യപൂർവ്വമായ അനുഭവ സാക്ഷ്യത്തെ ഒരു ജീവചരിത്രകാരന്റെ വൈഭവത്തോടെയും വ്യത്യസ്തമായ അവതരണ ശൈലിയോടെയും വായനക്കാരുടെ മുന്നിൽ എത്തിക്കുന്നു. വായനയുടെ സുഖകരമായ അനുഭൂതിയിൽ മനസ്സിൽ മറ്റൊന്നും ഓർക്കാതെ ഏകാഗ്രതയോടെ വായിക്കാൻ കൊതിക്കുന്നവർക്ക് ഈ പുസ്തകം നല്ലൊരു വായനാനുഭവം സമ്മാനിക്കുന്നു. ●



ഔദ്യോഗിക ഭാഷാ വകുപ്പുതലസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 2019 ലെ വായനാക്കുറിപ്പ് മത്സരത്തിൽ ഒന്നാം സ്ഥാന ത്തിന് അർഹമായത്.



# എൻമകജെ

**ഷീല ടൈറ്റസ്**
അണ്ടർ സെക്രട്ടറി



മനുഷ്യന്റെ അലസമായ ഇടപെടൽ മൂല മോ പണസമ്പാദനത്തിനുള്ള അന്ധമായ വ്യഗ്രത വർദ്ധിച്ചിട്ടോ ഉണ്ടാകുന്ന പാരി സ്ഥിതിക ദുരന്തങ്ങളുടെ കഥ പറയുന്ന, അംബികാസുതൻ മാങ്ങാടിന്റെ 'എൻമകജെ' എന്ന നോവൽ അതിന്റെ ആഖ്യാനശൈലി കൊണ്ടും വിഷയപ്രസക്തി കൊണ്ടും വേറിട്ട തായി. കാസർഗോഡ് ജില്ലയിലെ എൻമകജെ എന്ന ഗ്രാമത്തിന്റെ, രണ്ടായിരത്തിനു മുമ്പുള്ള ചരിത്രവും സംസ്കാരവുമാണ് ഇതിന്റെ പശ്ചാത്തലം. കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ കീടനാശിനിയുടെ വിഷവർഷം മനുഷ്യർക്കും ജീവജാലങ്ങ ൾക്കും പ്രകൃതി ക്കും വരുത്തിവച്ച വിനകൾ കൺമുമ്പിലെന്ന പോലെ അതിസൂക്ഷ്മമായി അടയാളപ്പെടുത്തിയിരിക്കുന്നു.

> എഴുത്തുകാരന്റെ നെഞ്ചിലുയർന്ന ഈ നിലവിളി വായനക്കാരിലെത്തുമ്പോൾ എഴുത്ത് സഫലമാകുന്നു. വളരെ ഗഹനമായ ഒരു വിഷയം തികച്ചും ഹൃദയ സ്പർശിയായി ആവിഷ്കരിച്ചിരിക്കുന്ന ഈ നോവൽ മലയാള സാഹിത്യത്തിലെ കൃതിയല്ല; അപൂർവ്വാനുഭവമാണ്.

നീലകണ്ഠനെന്ന പുരുഷനും അയാളോടൊപ്പം താമസിക്കുന്ന ദേവയാനി എന്ന സ്ത്രീയുമാണ് മുഖ്യകഥാപാത്രങ്ങൾ. വ്യത്യസ്ത സാഹ ചര്യങ്ങളിൽ നിന്ന് തലസ്ഥാനനഗരിയിലെത്തി; ആപൽഘട്ടങ്ങളിൽ പരസ്പരം താങ്ങായി. നഗരജീവിതം മടുത്തപ്പോൾ ചില വിചിത്രമായ കരാറുകളിന്മേൽ, മനുഷ്യരില്ലാത്ത എവിടെയെങ്കിലും പോയി കഴിയാമെന്ന മോഹത്താൽ തുടങ്ങിയ യാത്ര കൊണ്ടു ചെന്നെത്തിച്ചത് എൻമകജെയിൽ. മുഖം നോക്കുന്ന കണ്ണാടിയോടും വനാന്തർഭാഗത്തെ ഗുഹയോടുമുള്ള സംഭാഷണത്തിലൂടെ ഭൂതകാലചിത്രം പ്രതിഫലിപ്പിക്കപ്പെടുന്നു. കുന്നുകളും പുഴകളും ചാലുകളും നിറഞ്ഞ, വയലുകളിൽ നിന്ന് വെളുത്ത കൊറ്റികൾ പറന്നു പോകുന്ന എൻമകജെയിലെ വനപ്രദേശത്ത് അവർ വാസമുറപ്പിച്ചു. അവിടെ, കഴുത്തിലും അരക്കെട്ടിലും നിറയെ വ്രണങ്ങളുള്ള, തൊണ്ട കീറിയിട്ടില്ലാത്ത, നരച്ചമുടിയുള്ള കുഞ്ഞിനെ - പരീക്ഷിത്തിനെ ഏറ്റെടുക്കേണ്ടി വന്നത് ജീവിതത്തിൽ വഴിത്തിരിവായി.

നോവലിലൂടെ കഥാകാരൻ കൂട്ടിക്കൊണ്ടുപോകുന്നത് ഒരു യാത്രയ്ക്കാണ്. എൻമകജെയിലെ കുന്നുകളുടെ ഗ്രാമത്തിലൂടെ...... ഒന്നിനോടൊന്നു ചേർന്ന് അവയങ്ങനെ തലയുർത്തി നിൽക്കുന്നു. ജൈവവൈവിദ്ധ്യത്താൽ സംപുഷ്ടമായ പ്രദേശം. അതിന്റെ ഓരോ മുക്കുംമൂലയും നടന്നുകാണുന്ന പ്രതീതി ഉളവാകുന്ന വിവരണം. ഭാഷാസമ്പന്നയാണ് എൻമകജെ. എട്ടോളം ഭാഷകൾ വശമുള്ളവർ. കഥയിലുടനീളം തുളു, കന്നട ഭാഷകളിലെ സംഭാഷണം കടന്നുവരുന്നുണ്ടെങ്കിലും അത് മനസിലാകാതെ വരുന്നില്ല; മറിച്ച് കഥയുടെ തന്മയത്വം വർദ്ധിപ്പിക്കുന്നതേയുള്ളൂ. പഞ്ചി, ശ്രീരാമ, ഡോക്ടർ, ജയരാജൻ തുടങ്ങിയ കഥാപാത്രങ്ങളെ തൂലികത്തുമ്പിലൂടെ കഥാകാരൻ വരച്ചുകാട്ടുന്നു.

ഐതിഹ്യങ്ങളുടെയും വിശ്വാസങ്ങളുടെയും നാടാണ് എൻമകജെ. ജടാധരിമലയെപ്പറ്റി, മാവേലിയെപ്പറ്റി, ബാലഖില്യന്മാരെപ്പറ്റിയെല്ലാം അന്നാട്ടിൽ പറഞ്ഞു പതിഞ്ഞ കഥകൾ നോവലിൽ കോർത്തിണക്കിയിരിക്കുന്നു. സത്യത്തിന്റെ നാടായ എൻമകജെിൽ സാക്കീജലുകൾ അഥവാ സത്യപ്പടികളുണ്ട്. അതിലൂടെ കയറിവന്ന് സത്യം പറയണം. അസത്യമാണ് പറയുന്നതെങ്കിൽ പടികൾ തിരിച്ചിറങ്ങാൻ ആയുസുണ്ടാവില്ല എന്നാണ് വിശ്വാസം.

അന്നാട്ടിൽ നിലകണ്ഠൻ വേറെയും പ്രത്യേകതകൾ കണ്ടു. ഒരു വീട്ടിലും കിണർ ഉണ്ടായിരുന്നില്ല. കുന്നുകളിൽ നിന്നും ഒഴുകി വീട്ടുമുറ്റത്തെ ത്തുന്ന ജലം 'സുരങ്കങ്ങ'ളിൽ ശേഖരിക്കുന്നു. മുള്ളുകളില്ലാത്ത, എപ്പോഴും പുഷ്പിക്കുന്ന ചെമ്പരത്തിച്ചെടികളാണ് അതിർത്തികൾ. വലിയ തലയും ചെറിയ കൈകാലുമുള്ളവരും ചങ്ങലയ്ക്കിട്ട ബാല്യക്കാരും കൃഷ്ണമണികളില്ലാത്ത അൻവറും വായ്പൂട്ടാൻ പറ്റാത്ത ഭാഗ്യലക്ഷ്മിയും

ഒറ്റനോട്ടത്തിൽ കുറങ്ങനാണോ എന്നു സംശയിച്ചുപോകുന്ന അഭിലാഷും മാനസിക വിഭ്രാന്തിയിൽ ആത്മഹത്യചെയ്യുന്നവരുമെല്ലാം ഹൃദയത്തെ തുളയ്ക്കുന്ന കാഴ്ചകളായിരുന്നു. മനുഷ്യജന്മങ്ങൾ മാത്രമല്ല, മൂന്നുകാലുമായി ജനിക്കുന്ന പശുക്കുട്ടികളും കൂട്ടത്തോടെ ചത്തൊടുങ്ങുന്ന തേനീച്ചകളും, മീനുകളും തവളയില്ലാത്ത ജലാശയങ്ങളും ഒരു വിസ്മയലോകത്തേയ്ക്ക് കൈപിടിച്ചുകൊണ്ടു പോകുകയാണ്.

ജടാധാരി ഭൂതത്തിന്റെ കോപം കൊണ്ടാണ് കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത ദുരന്തങ്ങൾ ആവർത്തിക്കുന്നതെന്ന് വളരെ നിഷ്കളങ്കരായിരുന്ന ഏൻമകജെയിലെ നിവാസികൾ വിശ്വസിച്ചു. കശുമാവിൻ തോട്ടങ്ങളിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള മരുന്നു തളിക്കുകയാണെന്നാണ്. നാട്ടുകാരെ ബോധ്യപ്പെടുത്തിയിരുന്നത് 'രോഗമുണ്ടെങ്കിൽ നല്ല ഡോക്ടർമാരെ കൊണ്ടുവന്നു ചികിത്സിപ്പിക്കുകയാണു വേണ്ടത്' എന്ന മന്ത്രിയുടെ മറുപടി ഒരു ജനകീയ സമരത്തിന് വഴി തെളിച്ചു. കരിക്കിൻ വെള്ളത്തിലും മുലപ്പാലിലും വരെ കീടനാശിനിയുടെ അംശം ഏറിയ തോതിൽ കണ്ടെത്തിയപ്പോൾ അവരുടെ രോഷാഗ്നി ആളിക്കത്തി. അവർ ഒരുമിച്ചുനിന്ന് വിഷമഴ പെയ്യിക്കുന്നത് തടഞ്ഞു; പ്രതിഷേധയോഗങ്ങൾ ചേർന്നു; രോഗബാധിതരായ കുട്ടികളെ അധികാരികളുടെ മുമ്പിൽ പൂക്കളം പോലെ നിരത്തി; പരീക്ഷിത്തിന്റെ മൃതദേഹവുമായി വിലാപയാത്ര നടത്തി. അധികാരികൾ എൻഡോസൾഫാൻ കമ്പനിക്കാരോടൊപ്പമേ നില്ക്കൂ എന്നു മനസിലായപ്പോൾ അവർ അതിനെതിരെ പ്രതികരിക്കുവാൻ സംഘടന രൂപീകരിച്ചു.

കഥയിലെ നേതാവിനെ പലമുഖങ്ങളുള്ള വർത്തമാനകാലത്തിന്റെ പ്രതിനിധിയായി ചിത്രീകരിച്ചിരിക്കുന്നു. പകൽ ശുഭ്രവസ്ത്രധാരിയായി ജനങ്ങളുടെ സങ്കടങ്ങൾ കേൾക്കുന്ന അയാൾ ഇരുളിന്റെ മറവിൽ അധോലോകനായകനാകുന്നു. വിഷമഴയ്ക്കെതിരെ പോരാടിയ സാമൂഹ്യപ്രവർത്തകനെ ഇല്ലാതാക്കി. പക്ഷെ നീലകണ്ഠനെയും ദേവയാനിയെയും അയാൾ കൊല്ലാൻ ശ്രമിക്കുമ്പോൾ സർപ്പദംശമേൽക്കുന്നത് മനുഷ്യന്റെ നിസഹായാവസ്ഥയിൽ പ്രകൃതി പോലും ചിലപ്പോൾ പ്രതികരിക്കാറുണ്ട് എന്ന ആശയം പ്രകടമാക്കുന്നു.

ജടാധാരി ഭൂതത്തിന്റെ പ്രതികാരമല്ല, സ്വാർത്ഥലാഭത്തിനു പിന്നാലെയുള്ള മനുഷ്യന്റെ പാച്ചിലാണ് ദുരന്തങ്ങൾ ഉണ്ടാക്കുന്നത് എന്ന തിരിച്ചറിവ് നാട്ടുകാർക്കുണ്ടായല്ലോ എന്ന ആശ്വാസത്തിൽ നീലകണ്ഠനും ദേവയാനിയും കാട്ടിൽ മൃഗങ്ങളും ഇഴജന്തുക്കളും അഭയം പ്രാപിക്കുന്ന ഗുഹയിലെത്തുന്നു. വസ്ത്രമെന്ന ജീർണ്ണത ചാലിലേയ്ക്ക് വലിച്ചെറിഞ്ഞ അവരെ ഗുഹ അരുമയോടെ സ്വീകരിച്ചു. 'വരൂ...... മൃഗങ്ങളും മനുഷ്യരും ഒത്തൊരുമിച്ച് പ്രകൃതിയോട് ഇണങ്ങിച്ചേർന്നു വസിക്കുന്ന പുതിയ ഭൂമിയെപ്പറ്റി ചില മത വിശ്വാസങ്ങളുണ്ട്. 'അന്നാളിൽ ചെന്നായും കുഞ്ഞാടും പുള്ളിപ്പുലിയും കോലാട്ടുകൊറ്റനും ഒരുമിച്ചു കഴിയുന്ന' സങ്കൽപ്പം. അത്തരമൊരു പരിസമാപ്തിയാണ് ഈ കഥയ്ക്കുള്ളത്.

തീവ്രമായ ഒരനുഭവത്തെ സർഗ്ഗാത്മകതയുടെ നിറക്കൂട്ടിൽ ചാലിച്ച് ഓരോ വാക്കും അനുവാചക ഹൃദയത്തിൽ ആലേഖനം ചെയ്യപ്പെടുന്ന ഒരു കഥ. ഇനിയും ഉണ്ടാകാത്ത നമ്മുടെ പാരിസ്ഥിതിക ജാഗ്രതയ്ക്കു വേണ്ടിയുള്ള ഒരു നിലവിളിയാണ് ഈ കൃതി എന്ന് പ്രസാധകരായ ഡി.സി. ബുക്ക്സ് അഭിപ്രായപ്പെടുന്നു. എഴുത്തുകാരന്റെ നെഞ്ചിലുയർന്ന ഈ നിലവിളി വായനക്കാരിലെത്തുമ്പോൾ എഴുത്ത് സഫലമാകുന്നു. വളരെ ഗഹനമായ ഒരു വിഷയം തികച്ചും ഹൃദയ സ്പർശിയായി ആവിഷ്കരിച്ചിരിക്കുന്ന ഈ നോവൽ മലയാള സാഹിത്യത്തിലെ കൃതിയല്ല; അപൂർവ്വാനുഭവമാണ്.

# എന്റെ സ്വപ്നയാത്ര
# കൈലാസ – മാനസ – സരോവർ

എസ്. ജയശ്രീ
ജോയിന്റ് സെക്രട്ടറി.



യാത്രകൾ പലതരത്തിലുണ്ട്. വിനോദയാത്ര എന്ന തിനപ്പുറം ആത്മീയമായും മനസ്സിനെ വിവിധതലങ്ങളിൽ സ്പർശിച്ച് ഉത്തേജിപ്പിക്കുന്ന തരത്തിലുള്ളവയാണ് പുണ്യധാമങ്ങളിലേയ്ക്കുള്ള യാത്രകൾ! കൈലാസം എപ്പോഴും എന്നെ വല്ലാതെ മോഹിപ്പിച്ചിട്ടുണ്ട്. എം.കെ. രാമചന്ദ്രന്റെ പുസ്തകങ്ങളിലൂടെ യാണ് ആദ്യം അങ്ങനെയുള്ള യാത്രകൾ വായിച്ചറിഞ്ഞിട്ടുള്ളത്. ഒരിക്കലും അങ്ങനെ ഒരു യാത്ര ജീവിതത്തിൽ സംഭവിക്കാൻ സാധ്യതേയില്ല എന്ന് ഞാനെപ്പോഴും വിചാരിച്ചിരുന്നു. എന്നാൽ, തികച്ചും അപ്ര തീക്ഷിതമായി എന്നെത്തന്നെ



അത്ഭുതപ്പെടുത്തിക്കൊണ്ട് അങ്ങനെ ഒരു യാത്രയ്ക്ക് എനിക്ക് നിയതി വഴിയൊരുക്കി. ആ മഹാനുഭവം, എന്നെ ആന്തരികമായി ഇളക്കി മറിച്ച് എന്റെ ധാരണകളെ തിരുത്തിക്കുറിച്ച ഒരു യാത്ര ആയിരുന്നു. സാളഗ്രാമം ആശ്രമ ഗ്രൂപ്പിലെ 52 പേരോടൊപ്പം ആയിരുന്നു ആ യാത്ര. യാത്രയ്ക്കായി ഒരുക്കേണ്ട കാര്യങ്ങളെക്കുറിച്ച് സാളഗ്രാമം ആശ്രമത്തിൽ വച്ചുള്ള ഒരു മീറ്റിംഗിൽ സ്വാമിജി വിശദമായി വിവരിച്ചു തന്നു. പാസ്പോർട്ട് എടുക്കണം, മെഡിക്കൽ സർട്ടിഫിക്കറ്റ് വേണം. പിന്നെ, സ്പെഷ്യൽ ഡ്രസ്സുകൾ, ജാക്കറ്റ്, ട്രക്കിംഗ് ഷൂസ്, തെർമൽ വെയർ, സോക്സ്, സ്പെക്സ് ഒക്കെയായി എല്ലാം ഒരു വിധം തയ്യാറെടുത്തു. ദിവസവും നടന്ന് പ്രാക്ടീസ് ചെയ്യണം എന്നൊക്കെ സ്വാമിജി പറഞ്ഞതനുസരിച്ച് ഞാൻ വൈകുന്നേരം ഷൂസിട്ട് നടക്കാനും തുടങ്ങി. ഒരാഴ്ച അങ്ങനെ പോയി. കുതിരപ്പുറത്ത് യാത്രയുണ്ടെന്നും ചൈനീസ് യുവാൻ കൈയ്യിൽ കരുതണമെന്നും പറഞ്ഞതനുസരിച്ച് യുവാനും കൈയ്യിൽ കരുതി. തിരുവനന്തപുരം എയർപോർട്ടിൽ നിന്നും ആയിരുന്നു എന്റെ യാത്ര തുടങ്ങിയത്. എന്റെ സുഹൃത്തിന്റെ ചേച്ചി ജാസ്മിനും ഞാനുമായിരുന്നു ഒരുമിച്ച് യാത്രയിൽ. ചേച്ചിയാണ് ഈ ഒരു യാത്രയെക്കുറിച്ച് എനിക്ക് വിവരം തന്നതും ഒരുമിച്ച് പോകാമെന്ന് അറിയിച്ചതും. ബാക്കി യാത്രികരെയൊക്കെ പിന്നീട് പരിചയപ്പെട്ടു. എനിക്ക് ഏറ്റവും പ്രചോദനം തോന്നിയ യാത്രികരിൽ മൂന്നുപേർ – എഴുപതുകൾ പിന്നിട്ട ജയലക്ഷ്മി ടീച്ചറും, യോഗ ടീച്ചറായ ക്ലാരമ്മയും, പിന്നെ 12 വയസ്സുകാരനായ ഐവാനുമായിരുന്നു. തിരുവനന്തപുരത്തുനിന്നും ഡൽഹി അവിടെ നിന്നും കാഠ്മണ്ഡു ത്രിഭുവൻദാസ് എയർപോർട്ടിലേയ്ക്ക് ഞങ്ങളുടെ സംഘം പറന്നിറങ്ങി. തുടർന്ന് റോയൽ സിങ്കി എന്ന ഹോട്ടലിലെത്തി. വിശ്രമിച്ച ശേഷം സ്വാമിജി സുപ്രധാനമായ യാത്രയെക്കുറിച്ച് വിശദമായ നിർദ്ദേ

## മാനസസരോവറിന്റെ തീരത്ത് ഒരു വീപ്പയിൽ കോരി നിറച്ചിരിക്കുന്ന തടാകത്തിലെ തണുത്ത ജലം ഞങ്ങളുടെ സഹായി നേപ്പാളി ഷർപ്പ ബക്കറ്റിൽ മുക്കി ഓരോരുത്തരുടെയും തലയിലൂടെ ഒഴിച്ചു തന്നു. കയ്പും മധുരവും എന്നു തോന്നിയ ആ സന്ദർഭത്തിൽ യാത്രികർ വികാരാധീനരായി... എനിക്കും കരച്ചിലടക്കാനായില്ല.

ശങ്ങൾ നൽകി. ഓരോ യാത്രികർക്കും ഓരോ രുദ്രാക്ഷം സ്വാമിജി സമ്മാനിച്ചു. പിറ്റേന്ന്, വെളുപ്പിന് കാഠ്മണ്ഡു എയർപോർട്ടിൽ ഞങ്ങൾ മൗണ്ട് എവറസ്റ്റ് കാണുന്നതിനായി പുറപ്പെട്ടു. നല്ല മഴ പെയ്തതിനാൽ ഒരു മണിക്കൂർ കാത്തിരുന്ന് ഒടുവിൽ സ്വകാര്യ എയർലൈൻസിന്റെ ഫ്ളൈറ്റി ൽ കയറി പറന്നുയർന്നു. മനോഹരമായ കാഴ്ചയായിരുന്നു അത്! വാക്കുകളാൽ വിവരിക്കാനാവില്ല, ഫ്ളൈറ്റിന്റെ കോക്പിറ്റിൽ ഓരോരുത്തരായി മാറി മാറി ആ കാഴ്ച ആസ്വദിച്ചു. പൈലറ്റിന്റെ വിവരണവും ഒപ്പമുണ്ടായി. എല്ലാവർക്കും അവരുടെ വക സർട്ടിഫിക്കറ്റും സമ്മാനിക്കപ്പെട്ടു. അടുത്ത ദിവസം രാവിലെ നേപ്പാളിലെ പ്രശസ്തമായ പശുപതിനാഥക്ഷേത്രം ഞങ്ങൾ സന്ദർശിച്ചു. ആയിരക്കണക്കിന് ആളുകൾ ദർശനത്തിന് തിക്കിത്തിരക്കുന്നു. ദർശനം ഭംഗിയായി നടന്നു. സ്വാമിജിയുടെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തി. കൈലാസ യാത്രയ്ക്ക് ഞങ്ങൾ മാനസികമായി തയ്യാറെടുത്തു.

കാഠ്മണ്ഡുവിൽ നിന്നും രാവിലെ 8 മണിയ്ക്ക് ഞങ്ങൾ പുറപ്പെട്ടു. ടിബറ്റിലെ കെയ്റൂങ്ങ് എന്ന അടുത്ത പോയിന്റിലേയ്ക്ക് ആയിരുന്നു യാത്ര. ആ യാത്ര അതികഠിനമായിരുന്നു. ഇടയ്ക്കിടെ മണ്ണിടിഞ്ഞും പാറക്കൂട്ടങ്ങൾ വീണും വഴി തടസ്സം ഉണ്ടായി. ഒരു വലിയ മല കയറി ഇറങ്ങി വേണം കെയ്റൂങ്ങിൽ എത്താൻ. ജീവൻ കൈയ്യിൽ പിടിച്ചായിരുന്നു യാത്ര. മണ്ണിടിച്ചിൽ വരുമ്പോൾ ജെസിബി വന്ന് മണ്ണ് മാറ്റി യാത്ര തുടരും. ഒടുവിൽ ടിബറ്റിനെയും നേപ്പാളിന്റെയും ബോർഡറിൽ ഉള്ള ചൈന ചെക്ക്പോസ്റ്റിൽ ഞങ്ങളെത്തി. ഞങ്ങളുടെ യാത്രാ ഗ്രൂപ്പിൽ രണ്ട് ജർമ്മൻ പൗരൻമാരും രണ്ട് അമേരിക്കൻ പൗരൻമാരും ഉണ്ടായിരുന്നു. ഞങ്ങൾ വരിവരിയായി പാസ്പോർട്ട് പരിശോധനയ്ക്കായി നിന്നു. റൂട്ട് പെർമിറ്റ് കിട്ടാത്തതിനാൽ ആ നാലുപേർക്ക് ഞങ്ങളോടൊപ്പം ബോർഡർ കടക്കാനായില്ല. അവരെ നേപ്പാളിൽ തങ്ങാൻ അനുവദിച്ച് ഞങ്ങൾ 48 പേർ യാത്ര തുടർന്നു. ചെക്കിംഗ് കടന്ന് ചൈനക്കാരൻ ഡ്രൈവറായ എ.സി. ബസിൽ ഞങ്ങൾ കെയ്റൂങ്ങിൽ എത്തി. അവിടെ രണ്ട് ദിവസം തങ്ങി. കഠിനമായ യാത്രകളിൽ ഒരു പുതിയ കാലാവസ്ഥയുമായി താദാത്മ്യം പ്രാപിക്കുന്നതിനു വേണ്ടിയാണ് അങ്ങനെ തങ്ങിയത്. ഞങ്ങൾ സ്വാമിയോടൊപ്പം അതിരാവിലെ എണീറ്റ് പല വ്യായാമങ്ങളും ചെയ്തു. നേപ്പാളിൽ കുടുങ്ങിയ നാല് പേരും ഗൈഡ് മോഹനും ഞങ്ങളോടൊപ്പം ചേർന്നു.

പിറ്റേന്ന്, വെളുപ്പിന് സാഗ എന്ന അടുത്ത ഹാൾട്ടിംഗ് പോയിന്റിലേയ്ക്ക് തിരിച്ചു. നേപ്പാളിയായ മോഹൻ എന്ന ഗൈഡ് 17 വയസ്സു മാത്രമുള്ള ഒരു ചുണക്കുട്ടി ആയിരുന്നു. സമുദ്രനിരപ്പിൽ നിന്നും ഏകദേശം 15000 അടി ഉയരെയാണ് സാഗ. ടിബറ്റൻ പീഠഭൂമിയിലൂടെയുള്ള നീണ്ട ആറുമണിക്കൂർ യാത്രക്കൊ



ടുവിൽ ഞങ്ങൾ സാഗയിലെത്തി. ആ ദീർഘ യാത്രയിൽ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നത് ഒരു പ്രശ്നം തന്നെയായിരുന്നു. മറ്റു മാർഗ്ഗമില്ല ഓപ്പൺ ടോയ്‌ലറ്റ്സ് അഥവാ പബ്ലിക് ടോയ്‌ലറ്റ്സ് എന്ന ഓമനപ്പേര്! ഉയർന്ന റോഡിന്റെ ഒരു ഭാഗത്ത് സ്ത്രീകളും മറുഭാഗത്ത് പുരുഷൻമാരും! അതൊരു വേറിട്ട അനുഭവം തന്നെയായിരുന്നു. വൈകിട്ട് ഏഴു മണിയ്ക്ക് യാത്ര അവസാനിച്ചു. മനോഹരമായ ആകാശ നീലിമ ടിബറ്റിലെ കാഴ്ചകളിൽ എടുത്തു പറയേണ്ടത് തന്നെ! ഞങ്ങളുടെ ഒപ്പം ഉണ്ടായിരുന്ന ഫോട്ടോഗ്രാഫർ ബസ്സിലിരുന്ന് മനോഹരമായ ആകാശക്കാഴ്ചകൾ പകർത്തുന്നുണ്ടായിരുന്നു. സാഗയിൽ നിന്ന് മാനസ സരോവറിലേയ്ക്കുള്ള യാത്ര വളരെ മനോഹരമായിരുന്നു. പ്രകൃതി മനോഹരി തന്നെ! സാഗയിൽ നിന്നും ആറുമണിക്കൂർ പിന്നിട്ട് ബസ്സ് ഒരു വളവ് തിരിഞ്ഞതും ദൂരെ കൈലാസം പ്രത്യക്ഷപ്പെട്ടു. ഞങ്ങൾ അവിടെ ഇറങ്ങി. സ്വാമിജി പ്രത്യേക പ്രഭാഷണവും നടത്തി. എല്ലാവരും ഉത്സാഹഭരിതരായിരുന്നു.

മാനസസരോവർ ലോകത്തിലെ തന്നെ ഏറ്റവും വലിയ ശുദ്ധജല തടാകമാണ്. സമുദ്രനിരപ്പിൽ നിന്ന് 15,000 അടി ഉയരത്തിൽ 96



കിലോമീറ്റർ ചുറ്റളവിൽ ആണിത് സ്ഥിതി ചെയ്യുന്നത്. മലിനമാക്കപ്പെടാതിരിക്കാൻ അതിലെ മുങ്ങിക്കുളി ചൈന വിലക്കിയിട്ടുണ്ട്. ബസ് മാനസസരോവർ തീരത്ത് നിറുത്തി. തെർമൽ വെയർ സ്വെറ്ററും റെയിൻകോട്ടിനും ഇടയിലൂടെ തണുപ്പ് അരിച്ചു കയറിക്കൊണ്ടിരുന്നു. എനിക്ക് ശ്വാസതടസ്സം ഉണ്ടായതുപോലെ തോന്നി. ചിലർക്കെങ്കിലും മൂക്കടഞ്ഞ് വല്ലാത്ത അവസ്ഥ. ഹൈ ആൾറ്റിട്യൂഡിൽ ഓക്സിജൻ കുറയുമ്പോഴുള്ള അവസ്ഥയിൽ ശ്വാസം എടുക്കുന്നതിന് ബുദ്ധിമുട്ട് പലർക്കുമുണ്ടായി. മാനസസരോവറിന്റെ തീരത്ത് ഒരു വീപ്പയിൽ കോരി നിറച്ചിരിക്കുന്ന തടാകത്തിലെ തണുത്ത ജലം ഞങ്ങളുടെ സഹായി നേപ്പാളി ഷർപ്പ ബക്കറ്റിൽ മുക്കി ഓരോരുത്തരുടെയും തലയിലൂടെ ഒഴിച്ചു തന്നു. കയ്പും മധുരവും എന്നു തോന്നിയ ആ സന്ദർഭത്തിൽ യാത്രികർ വികാരാധീനരായി....... എനിക്കും കരച്ചിലടക്കാനായില്ല. കരയണ്ടാ എന്ന് മുറി ഹിന്ദിയിൽ സഹായിയായിരുന്ന ഷെർപ്പ പറഞ്ഞത് ഞാനിപ്പോഴും ഓർക്കുന്നു.... തീരത്ത് താൽക്കാലികമായി കെട്ടി ഉണ്ടാക്കിയ ടെന്റുകളിൽ ഞങ്ങൾ നനഞ്ഞ വസ്ത്രം മാറ്റി മൃത്യുഞ്ജയഹോമത്തിൽ പങ്കെടുത്തു. സ്വാമിജിയുടെ ത്രയംബകംയജാമഹേ........ എന്നു തുടങ്ങുന്ന മന്ത്രം അലയടിക്കവേ അങ്ങു ദൂരെ കൈലാസ പർവ്വതം തെളിഞ്ഞു. എല്ലാവർക്കും ആനന്ദം തോന്നി. എല്ലാവരും പ്രാർത്ഥനാനിരതരായി. ആ ദിവസം അവിടെ ഞങ്ങൾ തങ്ങി.

സൂര്യകിരണങ്ങളാൽ ചുംബിച്ച നനുത്ത ഒരു പുതിയ പ്രഭാതം! ഇന്നത്തെ ദിവസത്തിലെ യാത്ര കൈലാസ പരിക്രമയാണ്. കൈലാസത്തെ വലം വയ്ക്കുന്നതാണ് കൈലാസപരിക്രമ. മൂന്ന് ഘട്ടങ്ങളിൽ മൂന്ന് ദിവസമായി ചെയ്യുന്നതാണ്. ആദ്യ ദിവസം 20 കിലോമീറ്റർ, രണ്ടാം ദിവസം 18 കി.മീ, മൂന്നാം ദിവസം 14 കി.മീ. കുതിരയും കുതിരക്കാരനും ചൈനീസ് യുവാൻ കൊടുത്താൽ നമുക്ക് കൂടെ കൂട്ടാം! അല്ലാത്തവർക്ക് ഒരു സഹായിയെ കിട്ടും.

മാനസസരോവറിൽ നിന്ന് അടുത്ത പോയിന്റായ ദർച്ചനിലേക്ക് പുറപ്പെട്ടു. കൈലാസ പരിക്രമയുടെ ബേസ് ക്യാമ്പാണ് ദർച്ചൻ. കാഠ്മണ്ഡു, കെയ്റൂങ്ങ്, സാഗ, മാനസസരോ

വർ, ദർച്ചൻ എന്നീ സ്ഥലങ്ങളിൽ തങ്ങി ആ കാലാവസ്ഥയുമായി ശരീരത്തെയും മനസ്സിനേയും പാകപ്പെടുത്തി പടിപടിയായി വേണ്ട യാത്ര. നമുക്ക് തീർത്തും അപരിചിതമായ വസ്ത്രധാരണം, ബഹിരാകാശ യാത്രികരുടെ വേഷം പോലെ തോന്നും. ബസ്സിൽ അരമണിക്കൂർ പിന്നിട്ട് യമദ്വാർ എന്ന സ്ഥലത്തെത്തി. ആദ്യ പരിക്രമ 20 കി.മീ ചുറ്റും മലകൾ. കുതിരപ്പുറത്ത് കേറിയ സാഹസം പറയാവതല്ല. രണ്ട് ആപ്പിൾ, ചപ്പാത്തി, ഫ്രൂട്ടി, വെള്ളം ഇവയടങ്ങിയ പൊതി, കുടിവെള്ളം ഒക്കെ ബാഗിലാക്കി സഹായിയുടെ തോളിൽ. ഒരു വിധം കുതിരപ്പുറത്ത് വലിഞ്ഞു കയറി സമ്മിശ്രവികാരങ്ങളോടെ യാത്ര തുടങ്ങി. സ്റ്റാമിന കൊണ്ടൊന്നും യാതൊരു പ്രയോജനവുമില്ലെന്ന് മനസ്സിലാവും. ഈശ്വരനെന്ന സഹയാത്രികൻ യാത്രയിലുടനീളം ഇടക്ക് സഹായവുമായി വരും തീർച്ച! അതാണ് നമുക്ക് രക്ഷയും! പരിക്രമയുടെ അവസാനം വരെ വലത് ഭാഗത്ത് കൈലാസം കാണാം. നടന്നു പോകുന്ന നേപ്പാളികൾ. സ്ത്രീകൾ - പുറത്ത് ഒരു ബാഗുമായി ഇടയ്ക്കിടെ ദണ്ഡനമസ്കാരം ചെയ്ത് ചെയ്താണ് നടക്കുക. കുതിരപ്പുറത്ത് യാത്ര തുടർന്നു. ഇടയ്ക്ക് അതിഭയങ്കരമായ മഴ, പിന്നെ ഒരിടത്ത് ഹാൾട്ട്, കുതിരയ്ക്ക് ഭക്ഷണത്തിനായി നിറുത്തി. ഒരു ടെന്റിലെ ചായക്കട ആ കൊടുംതണുപ്പിൽ ചൂട് ചായ കുടിക്കുന്നത് തെല്ലൊരാശ്വാസമായി. വീണ്ടും കുതിരപ്പുറത്തേയ്ക്ക് കയറി. അതൊരു പരീക്ഷണം തന്നെ! എങ്ങനെ ഞാൻ കുതിരമേൽ കയറി എന്നത് ചിന്ത്യം! ഇടയ്ക്ക് കുതിരയെയും മാറി. സഹയാത്രികയായ അംബിക കയറിയ കുതിരയെ എനിക്കും എന്റെ കുതിരയെ അംബികയ്ക്കും കൊടുത്തു. ഒടുവിൽ ആ കൈലാസത്തിന്റെ കാൽച്ചുവട്ടിൽ ഞാനെത്തി!! നല്ല കറുപ്പ് നിറത്തിൽ മഞ്ഞ് ഒലിച്ച് ഇറങ്ങി കൈലാസപർവ്വതം തലയുയർത്തി നിൽക്കുന്നു. കുറേപേർ അടുത്ത് പോയി നിന്നു. ശ്വാസം മുട്ടുന്ന പോലെ...... വല്ലാത്ത നടുവേദന, അസ്വസ്ഥത, തീരെ സൗകര്യമില്ലാത്ത തടിക്കട്ടിലിൽ അസ്വസ്ഥതയോടെ കിടന്നു. ആ രാത്രിയിൽ പതിവു മീറ്റിങ്ങിൽ അടുത്ത ദിവസത്തെ പരിക്രമയ്ക്ക് വരാത്തവരുടെ ഒപ്പം ഞാനും കൈയുയർത്തി! ഈശ്വരൻ തോന്നിപ്പിച്ചതെന്നേ ഞാൻ പറയൂ..... ശ്വാസതടസ്സമോ അസ്വസ്ഥതയോ ഉണ്ടായാലുള്ള അവസ്ഥ മുൻകൂട്ടി കണ്ടു ഞാനും ജാസ്മിൻ ചേച്ചിയും അടുത്ത ദിവസത്തെ പരിക്രമയ്ക്ക് പോകുന്നില്ല എന്ന് തീരുമാനിച്ചു. ദൈവനിശ്ചയം!



അത്രയ്ക്ക് അവശത തോന്നിയിരുന്നു.

അടുത്ത ദിവസത്തെ പരിക്രമ ചെയ്യേണ്ട വർ അങ്ങനെ യാത്ര തുടർന്നു. ഞങ്ങൾ തിരിച്ച് ഹോട്ടൽ മുറിയിലേയ്ക്ക് വന്നു. അപ്പോൾ ശരിക്കും ഒന്നും തോന്നിയില്ല. പരിക്രമ പൂർത്തീകരിക്കണമെന്നും വിചാരിച്ചില്ല. ശാരീരിക അസ്വസ്ഥതകൾ കൂടിയാലെന്ത് ചെയ്യും തനിച്ചാണല്ലോ വീട്ടുകാർ ഇല്ലാ, ആശുപത്രികളിലെത്താൻ അധികദൂരവും വാഹനസൗകര്യവും കുറവ്. 52 പേരിൽ 35 പേർ മുഴുവൻ പരിക്രമയും പൂർത്തിയാക്കി. ഒന്നാമത്തെ പരിക്രമയ്ക്ക് വരാൻ പറ്റാതെ അസുഖം പിടിപെട്ട് ബേസ് ക്യാമ്പിൽ കുടുങ്ങിയവരും ഉണ്ടായിരുന്നു. ജീപ്പിൽ ഞങ്ങൾ ബേസ് ക്യാമ്പിലെത്തി വിശ്രമിച്ചു. രണ്ടാമത്തെ പരിക്രമ ഏറ്റവും ദുർഘടമായിട്ടുള്ളതാണെന്ന് അനുഭവസ്ഥർ പറഞ്ഞു. ഉരുളൻ കല്ലുകളിൽ കൂടി കുതിരപ്പുറത്തുള്ള യാത്ര ഏറെ ദുഷ്കരമാണ്. ഏറ്റവും ഉയരം കൂടിയ ഡോൾമാ-ലാ പാസ് രണ്ടാമത്തെ പരിക്രമയിൽ കടക്കണം. സമുദ്രനിരപ്പിൽ നിന്ന് 15,900 അടി ഉയരെയാണ് ഡോൾമാ-ലാപാസ്. പാർവ്വതി നീരാടി എന്ന് വിശ്വസിക്കുന്ന ഗൗരീകുണ്ട് ഇവിടെയാണ്.

ഞങ്ങൾ ജീപ്പിൽ തിരിച്ച് ദർച്ചനിലെ ബേസ് ക്യാമ്പിലെത്തി വിശ്രമിച്ചു. മൂന്നാമത്തെ പരിക്രമയും വിജയകരമായി പൂർത്തിയാക്കി ബാക്കിയുള്ളവരും ദർച്ചനിലെത്തി. പരിക്രമ പൂർത്തിയാക്കിയതിന്റെ സന്തോഷം അവർ ഞങ്ങളുമായി പങ്കുവെച്ചു. എല്ലാവരും സുരക്ഷിതരായിരുന്നു. പിന്നീട് യാത്രികർ എല്ലാവരും ഒരുമിച്ച് സാഗയിലേയ്ക്ക് മടക്കായാത്ര ആരംഭിച്ചു. സാഗയിലേയ്ക്കുള്ള റോഡ് ചെളിക്കുളമായിരുന്നു. ചാറ്റൽ മഴയും! ബസ് പലവട്ടം ചെളിയിൽ താഴ്ന്നു. പിന്നെ ചൈനാക്കാരൻ ഡ്രൈവറുടെ ശ്രമഫലമായി ഞങ്ങൾ ഒരു വിധം കെയ്റൂങ്ങിലെത്തി. കെയ്റൂങ്ങിൽ നിന്നും ചൈനാ ബോർഡറിലേയ്ക്ക് തിരിച്ചു. അവിടെ നിന്നു കാഠ്മണ്ഡുവിലേയ്ക്ക്. അവിടുത്തെ പ്രശസ്തമായ ശങ്കർ ഹോട്ടലിലെത്തി. രാജകീയമായിരുന്നു അവിടുത്തെ താമസം. അവിടെ നിന്നും കാഠ്മണ്ഡു എയർപോർട്ടിലേയ്ക്ക്. തിരിച്ച് തിരുവനന്തപുരത്തേയ്ക്ക് പറന്നു. മഴയും പ്രളയവുമായിരുന്നു നാട്ടിൽ ആ സമയം.

**എന്താണ് എനിക്ക് കൈലാസ യാത്ര പകർന്നു തന്നത്? തികച്ചും എന്റെ മനസ്സ് ശൂന്യമായിരുന്നു. എന്നാൽ, എന്തോ വല്ലാത്ത ആനന്ദം, നിർവൃതി ഒക്കെ അനുഭവവേദ്യമാവുകയും ചെയ്തു.**

എന്താണ് എനിക്ക് കൈലാസ യാത്ര പകർന്നു തന്നത്? തികച്ചും എന്റെ മനസ്സ് ശൂന്യമായിരുന്നു. എന്നാൽ, എന്തോ വല്ലാത്ത ആനന്ദം, നിർവൃതി ഒക്കെ അനുഭവവേദ്യമാവുകയും ചെയ്തു. പ്രകൃതിയെ അറിയുക, അതുമായി സമരസപ്പെട്ട് ജീവിക്കുക, പിന്നെ ഏതു പ്രതികൂല പരിതസ്ഥിതിയെയും അതിജീവിക്കാനാവുക, പൂർവ്വസൂരികളുടെ പുണ്യം കാരണം ആണ് എനിക്ക് ഈ മഹായാത്രയ്ക്ക് തരപ്പെട്ടത്! മാനസസരോവറിൽ നിന്നുള്ള വെള്ളം കുപ്പിയിലാക്കി, സ്വാമിജി തന്ന രുദ്രാക്ഷമാലയും ഞാൻ തിരിച്ചു വന്നശേഷം എന്റെ അമ്മയ്ക്ക് സമ്മാനിച്ചു. അമ്മയ്ക്ക് സന്തോഷമായി. അപ്പോഴാണ് ആ യാത്രയുടെ പൂർണ്ണത എനിക്ക് ബോധ്യപ്പെട്ടത്! എന്റെ അഭാവത്തിൽ പതിനഞ്ച് ദിവസത്തോളം അച്ഛനും മക്കളും വീട് പരിപാലിച്ചു. അടുക്കളയിൽ പാചകം ഗംഭീരമാക്കി. അതും എനിക്ക് ആശ്വാസം തോന്നി. അഹം എന്ന ഭാവം ഇല്ലാതായിത്തീരുന്ന ഒരു യാത്ര തന്നെയായിരുന്നു അത്. മനുഷ്യൻ എത്ര നിസ്സാരൻ! പ്രകൃതി തന്നെയാണ് എല്ലാം എന്ന സത്യം എനിക്ക് ബോധ്യപ്പെട്ടു. ●

**ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ ശബ്ദമില്ലാത്തവർ എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ കവിത മത്സരത്തിൽ ഒന്നാം സ്ഥാനത്തിന് അർഹമായത്.**

# കൊളാഷ്



**ബിജു ഡേവിഡ് ജോൺസ്**
ക്ളറിക്കൽ അസിസ്റ്റന്റ്

കൊട്ടിക്കലാശങ്ങളുടെ
ആളാരവങ്ങൾക്കിടയിൽപ്പെട്ടുഴറുമ്പോൾ
നിശബ്ദനാവുക!

അന്തിക്കള്ളുമോന്തികുടിലെത്തും
കെട്ടിയോന്റെ പരാക്രമങ്ങൾക്കിടയിൽ-നീ
നിശബ്ദയാവുക!

തെരുവിൻ ഇരുൾ മറവിൽ
ദേഹക്കച്ചവടം ഉപാധിയാക്കുമ്പോൾ-നീ
നിശബ്ദനാവുക!

നാടുമാറീട്ടും മാറാത്ത, മാറ്റാത്ത
ജാതിഭ്രഷ്ടുകൾക്കിടയിൽ-നീ
നിശബ്ദനാവുക!

വിശ്വാസപ്പെരുമകളുടെ ആഘോഷങ്ങളിൽ
സംഘർഷപ്പെരുമഴയിൽ-നീ
നിശബ്ദനാവുക!



വിലയില്ലാത്തജീവിതക്കാഴ്ചകളിൽ
വില്പനച്ചരക്കാക്കപ്പെടുമ്പോൾ-നീ
നിശബ്ദയാവുക!

കൂപ്പുകുത്തുന്ന ഓഹരിക്കമ്പോളത്തിന്റെ
ലാഭനഷ്ടങ്ങളിൽ-നീ
നിശബ്ദനാവുക!

ഒളികണ്ണുകൾ ചോർത്തുന്ന നിന്റെ നഗ്നത
വെളിപ്പുറങ്ങളിൽ
ആഘോഷമാക്കപ്പെടുമ്പോൾ - നീ
നിശബ്ദയാവുക!

പൗരത്വവും പൗരുഷ്യവും
അന്യമാക്കപ്പെടുമ്പോൾ-നീ
നിശബ്ദനാവുക!

കുന്നുകളിടിയുമ്പോൾ...
പുഴകൾ മരിക്കുമ്പോൾ....
മഴക്കാടുകൾ വെന്തുരുകുമ്പോൾ....
അച്ഛൻ മകളെ പ്രാപിക്കുമ്പോൾ
പ്രണയം തീയാളുമ്പോൾ.....
ബാല്യവും വാർദ്ധക്യവും
തെരുവിലാവുമ്പോൾ.....
നിശബ്ദനാവുക.......നിശബ്ദയാവുക!

ശബ്ദമില്ലാത്തോർ നമ്മൾ
ശബ്ദിച്ചാലപശബ്ദമായിടാം ഇനി
നിശബ്ദരാകാം......
കാലം കാത്തുവെച്ചൊരു വിധിക്കായി
കാത്തിരിക്കാം.....

ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കഥ മത്സരത്തിൽ ഒന്നാം സ്ഥാനത്തിന് അർഹമായത്.

# സാധ്യതകൾ

**ശ്രീവിദ്യ എസ്.**
അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ



അലാറത്തിന്റെ ഒച്ച അവ്യക്തതയിൽനിന്ന് വേർപ്പെട്ട നിമിഷം എണീറ്റ് കിടക്ക നേരയാക്കി കണ്ണാടിക്കു മുൻപിൽ നിന്നപ്പോൾ അല്പം ആശ്വാസം തോന്നി. പൊന്തിനിന്ന മുഖക്കുരുക്കളി ലൊരെണ്ണം അല്പം വറ്റിയിട്ടുണ്ട്. അടുക്കളയിൽ അമ്മ-സാവിത്രി രാജീവന്റെ കവിതയിലെ തേഞ്ഞുതീരുന്ന ഉപകരണമാണെന്നു തോന്നിപ്പിക്കുന്നു. നേരത്തെ എണീക്കാത്തതിൽ കുറ്റബോധം തോന്നി. കടപ്പുറത്ത് പോകുമ്പോൾ കൂട്ടുകാർക്കെല്ലാം പറയാൻ പുതുമയുള്ള വിശേഷങ്ങൾ. പ്രണയമറിയാത്ത - പതിനെട്ടുകാരൻ എന്തുപറയാൻ? ഇട്ട പുതിയ കുപ്പായത്തിലെ പൊട്ടിയ അവസാന ഹുക്ക് ഉണ്ണിക്കുടവയറിനെ കുറ്റം പറയുന്നു. ചിരിതോന്നി. നിറമില്ല ആകെ ഇരുളിമ. "യാതൊരു ചുണയുമില്ലാത്ത - ചെക്കൻ എന്തെങ്കിലും ചെയ്താൽ വിശേഷം തന്നെ" പുച്ഛിക്കാൻ മാത്രം അറിയാവുന്ന പൊങ്ങച്ചക്കാരൻ അച്ഛൻ മുറ്റത്ത് തകർക്കുന്നു. അച്ഛന് എല്ലാപേരും പേപ്പർകപ്പായിരുന്നു. 'Use and throw' അങ്ങനെ അച്ഛൻ വലിച്ചെറിഞ്ഞ കപ്പുകളുടെ എണ്ണം ദിനംപ്രതി കൂടിവന്നു. എവിടെ മുറിച്ചാലും കൂടിച്ചേരുന്ന അമ്മ എല്ലാത്തിലും സാധ്യതകളെ തേടിയിരുന്നു. അമ്മയുടെ ഉത്സാഹത്തിന്റെ കാരണങ്ങൾ പലപ്പോഴും ചോദിച്ചിട്ടുണ്ട്. ഒറ്റ ഉത്തരം മാത്രമേ അമ്മ പറയൂ....... "വറ്റാത്ത പ്രണയം എല്ലാറ്റിനോടും മഴയോടും കാറ്റിനോടും, പൂവിനോടും

വരെ'' അന്ന് അത്ഭുതം തോന്നി. ഒരു വെളിച്ചവും വരാത്ത ഇരുളൻ ഗ്രഹത്തിൽ അമ്മ പ്രകാശം കണ്ടെത്തുന്ന വഴികളോർത്ത്. ''അഭീ'' നിനക്ക് പോകണ്ടെ? അമ്മ കുശലവുമായെത്തുമ്പോൾ ചിന്തകളെ മടക്കി കീശയിലാക്കി. പുറത്ത് കുറച്ച് ദിവസമായി പെയ്യുന്ന മഴ...... ടെലിവിഷനിലും മൊബൈലിലും നിറയുന്ന മഴക്കാഴ്ചകൾ ദുരിതങ്ങൾ, സങ്കടങ്ങൾ കയറിൽ പുതുപ്രാണനുമായി ഉയർന്നുപൊങ്ങുന്ന പെൺമുഖം സങ്കടം തോന്നി സന്ദീപാണ് പറഞ്ഞത് നമുക്ക് ക്യാമ്പിൽ പോകണം. അത്യാവശ്യ സാധനങ്ങൾ എത്തിക്കണം. വളരെപ്പെട്ടെന്ന് റെഡിയായി ആവിപറക്കുന്ന ചായ മോന്തിക്കുടിച്ച് പുറപ്പെട്ടു.

പടർന്നു ചെന്ന് ഭ്രാന്തമായി -കയറിയ മഴ പ്രണയഭാവം-വെടിഞ്ഞ് ഭ്രാന്തിയാകുന്ന കാഴ്ചകൾ. ദൈന്യതകൾക്കെല്ലാം ഒരേ മുഖം വരുന്ന നിമിഷങ്ങൾ. മഴ നിത്യയുവതിയും, പ്രണയിനിയു മാണെന്ന് പറഞ്ഞവരോടെല്ലാം വെറുപ്പ് തോന്നി. മുണ്ട് മടക്കിയുടുത്ത് ഓടി നടന്നു. കൂടിയ കുപ്പായമിട്ട കുഞ്ഞും ചേരിയിലെ തോഴനുമായി കൈകോർത്തിരിക്കുന്നു. പ്രതീക്ഷ നശിച്ച പ്രായമേറിയ മുഖങ്ങൾ! ഇടയിലെവിടെയോ ഒരു പെൺകുട്ടി സ്ത്രീയുടെ മാത്രം പ്രശ്നത്തിന് പരിഹാരം ചോദിച്ചു. ആദ്യം ഒരു പരുങ്ങലായിരുന്നു. പിന്നീട് അതുമായി ചെല്ലുമ്പോൾ കരുത്ത് തോന്നി. അമ്മയുള്ള പെങ്ങളുള്ളവന്റെ ധീരത. അവൾ ശബ്ദം താഴ്ത്തി പേരു ചോദിച്ചു. ഇട്ടിരിക്കുന്ന നിറം മങ്ങിയ വസ്ത്രത്തിനപ്പുറം ഒന്നുമവൾക്കില്ലെന്നു തോന്നി....... പക്ഷെ കണ്ണുകളിൽ വറ്റാത്ത പ്രണയവും നിഷ്കളങ്കതയും ആവോളമുണ്ടായിരുന്നു. അഭിനന്ദ്. അഭിയെന്ന് വിളിക്കും. പറഞ്ഞ നിമിഷം താൻ മറ്റൊരാളായി മാറി പേര്? അല്പം ദൃഢതയോടെ ചോദിച്ചു. അളകനന്ദ........ 'നന്ദ'യെന്ന് വിളിക്കും. ഒരു കുസൃതിയോടെ ചോദിച്ചു അപ്പോൾ രണ്ടാളും ഒന്നാണ് അല്ലേ? മനസ്സിലാകാതെ അവൾ ചിരിച്ചു. ''അഭിയും'' 'നന്ദയും'........ 'അഭിനന്ദ.'' വറ്റാത്ത പ്രകൃതിയും പുരുഷനുമാണ് മഴ കണ്ടെത്തിയതെന്ന തിരിച്ചറിവിൽ പരിസരം മറന്നിരിക്കുമ്പോൾ നനുത്ത മഴ പെയ്തൊഴിയുകയായിരുന്നു....... സോളമന്റെ ഗീതം പോലെ. ●





# കേരളീയ കുടുംബവ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ



**രാജീവ്. വി**
ഇൻഫർമേഷൻ അസിസ്റ്റന്റ്

നമ്മുടെ സമൂഹത്തിലെ ഏറ്റവും ചെറിയ യൂണിറ്റാണ് കുടുംബങ്ങൾ. നമ്മുടെ കുടുംബ വ്യവസ്ഥയ്ക്ക് ഏൽക്കുന്ന ഏതു വെല്ലുവിളികളും ആത്യന്തികമായി ബാധിക്കുക നമ്മുടെ സംസ്ഥാനത്തെയും രാജ്യത്തെയുമാണ്. മനുഷ്യ വിഭവശേഷി യാൽ സമ്പന്നമായ നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് മൂന്നരക്കോടി ജനസംഖ്യയാണുള്ളത്. നമ്മുടെ സാമ്പത്തികാവസ്ഥയെ ഒരു

പരിധി വരെ താങ്ങി നിർത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്ന മനുഷ്യ വിഭവശേഷിയുടെ കൃത്യമായ വിനിയോഗം വളരെ വെല്ലുവിളി നിറഞ്ഞതായിരിക്കുന്നു. കാരണം കേരളം അനുഭവിക്കുന്ന തൊഴിലില്ലായ്മ തന്നെ.

ഏതാണ്ട് ഇരുപത്താറ് ലക്ഷത്തോളം പേർക്ക് തൊഴിലില്ല എന്നുള്ളത് വികസിച്ചു കൊണ്ടിരിക്കുന്ന ഒരു സമൂഹത്തെ സംബന്ധി ച്ചിടത്തോളം ദുഃഖകരമാണ്. കുടുംബ ബന്ധ ങ്ങളുടെ ഇഴയടുപ്പത്തെ വലിയതോതിൽ ബാധിയ്ക്കുന്ന തൊഴിലില്ലായ്മക്കെതിരെ ശക്തമായ പ്രതിരോധം ആവശ്യമാണ്. സ്ത്രീ വിദ്യാഭ്യാസത്തിൽ മുന്നിൽ നിൽക്കുന്ന നമ്മു ടെ നാട്ടിൽ പ്രൊഫഷണൽ ബിരുദധാരികൾ പോലും തൊഴിലില്ലായ്മയുടെ ഇരകളായി മാറിയിരിക്കുന്നു.

ആധുനിക സമൂഹത്തിന് ഒഴിവാക്കാ നാകാത്ത ഒന്നാണ് പ്രവാസം. ലക്ഷങ്ങൾ നമ്മുടെ സമൂഹത്തിൽ നിന്നും പ്രവാസി കളായി അന്യദേശങ്ങളിൽ തൊഴിൽചെയ്ത് ജീവിക്കുന്നു. നമ്മുടെ കുടുംബ ബന്ധങ്ങളെ ഒരു പരിധിവരെ ശക്തമായി ബാധിക്കുന്ന താണ് പ്രവാസികളുമായി ബന്ധപ്പെട്ട വിഷയ ങ്ങൾ. ആൾത്താമസമില്ലാത്ത വലിയ വീടുകൾ നമ്മുടെ സമൂഹത്തിൽ ഒരു നോക്കുക്കുത്തി പ്പോലെ കാണപ്പെടുന്നു.

കൂട്ടുകുടുംബ വ്യവസ്ഥയിൽ ആദരണീയ മായ സ്ഥാനങ്ങൾ ലഭിച്ചിരുന്ന വയോജന ങ്ങളുടെ അവസ്ഥയും പഠനാർഹമാക്കേണ്ട താണ്. ആയുർദൈർഘ്യം ഏറി വരുന്നതോ ടൊപ്പം ഈ മേഖലയിൽ നിന്നുള്ള പ്രശ്ന ങ്ങളും ഏറി വരുന്നതായി നമുക്ക് മനസ്സി ലാക്കാം. വൃദ്ധസദനങ്ങളുടെ ആധിക്യം സൂചിപ്പിക്കുന്നത് നമ്മുടെ കുടുംബങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെയാണ്. പ്രായാധ്യകൃത്തിൽ വന്നുചേരുന്ന ഒറ്റപ്പെടലും അവഗണനയും ഒരിക്കലും നീതീകരിയ്ക്കാ നാവുന്നതല്ല. അടിയന്തിരമായി നമ്മുടെ സമൂഹത്തിന്റെ ശ്രദ്ധപതിയേണ്ട ഒരു വിഷയ

കുടുംബബന്ധങ്ങളുടെ നിലനിൽപ്പിനെ ബാധിയ്ക്കുന്ന ഒന്നായി സോഷ്യൽമീഡിയ മാറിയിരിക്കുന്നു. കർശനമായ നിയമങ്ങളിൽകൂടി (ഐ.ടി ആക്റ്റ്) ഇതിന് പരിഹാരം കാണാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. പക്ഷെ അതിനപ്പുറത്താണ് യാഥാർത്ഥ്യങ്ങൾ. സോഷ്യൽ മീഡിയ എങ്ങനെ ഫലപ്രദമായും ആരോഗ്യ പരമായും ഉപയോഗിക്കാം എന്നത് ഇപ്പോഴ ത്തെ പാഠ്യപദ്ധതിയിൽത്തന്നെ ഉൾപ്പെടുത്തിതുടങ്ങിയിരിക്കുന്നു എന്നത് നമ്മുടെ കുടുംബങ്ങൾക്ക് ആശ്വാസവാർത്തയാണ്.

മായി വയോജനസംരക്ഷണം മാറിയിരിക്കു ന്നു. അല്ലെങ്കിൽ അത് കുടുംബ വ്യവസ്ഥിതി യ്ക്ക് തന്നെ ദോഷകരമായി ഭവിക്കുകയും ചെയ്യും.


മൂന്നാമതായി ലഹരിവസ്തുക്കളുടെ അമിതമായ ഉപഭോഗം സമൂഹത്തെ കാർന്നു തിന്നുന്ന ഒരു ക്യാൻസറായി മാറിയിരിക്കുന്നു. മദ്യവും മയക്കു മരുന്നുകളും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ നമ്മുടെ കുടുംബ വ്യവസ്ഥിതി നേരിടുന്ന പ്രധാന സമസ്യകളിൽ ഒന്നാണ്. സർക്കാർ തലത്തിലും സന്നദ്ധ സംഘടനാ തലത്തിലും ഇതിനെതിരായ ഒരു അവബോധം വളർത്തിയെടുക്കാൻ സാധിച്ചാൽ മാത്രമേ നമ്മുടെ ഭാവിതലമുറയും കുടുംബങ്ങളും ഭദ്രമാകുകയുള്ളൂ. വർദ്ധിച്ചുവരുന്ന വിവാഹ മോചനക്കേസുകളിൽ പ്രതിസ്ഥാനത്ത്

61–ാം പേജിൽ



ഔദ്യോഗിക ഭാഷാ വകുപ്പുതലസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 2020 ലെ വായനാക്കുറിപ്പ് മത്സരത്തിൽ രണ്ടാം സ്ഥാന ത്തിന് അർഹമായത്

# ആരാച്ചാർ



**പ്രസാദ്. വി**
അമിനിറ്റീസ് അസിസ്റ്റന്റ്

2014-ലെ വയലാർ അവാർഡ് നേടിയ കൃതിയാണ് ആരാച്ചാർ. എന്നെ അത്ഭുതപ്പെടുത്തുകയും അമ്പരപ്പിക്കുകയും ചെയ്ത മലയാളത്തിലെ ചുരുക്കം ചില നോവലുകളിലൊന്നാണിത്. തികച്ചും വ്യതിരക്തമായ കവന വ്യക്തിത്വം വെളിപ്പെടുത്തിക്കൊണ്ട് സാഹിത്യ സഭയിലേക്ക് കടന്നുവന്ന എഴുത്തുകാരിയാണ് കെ. ആർ. മീര. സഹൃദയരെ വശീകരണത്തിന്റെ ഐന്ദ്രജാലികതയിലേക്ക് കൂട്ടികൊണ്ടു പോകാനും കഥയിൽ അന്തർലീനമായിരിക്കുന്ന സ്ത്രീപക്ഷ വീക്ഷണത്തോട് അഭേദ്യമായി അലിഞ്ഞു ചേരാനും തക്ക വീക്ഷണ മികവ് കഥാകാരി പ്രകടമാക്കുന്നുണ്ട്. ചരിത്രത്തിൽ ആദ്യമായി ആരാച്ചാരുടെ ജോലി ഏറ്റെടുക്കുന്ന ചേതനാഗൃദ്ധാമല്ലിക്ക് എന്ന ഇരുപത്തിരണ്ടുകാരിയുടെ ധീരതയും, പാരമ്പര്യം നിലനിറുത്താൻ അവൾ കാണിക്കുന്ന സൗമനസ്യവും, ദിവസങ്ങൾ കടന്നു പോകുമ്പോൾ ചേതനയുടെ അന്ത:സംഘർങ്ങളും, ചരിത്രവും സമാകാലികവുമായ വാർത്തകളും, ആഖ്യാനത്തിന്റെ വൈശിഷ്ട്യവും അനുവാചകർക്ക് ആരാച്ചാർ പ്രിയ പുസ്തകമായി മാറുന്നു.

ചരിത്രത്തിൽ ആദ്യമായി ആരാച്ചാരുടെ ജോലി ഏറ്റെടുക്കുന്ന ചേതനാഗൃദ്ധാമല്ലിക്ക് എന്ന ഇരുപത്തിരണ്ടുകാരിയുടെ ധീരതയും, പാരമ്പര്യം നിലനിറുത്താൻ അവൾ കാണിക്കുന്ന സൗമനസ്യവും, ദിവസങ്ങൾ കടന്നുപോകുമ്പോൾ ചേതനയുടെ അന്ത:സംഘർങ്ങളും, ചരിത്രവും സമാകാലികവുമായ വാർത്തകളും, ആഖ്യാനത്തിന്റെ വൈശിഷ്ട്യവും അനുവാചകർക്ക് ആരാച്ചാർ പ്രിയ പുസ്തകമായി മാറുന്നു.

ഭൂതകാലത്തെ സംബന്ധിക്കുന്ന വിവിധങ്ങളായ വികാരസങ്കീർണതകളും, സ്മരണകളും, ഭാവിയോട് ബന്ധപ്പെട്ട വിചാരവികാരങ്ങളും കൊണ്ട് ആരാച്ചാർ എന്ന നോവൽ കഥാഗതിക്ക് കോട്ടം തട്ടാതെ ആസ്വാദനത്തെ വിശിഷ്ടമായ ഒരു ഭാവതലത്തിൽ എത്തിക്കുന്നു. ഒരു മഹാക്ഷേത്രത്തിന്റെ ബൃഹത്തായ ശില്പഗോപുരത്തെയാണ് കെ.ആർ. മീരയുടെ കാലാതിവർത്തിയായ ഈ നോവൽ അനുസ്മരിപ്പിക്കുന്നത്.

ബംഗാളിലെ പശ്ചാലത്തിൽ വിരിഞ്ഞ മനോഹരമായ നോവലാണ് ആരാച്ചാർ. തൂക്കിലേറേണ്ടവനും ആരാച്ചാരും തങ്ങളിലുള്ള വൈകാരിക മുഹൂർത്തങ്ങൾ ശ്വാസം അടക്കിപ്പിടിച്ചുകൊണ്ടേ ഏതു വായനക്കാരനും പൂർത്തിയാക്കാനാകൂ. ഭൂമിയിൽ മരണത്തേക്കാൾ അനിശ്ചിതത്വം പ്രണയത്തിനു മാത്രമേയുള്ളു. ചേതനയുടെ പ്രണയത്തിന്റെ തീവ്രത അവൾ ഓരോ വാക്കിലും പ്രകടിപ്പിക്കുന്നുമുണ്ട്. സഞ്ജീവ്കുമാർ മിത്ര എന്ന വാർത്താചാനൽ പ്രവർത്തകനെ കണ്ടുമുട്ടുന്നതോടെ അവളിലെ പ്രണയത്തിന്റെ ഗഹനത നമുക്ക് മനസിലാക്കാൻ കഴിയുന്നു. സ്നേഹിക്കുന്ന പുരുഷൻ ഏൽപിക്കുന്ന മുറിവുകൾ ഉണങ്ങാറില്ല എന്ന പക്ഷക്കാരിയാണ് ചേതന.

ഭാര്യയേയും സഹോദരനേയും കൊലക്കത്തിക്കിരയാക്കിയ യദീന്ദ്രനാഥ ബാനർജിയെ തൂക്കി കൊല്ലുക എന്ന ചുമതലയാണ് ചേതനക്ക് ആദ്യമായി ഏറ്റെടുക്കേണ്ടി വന്നത്. എന്നാൽ ആ കർത്തവ്യം നിർവഹിക്കേണ്ടിവരുന്ന ഏതാനും ദിവസങ്ങളിലേക്ക് കഥാഗതി നിലയ്ക്കുമായിരുന്നു. ഇതിന് മാറ്റം വരുത്തിയത് ഭൂതകാല സംബന്ധിതമായ ചില ചരിത്ര സംഭവ വിവരണങ്ങളാണ്. ഇതിനിടെ തന്റെ പിതാവും ദൃശ്യമാധ്യമ സ്ഥാപനവും തമ്മിൽ നടന്ന കരാറനുസരിച്ച് ചേതനക്ക് ആ ചാനലിൽ അഭിമുഖം നടത്തേണ്ടി വരുന്നു. അതിനിടയിലുണ്ടാകുന്ന അനുരാഗബന്ധം അവളിലെ സ്നേഹ വിദ്വേഷങ്ങൾ അനുവാചകർക്ക് പുതിയൊരു അനുഭാവതലം സമ്മാനിക്കുന്നു,

ചരിത്രത്തിലെ പല സ്ത്രീ കഥാപാത്രങ്ങളും സാഹചര്യത്തിനനുസരിച്ച് ചേതനയുടെ ഓർമ്മകളിലൂടെ കടന്നുപോകുന്നുണ്ട്. പ്രോതിമാദീ, ഖാവന, ത്രൈലോക്യദേവി, ഉല്പലവർണ, ബീഗം റുഖയ, ചിൻമയീദേവി, പിംഗളകേശിനി, അന്നപൂർണ....... ഈ കഥാപാത്രങ്ങളൊക്കെയും പ്രണയത്തിന്റേയും പ്രതികാരത്തിന്റെയും വഞ്ചനയുടേയും പ്രതിരൂപങ്ങളായി

മാറുന്നത് കാണാൻ കഴിയും. ഗംഗയും ഹൂഗ്ലിയും വരൾച്ചയും പച്ചപ്പും എല്ലാം കഥയുടെ പശ്ചാത്തലത്തിൽ ഒഴുക്ക് തേടുന്നുണ്ട്.

രാജഭരണത്തിലും ബ്രിട്ടീഷ് ഭരണത്തിലും തിരക്കേറിയ തൊഴിലായിരുന്നു ആരാച്ചാരുടേത്. ജനാധിപത്യ സംവിധാനത്തിൽ തൂക്കിക്കൊലകൾ കുറഞ്ഞതോടെ ദാരിദ്ര്യത്തിലായ കുടുംബം മുന്നോട്ട് പോകാൻ വഴികാണാതെ നിന്നപ്പോൾ വീണുകിട്ടിയ വധശിക്ഷയെ പരമാവധി ഉപയോഗപ്പെടുത്താനും അതുവഴി പണമുണ്ടാക്കാനും ചേതനക്ക് ഒരു ജോലി തരപ്പെടുത്തുവാനുമാണ് അച്ഛൻ ശ്രമിച്ചത്. എൺപത്തെട്ട് വയസായ അച്ഛനും കൈകാലുകൾ മുറിച്ചു മാറ്റപ്പെട്ട സഹോദരനും ഇനി തൊഴിലെടുക്കാൻ കഴിയില്ലെന്ന തിരിച്ചറിവും ജനിക്കുമ്പോൾ തന്നെ പൊക്കിൾക്കൊടിയിൽ കുടുക്ക് തീർത്തുകൊണ്ട് പുറത്തെത്തിയ ചേതനക്ക് അന്നേ ഒരാരാച്ചാർ രക്തമുണ്ട് എന്ന കണ്ടെത്തലും അവളുടെ സ്വഭാവവൈചിത്രത്തിന് മാറ്റുകൂട്ടുന്നു.

സമകാലീന ഇന്ത്യയുടെ സൂക്ഷ്മമായ വ്യവഹാര തലങ്ങൾ ആവിഷ്കരിക്കുകയും ഇന്ത്യാ ചരിത്രത്തിന്റെ സംഘർഷങ്ങളെ മുഴുവൻ ഒരു പെൺകുട്ടിയുടെ ജീവിതത്തിന്റെ യുദ്ധരംഗത്തേക്ക് കൊണ്ടുവന്ന് സംഭ്രമിപ്പിക്കുന്നതുമായ ഒരു രചനാ തന്ത്രം ഇവിടെ കാണാം. സ്ത്രീകളെ പീഡിപ്പിക്കുന്ന പുരുഷവർക്ഷത്തിനെ ഒന്നൊന്നായി മൂർച്ചയേറിയ ചോദ്യശരങ്ങളിലൂടെ കുടുക്ക് മുറുക്കി ഉന്മൂലനം ചെയ്യാൻ കാണിക്കുന്ന വ്യഗ്രത സ്ത്രീപക്ഷത്തിന്റെ ഉജ്ജ്വല പ്രതീകമായിത്തീരുന്ന ഒരു ധീരവനിതയെ ചേതനയിൽ ദർശിക്കാം. കൊൽക്കത്തയിലെ നഗരഗ്രാമീണ ചേരി തലങ്ങളിൽ നടമാടുന്ന ഭിന്നാഭിന്നങ്ങളായ ജീവിത സമരങ്ങളുടെ നേർചിത്രങ്ങൾ നോവലിൽ വായിച്ചെടുക്കാൻ കഴിയും.

നോവലിന്റെ ഓരോ താളിലും മരണമണം പതിയിരിക്കുന്നതുപോലെ ശക്തമായ സ്ത്രീപക്ഷചിന്തകളും ഓരോ കുടുക്കുകളിൽ നിലവിളിയ്ക്കുന്നത് കേൾക്കാം. ചേതന ആദ്യമായി ജോലിക്കു ചേർന്ന മാരുതി പ്രസ്സിൽ ആദ്യാനുഭവം തന്നെ സ്ത്രീത്വത്തെ ചോദ്യം ചെയ്യുന്ന തരത്തിലായിരുന്നു. സ്ത്രീയെ ഉപഭോഗ വസ്തുവായി മാത്രം കരുതിയ മാരുതി പ്രസാദ് യാദവിനെ തന്റെ ദുപ്പട്ടയിൽ കുടുക്കുണ്ടാക്കി അയാളുടെ കഴുത്തിൽ വരണമാല്യമായി അർപ്പിച്ച് ബോധരഹിതനാക്കിയായിരുന്നു തുടക്കം. തൂക്കുകയർ പശുവിനെ കെട്ടാനുള്ളതല്ലെന്നും, കോഴിയെ കൊല്ലാൻ ആരാച്ചാരുടെ ആവശ്യമില്ലെന്നുമുള്ള ചേതനയുടെ ഉറച്ച ശബ്ദം ഭാരതത്തിലെ എല്ലാ സ്ത്രീകളുടെയും ശബ്ദമായി നമുക്ക് തോന്നുന്നു.

ഒരു സ്ത്രീപക്ഷ വീക്ഷണം നോവലിലുടനീളം പ്രകടമാണ്. സോനാഗച്ചിയിലെ സ്വയം വില്പനച്ചരക്കായി മാറുന്ന പെണ്ണുങ്ങൾ മുതൽ വിദ്യാഭ്യാസ പരിഷ്കരണം ലക്ഷ്യമിട്ട ബീഗം റുഖയ വരെ ഇക്കൂട്ടത്തിൽപ്പെടുന്നു. ദാരിദ്ര്യവും യുദ്ധവും പ്രണയവും വേർപിരിയലുമൊക്കെ കഥാസന്ദർഭങ്ങൾക്ക് അനുയോജ്യമാംവണ്ണം കോർത്തിണക്കിയിട്ടുണ്ട്. വധശിക്ഷ നിർത്തണമോ വേണ്ടയോ എന്നുള്ള ചർച്ചപോലും കഥാപാത്രങ്ങളിലൂടെ സാധ്യമാക്കുന്നുണ്ട്. സാഹചര്യങ്ങൾ ഒരു പെണ്ണിനെ എത്രത്തോളം കരുത്തുറ്റവളാക്കും എന്നതിന് ഏറ്റവും വലിയ ഉദാഹരണമാണ് ചേതന. ആരാച്ചാരുടെ വേഷം ഏറ്റെടുത്തതുമുതൽ അവളിലും കുടുംബത്തിലുമുണ്ടാകുന്ന സംഭവഗതികൾ വലിയ മാറ്റങ്ങളായി നോവലിൽ പ്രതിപാദിക്കുന്നുണ്ട്. ആനുകാലിക സംഭവഗതികളുമായി താദാത്മ്യം പുലർത്തുന്ന ഈ നോവൽ അപമാനിതയായ സ്ത്രീത്വത്തിന്റെ ശക്തി വിളിച്ചോതുന്ന കൃതിയാണെന്ന് നിസ്സംശയം പറയാം. ചേതനാ ഗൃദ്ധാമല്ലിക്ക് ഭാരതീയ സ്ത്രീത്വത്തിന്റെ മുഴുവൻ പ്രതീകമായി അനുവാചകർക്ക് അനുഭവവേദ്യമായി മാറുന്ന സുന്ദര മുഹൂർത്തമായി ആരാച്ചാർ മാറുന്നു.

●

പ്രിയപുസ്തകം

2019-ലെ വായനാക്കുറിപ്പ് മത്സരത്തിൽ രണ്ടാം സ്ഥാനത്തിന് അർഹമായത്




# തക്ഷൻകുന്ന് സ്വരൂപം

**പ്രസാദ് വി.**
അമിനിറ്റീസ് അസിസ്റ്റന്റ്

കൊയിലാണ്ടി താലൂക്കിലെ പയ്യോളി ഗ്രാമത്തിന്റെയും തക്ഷൻകുന്ന് അങ്ങാടിയുടെയും സമൂഹത്തിന്റെ വികാസ പരിണാമകഥയാണ് തക്ഷൻകുന്ന് സ്വരൂപം എന്ന നോവൽ. രണ്ടര വർഷത്തെ കഠിനമായ അന്വേഷണാത്മക പഠനപ്രയത്നത്തിലൂടെയാണ് തക്ഷൻകുന്ന് ദേശപ്പെരുമയുടെ ഇതിഹാസം പിറക്കുന്നത്. യു.കെ. കുമാരൻ എന്ന സാഹത്യകാരന്റെ നാല്പതു വർഷം നീണ്ട സാഹിത്യസപര്യയ്ക്ക് അർഹിക്കുന്ന അംഗീകാരം ഈ നോവൽ നേടിക്കൊടുത്തു. മലയാളത്തിന്റെ ജ്ഞാനപീഠം എന്നു വിശേഷിപ്പിക്കാവുന്ന വയലാർ അവർഡ് 2012-ൽ തക്ഷൻകുന്ന് സ്വരൂപം കരസ്ഥമാക്കി.

ഗ്രാമീണ നൈർമല്യത്തിന്റെ നേർസാക്ഷ്യ മായി ഒഴുകിവരുന്ന ഒരു തെളിനീരുറവ പയ്യോളിപ്പുഴയോരങ്ങളിലും തുറവൂർ കടവിലും അട്ടക്കുണ്ടും അടങ്ങിയ ഗ്രാമ പശ്ചാത്തല വിവരണങ്ങളിലുണ്ട്. ഒ.വി. വിജയൻ 'ഖസാക്കിന്റെ ഇതിഹാസം' എന്ന പ്രയോഗം നടത്തിയില്ലായിരുന്നെങ്കിൽ ഇതിനെ 'തക്ഷൻകുന്ന് ഇതിഹാസം' എന്ന് വിശേഷിപ്പിക്കാമായിരുന്നു. തസരാക്കിലെ കുന്നുകളും കൂമൻകാവും കയറിയിറങ്ങിയ രവിയെപ്പോലെ പയ്യോളി ഗ്രാമത്തിലെ തക്ഷൻകുന്ന് കയറിയിറങ്ങി 'രാമർ' ജീവിതം കണ്ടും കേട്ടും

> തക്ഷൻകുന്ന് സ്വരൂപം ഒരു ദേശത്തിന്റെ സത്യസന്ധമായ ചരിത്രമാണ്. ജനതതികളുടെ പരിണാമദശകളിലൂടെ സമസ്ത മേഖലകളിലേക്കും ഒഴുകിപ്പരക്കുന്ന സ്വരൂപങ്ങളുടെ സംഭവപരമ്പരകൾ.....!

പഠിച്ച് തന്റെ ജീവിതദൗത്യം നിറവേറ്റുകയാണ് ചെയ്യുന്നത്.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ അലയൊലികൾ തക്ഷൻകുന്ന് (തച്ചൻകുന്ന്) എന്ന ഗ്രാമാന്തരീക്ഷത്തിൽ എത്രത്തോളം ചലനങ്ങൾ ഉണ്ടാക്കിത്തീർത്തുവെന്നും ഒരു ദേശത്തിന്റെ ചരിത്രം സത്യസന്ധമായും കാവ്യാത്മകമായും അനുവാചകരുടെ മനസ്സിൽ അനുഭവവേദ്യമാക്കാമെന്നും യു.കെ. കുമാരൻ ഈ നോവലിലൂടെ വരച്ചു കാട്ടുന്നു! അതുകൊണ്ടുതന്നെ ഈ നോവലിനെ എന്റെ മനസിനെ ഇഷ്ടപ്പെട്ട ഒന്നാക്കി മാറ്റുന്നു. അമ്മ നഷ്ടപ്പെട്ട, അച്ഛന്റെ ക്രൂരപീഡനങ്ങൾക്കിരയായ രാമർ എന്ന കഥാപാത്രമാണ് ഈ നോലവിലെ കേന്ദ്ര കഥാപാത്രം. സ്കൂളിൽ പഠിക്കുമ്പോൾ 'കരിങ്കുരങ്ങെന്ന്' വിളിച്ച് കളിയാക്കുന്ന സഹപാഠികൾ, പെരിയോരുടെ മക്കൾക്കുമാത്രം പ്രത്യേക ഇരിപ്പിടം നൽകിയുള്ള പള്ളിക്കൂടം. അവളെ അധിക്ഷേപിച്ചതിന് അച്ഛന്റെ തല്ലും, വീട്ടിൽ നിന്ന് പുറത്താക്കലും. ഇനി സ്കൂളിലേക്കില്ലെന്നുറപ്പിച്ച രാമർ തന്റെ മിത്രമായ കുഞ്ഞിക്കേളുവിനെ സമീപിച്ച്, തനിക്ക് ആരെയും ആശ്രയിക്കാതെ ജീവി ക്കാൻ ഒരു ജോലിവെണമെന്നറിയിച്ചു. പണ്ടേ കുതിരകളെ ഇഷ്ടമായിരുന്ന രാമർക്ക് ഇമ്പിച്ചി യെന്നയാളുടെ കുതിരാലയത്തിൽ ജോലി കിട്ടുന്നു.

നൂറ് വർഷങ്ങൾക്കുമുമ്പുള്ള ചരിത്രം നൂറ് കഥാപാത്രങ്ങളിലൂടെയാണ് നോവലിസ്റ്റ് വിവരിക്കുന്നത്. അയ്യാപട്ടരുടെ ബാങ്കും, രജിസ്ട്രാർ ആപ്പീസും, കോടതിയും, കുഞ്ഞിക്കേളുവിന്റെ തയ്യൽക്കടയും, ചന്തയും ഒക്കെത്തന്നെ ഒരു ദേശത്തിന്റെ സാംസ്കാരികവും, വൈകാരികവും, സത്യസന്ധവുമായ പൊതുവിടങ്ങളായി മാറുന്നു. പ്രതികരണശേഷി കൈമുതലായുള്ള ചായപ്പീടികക്കാരി മാതാമ, രാമറിനെ ജീവിത വിജയത്തിലെത്തിച്ച ഭാര്യ കല്യാണി എന്നിവർ ആധുനിക സ്ത്രീ സമൂഹത്തിന് ഉദാഹരണമാണ്. നെയ്ത്തുകാരൻ കേളുവും കലമുണ്ടാക്കുന്ന കുഞ്ഞിച്ചന്തുവും മൈനർ ബാലനും, കണ്ണച്ചതും തുടങ്ങി കഥാഗതിയെ പരിപോഷിപ്പിക്കുന്ന അനവധി കഥാപാത്രങ്ങളെ നമുക്ക് കണ്ടുമുട്ടാം. എന്നും കുട്ടിക്കാലത്ത് രാമർ എത്തുന്ന ചെമ്പകമരച്ചുവടും, കോരപ്പുഴപ്പാലവും, ചാലിത്തെരുവും ഭാസ്കറുടെ ആശുപത്രിയും, ഗ്രാമത്തെ ഉണർത്തുന്ന സൈറണും, അഞ്ചലോട്ടക്കാരന്റെ മണിക്കിലുക്കവും, ആദ്യം മുഴങ്ങിയ ഇൻക്വിലാബിൻ വിളിയും, യുദ്ധക്ഷാമത്താൽ വിറങ്ങലിച്ചതും എന്നാൽ തുണിക്ക് റേഷൻ വന്നപ്പോൾ നിശ്ചല മായ ചാലിയത്തെരുവും നോവലിലെ അനവദ്യ സുന്ദരമായ നേർക്കാഴ്ചകളാണ്!

ഒരിക്കലും കളവു പറയാത്ത രാമർ കുതിരപ്പണി ഉപേക്ഷിച്ച് നാടിന്റെ മഹോത്സവത്തിനു മുന്നോടിയായുള്ള ആറാട്ടിനെത്തുന്ന കാലികളുടെ ചാണകം ശേഖരിച്ച് വില്പന

നടത്തുന്നു. ചേക്കുവുമായി ചേർന്നുള്ള കൂട്ടുക്കച്ചവടത്തിൽ കിട്ടിയ പൈസ രാമർ കമലാലയ ബാങ്കിൽ നിക്ഷേപിച്ചു. കാരണം ഒന്നു മാത്രമായിരുന്നു; അമ്മ ഉറങ്ങുന്ന മണ്ണ് സ്വന്തമാക്കണം.

അപ്രതീക്ഷിതമായ പലതും തക്ഷൻ കുന്നിൽ നടന്നുകൊണ്ടിരുന്നു. ഉപ്പുസത്യ ഗ്രഹവും ധർണയും പോലീസ് അറസ്റ്റുകളു മെല്ലാം ഈ ഗ്രാമത്തെയും ബാധിച്ചു. കണ്ണച്ച ന്റെ കാര്യസ്ഥനും മനസാക്ഷി സൂക്ഷിപ്പുകാര നുമായിത്തീർന്ന രാമർ പ്രമാണിയായി മാറി. മനസിൽ പതിഞ്ഞ കല്യാണിയെ സ്വന്തമാ ക്കുന്നു. കല്യാണിയുടെ ഉപദേശങ്ങളും വീക്ഷണങ്ങളും രാമറിന്റെ വ്യക്തിത്വത്തിൽ അടിമുടി മാറ്റമുണ്ടാക്കുന്നു. രണ്ടാം ലോക മഹായുദ്ധത്തിന്റെ കൊടിയക്ഷാമത്തിൽ ഭക്ഷണവും ആശ്വാസവുമായി രാമർ...... വസൂരി എന്ന മഹാവിപത്ത് ഗ്രാമത്തെ വിഴു ങ്ങിയപ്പോൾ രാമർ ദൈവതുല്യനായി അവ തരിച്ചു. പ്രായം ചെന്നവരുടെ മദ്യപാനം മാറ്റിയെടുത്ത രാമർ ഗ്രാമത്തിന്റെ പ്രിയപുത്ര നായി.

താഴ്ന്ന ജാതിക്കാർക്കും സ്കൂളിൽ പ്രവേശനം ആവശ്യപ്പെട്ടുള്ള കേളപ്പജിയുടെ സമരവും ഗുരുവായൂർ, വൈക്കം സത്യാഗ്രഹ ങ്ങളും തക്ഷൻകുന്ന് ഗ്രാമജീവിതത്തിന് പ്രത്യാശയുടെ പുതുനാമ്പ് നൽകി. കേളപ്പനി ലൂടെ ഗാന്ധിജി തക്ഷൻകുന്നിലെത്തിയതും രാമർ ഗാന്ധിജിയെ തൊട്ടതും കോരപ്പുഴ പ്പാലം രാമർ ഉത്ഘാടനം ചെയ്തതും കേള പ്പനും മെറ്റിൽഡയും തമ്മിലുള്ള പരിശുദ്ധവും നിശബ്ദവുമായ പ്രണയവും, നേതാജിയൊപ്പം പ്രവർത്തിച്ച കണാരൻ എന്ന നാട്ടുകാരനെ ജപ്പാൻ ചാരനെന്ന് മുദ്രകുത്തി തൂക്കിക്കൊ ന്നതും അബ്ദു റഹിമാൻ, മൊയ്തു മൗലവി, ചിറയ്ക്കൽ ബാലകൃഷ്ണൻ നായർ തുടങ്ങി യവരുടെ യൊക്കെ സ്വാതന്ത്ര്യസമര പ്രവർ ത്തനങ്ങൾ തക്ഷൻകുന്ന് സ്വരൂപം എന്ന നോവലിന് അഴകും മിഴിവും ഏകിയ

**താഴ്ന്ന ജാതിക്കാർക്കും സ്കൂളിൽ പ്രവേശനം ആവശ്യപ്പെട്ടുള്ള കേളപ്പജിയുടെ സമരവും, ഗുരുവായൂർ, വൈക്കം സത്യാഗ്രഹങ്ങളും തക്ഷൻകുന്ന് ഗ്രാമജീവിതത്തിന് പ്രത്യാശയുടെ പുതുനാമ്പ് നൽകി.**

സന്ദർഭങ്ങളായി പരിലസിക്കുന്നു.

ആത്മമിത്രമായ കുഞ്ഞിക്കേളുവിന്റെ മരണം രാമറെ വിഷാദരോഗിയാക്കി മാറ്റുന്നു. അവസാന കാലം ഒറ്റക്കണ്ണുമായാണ് രാമർ ഈ ലോകം നോക്കിക്കാണുന്നത്. ഉറ്റവരെല്ലാം നഷ്ടപ്പെട്ട് രാമർ തന്റെ വലിയ വീടു വിട്ട് താൻ വളർന്ന ആ ചാണകം മെഴുകിയ പഴയ വീടി ന്റെ തറയിൽ അച്ഛനുമമ്മയും ഇരുന്നിടത്ത് തല തെക്കോട്ട് വച്ചു കിടന്ന് ഈ പ്രപഞ്ചത്തിന്റെ തന്നെ ഭാഗമായി മാറി.

തക്ഷൻകുന്ന് സ്വരൂപം ഒരു ദേശത്തിന്റെ സത്യസന്ധമായ ചരിത്രമാണ്. ജനതതിക ളുടെ പരിണാമദശകളിലൂടെ സമസ്ത മേഖല കളി ലേക്കും ഒഴുകിപ്പരക്കുന്ന സ്വരൂപങ്ങളുടെ സംഭവപരമ്പരകൾ.....! ചരിത്രത്തെ സത്യ സന്ധമായ തൂലികയിലൂടെ യു.കെ. കുമാരൻ എന്ന നോവലിസ്റ്റ് തക്ഷൻകുന്നിനെ ദേശാ തിവർത്തിയായ യാഥാർഥ്യങ്ങളിലേയ്ക്ക് കൊണ്ടുചെന്നെത്തിക്കുന്നു.

●

കവിത



ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ ശബ്ദമില്ലാത്തവർ എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ കവിത മത്സരത്തിൽ രണ്ടാം സ്ഥാനത്തിന് അർഹമായത്.

**ശ്രീവിദ്യ എസ്.**
അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ

# നിശ്വാസങ്ങൾ.......

ഒരു വേനൽ കൊണ്ടെന്നെ
മറന്നെന്ന് മഴ പരിഭവം
പറഞ്ഞപ്പോൾ........
കളിപ്പാട്ടം നൽകേണ്ട
കൈകളിൽ പുതുജീവൻ
കളിയാടുമ്പോൾ.....
ഷോപ്പിംഗ് മാളിലെ വിലപേശലി-
ല്ലാത്ത ഉൽപ്പന്നങ്ങൾ
വെടിപൊടും ഒച്ചയായി
തെരുവിൽ വില്പനയ്ക്കിരിക്കുമ്പോൾ........
ആഘോഷങ്ങളിൽ പൊട്ടുന്ന
കുപ്പികളിൽ കേൾക്കാതെപോകുന്ന
കുപ്പിവളകിലുക്കങ്ങളിൽ........
പകുതി തുറന്ന പുസ്തകങ്ങൾ
ചിതലെരിച്ചു
മാറാലകെട്ടുമ്പോൾ
വൻകിട ഹോട്ടലിൽ
പുതുകുപ്പായമിട്ട്
അലങ്കരിച്ച
അഭിനയിക്കുന്നവർക്ക്
"അഭിപ്രായമില്ല.......
അഭിപ്രായ വ്യത്യാസമില്ല"
പടുകൂറ്റൻ ഡിഗ്രികളിൽ
പതുപതുത്ത കസേരകളിൽ
ഒച്ച ആവശ്യത്തിന് മാത്രമെന്ന

കുറിപ്പിന് താഴെ ഒച്ചയടച്ച്
ഇരിക്കുന്നവർ......
അവർക്കിടയിൽ പരസ്പരം
മിണ്ടുന്ന കയ്യിലൊതുങ്ങുന്ന
സുന്ദരി മാത്രം എല്ലാപേരോടും
മിണ്ടിയും, കൂട്ടുകാരുമായി
സല്ലപിച്ചും നേരം പോകുന്നു
ഇവൾ വന്നതിൽ പിന്നെ
ചട്ടിയും കലവുമായി തട്ടിയും മുട്ടിയും
കഴിയുന്ന ഭാര്യ പിള്ളേരുടെ
അമ്മ മാത്രമായി.......
നാട്ടിലെല്ലായിടത്തും അവളെത്തി
പ്രശ്നങ്ങൾ പറയാനും പങ്കിടാനും
യാഥാർത്ഥ്യം പറയാനവൾക്കുമടിയായി
തുടങ്ങി-
പ്രണയം പുതുക്കിയും, അത്ഭുതങ്ങൾ
കാണിച്ചും കുടുംബം കലക്കിയുമവൾ
വാഴുന്നു.
അവൾ വന്നതിൽപിന്നെ
വീട്ടിലാരുമൊരുമിച്ചിരിക്കാറില്ല
കുത്തികുത്തി അവളിലെ
കാഴ്ചകൾ മായാജാലങ്ങളാസ്വദിക്കുന്നു.
അങ്ങ് ദൂരെ ഭാരത സുന്ദരിമാരുടെ
ചുണ്ടിലെ തിളങ്ങുന്ന ചായമാകാൻ
ഞാനിന്നും ഖനിയിലാണ്.......
ഒച്ചയുമില്ലെനിക്കൊരു നിശ്വാസവുമില്ല
ഉള്ളതൊരു കിനാവുമാത്രം
ഉണ്ട് കോടികളിതുപോലെ
പ്രബുദ്ധ ഭാരതത്തിൽ
അവർക്കുവേണ്ടി ഉരുൾപൊട്ടിയും
പേമാരി പെയ്തും
തിമിർത്താഘോഷിക്കുന്നു
പ്രകൃതി......വേദനയാണെങ്കിലും
മറന്നുപോകുന്ന കാഴ്ചകൾക്കും
കേൾക്കാതെ പോകുന്ന
ഒച്ചകൾക്കുംവേണ്ടി
അവൾ ഉന്മത്തയാകുന്നു.
സഹനമായ് ഒരു പ്രളയമായ്
ശബ്ദമില്ലാത്തവരുടെ ഒച്ചയായ്
പരക്കുന്നു. ●

# കേരളീയ കുടുംബവ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ

**ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ രണ്ടാം സ്ഥാനത്തിന് അർഹമായത്.**

അനു സി.
ക്ലറിക്കൽ അസിസ്റ്റന്റ്



"നാനാത്വത്തിൽ ഏകത്വം" എന്ന മഹത്തായ ആശയത്തിലധിഷ്ഠിതമായ ഭാരതസംസ്കാരത്തിലെ ഒരു കണ്ണിയായ കേരള സംസ്കാരം സവിശേഷമായ കുടുംബ സങ്കല്പം കൊണ്ട് സമ്പുഷ്ടമാണ്. മതം, ജാതി, വർഗ്ഗം എന്നിവക്കതീതമായി മാതാ - പിതാ - പുത്ര (പുത്രി) സങ്കല്പം കാത്തുസൂക്ഷിക്കുന്ന, അഭിമാനിക്കുന്ന ഒരു ജനതയാണ് നമ്മുടേത്. പിതാമഹൻമാരെയും, ബന്ധുക്കളെയും ബഹുമാനിക്കുന്ന, മാതാപിതാക്കളെ പരിപാലിക്കുന്ന ഒരു സമൂഹമായിരുന്നു നമ്മുടേത്. എന്നാൽ അടുത്തയിടെ വന്നു ചേരുന്ന വിദേശവത്കരണത്തിന്റെയും, കമ്പോള വ്യവസ്ഥയുടെയും സ്വാധീനവും, സോഷ്യൽ മാധ്യമങ്ങളുടെ നിത്യജീവിതത്തിലേക്കുള്ള കടന്നുകയറ്റവും തള്ളികളയാവുന്നതല്ല.

സമൂഹത്തെ ദുഷിപ്പിച്ച മരുമക്കത്തായ വ്യവസ്ഥയെ ചവിട്ടിയെറിഞ്ഞുകൊണ്ട്, അവകാശ പോരാട്ടത്തിന്റെ ഫലമായി വന്നു ചേർന്ന മക്കത്തായം കൂട്ടുകുടുംബ വ്യവസ്ഥയെ തകിടം മറിച്ചു. പകരം അണുകുടുംബ വ്യവസ്ഥയിലേക്ക് സമൂഹം മാറിയിരി



ക്കുന്നു. മുത്തച്ഛനും, മുത്തശ്ശിയും, അമ്മാവനും, അമ്മായിയും പടിക്കുപുറത്ത് എന്നതാണ് ഇന്നത്തെ ചിന്താഗതി. അണുകുടുംബ വ്യവ സ്ഥയിലേക്കുള്ള വ്യവസ്ഥിതിയുടെ പരിവർത്തനം ജനതയെ രക്തസമ്മർദ്ദത്തിന്റെയും, പ്രമേഹത്തിന്റെയും പടുകുഴിയിലേക്കെത്തിച്ചു. മുത്തശ്ശിയും മുത്തച്ഛനും പകർന്നു നൽകുന്ന സാന്ത്വനവും, നാട്ടറിവുകളും, നാടൻമരുന്നും കുട്ടികൾക്ക് നൽകേണ്ട ഔഷധകൂട്ടുകളും, സ്ത്രീകൾക്കുള്ള പ്രസവരക്ഷ മരുന്നുകളും ആർക്കും അറിയാതായിരിക്കുന്നു. വീട്ടിൽ ഉണ്ടാകുന്ന പുത്തരിച്ചോറും, ഉണ്ണിയപ്പവും, കറി പൗഡറുകൾ കൂട്ടാത്ത ഇറച്ചിക്കറിയും, ഉണക്ക കപ്പയും, ചക്കപപ്പടവും, എള്ള് ശർക്കര കൂട്ടി ഇടിച്ചതും വിവിധതരം ചമ്മന്തികളും നമ്മുടെ അടുക്കളയിൽ ഇല്ലാതായിരിക്കുന്നു.

ഒഴിവുസമയങ്ങളിൽ പരസ്പരം പറഞ്ഞു കൂട്ടുന്ന നാടൻവിശേഷങ്ങളും, കളിച്ചു തീർക്കുന്ന കളിവിശേഷങ്ങളും, നാടൻ പന്ത്കളി, കോൽകളി, ചതുരംഗം, കുട്ടിയും കോലും, കല്ല് പെറുക്കൽ എന്നുവേണ്ട ഓണം, തിരുവാതിര, ക്രിസ്തുമസ് എന്നീ വിശേഷങ്ങളിലെ ഒത്തൊരുമയും, പരസ്പര വിശ്വാസവും സ്നേഹബന്ധങ്ങളെ ഊട്ടിയുറപ്പിക്കാറുണ്ടായിരുന്നു. പക്ഷെ അതിന്നില്ല.

വിദേശത്തും, മറ്റുദേശങ്ങളിലും കേവലം സമ്പത്തിനായി മാത്രം ജീവിതം ചെലവഴിക്കുന്ന മക്കൾക്ക് വേണ്ടിയും, കൊച്ചു മക്കളുടെ സ്നേഹത്തിനു വേണ്ടിയും കാത്തിരിക്കുന്ന അപ്പൂപ്പന്മാരും അമ്മൂമ്മമാരും നമ്മുടെ കരളലിയിപ്പിക്കുന്നു. സമൂഹമാധ്യമങ്ങളാകട്ടെ അറിവുപകരുന്നതോടൊപ്പം, സമയം കൊല്ലുക മാത്രമല്ല അശ്ലീലതയുടെ അതിർവരമ്പുകൾ വകഞ്ഞുമാറ്റുന്നു. ഫെയ്സ്ബുക്ക്, യൂ ട്യൂബ് എന്നിവയിൽ തന്റെ നേട്ടങ്ങളെയും പ്രശസ്തിയെയും അവരോധിക്കുവാൻ ശ്രമിക്കുന്ന ഓരോരുത്തരും തന്റെ വീട്ടിലെല്ലാവർക്കും സുഖമാണോ എന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു.

സ്വന്തം മക്കളുടെ വിശേഷങ്ങൾ തിരക്കാൻ മാതാപിതാക്കൾക്ക് സമയമില്ലാതായിരിക്കുന്നു. തുടർച്ചയായ മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ടി. വി. എന്നിവയുടെ ഉപയോഗം മൂലം കുട്ടികളിൽ കണ്ണിന് ക്യാൻസർ, കൺജംക്ടിവൈറ്റിസ് എന്നിവ വന്നു ചേർന്നിരിക്കുന്നു. കോൺ കോശങ്ങളുടെയും റോഡ് കോശങ്ങളുടെയും എണ്ണത്തിൽ വ്യതിയാനം വന്നു ചേർന്നിരിക്കുന്നു.

**എല്ലാ ജീവജാലങ്ങൾക്കും സുഖമാകട്ടെയെന്ന് പ്രാർത്ഥിക്കുന്ന ഒരു സമൂഹം, ഇരുട്ടിൽ നിന്നും പ്രകാശത്തിലേക്കുള്ള സമൂഹമാണ് (തമസോമാ ജ്യോതിർഗമയ) നമുക്ക് കെട്ടിപ്പടുക്കേണ്ടത്.**

പ്രാചീന വ്യവസ്ഥയിൽ കുടുംബനാഥനും മുത്തച്ഛനും ചേർന്നാണ് കുട്ടികളെ നീന്തലും, സൈക്ക്ളിങ്ങും പഠിപ്പിച്ചിരുന്നത് എന്നാൽ ആധുനിക കാലത്ത് ഇവയെല്ലാം പരിശീലനകേന്ദ്രം വഴിയാണ് പഠിക്കുന്നത്. "പണം കൊടുത്ത് പഠിപ്പിച്ച് ആളുകളുടെ മുൻപിൽ വാചകമടിക്കുക" എന്നതാണ് പുതിയരീതി. ഇങ്ങനെ പഠിക്കുന്നവർ നീന്തലഭ്യസിക്കാതെ ഭയത്തിന്റെ കണ്ണികൾ ഇറുകെ പിടിക്കേണ്ടി വരുന്നു. പെൺകുട്ടികളിൽ സംജാതമാകുന്ന അവസ്ഥകളിൽ അവർ നേരിടുന്ന പ്രശ്നങ്ങൾ വലുതാണ്. ആർത്തവ

സമയത്ത് ആശ്വസിപ്പിക്കുവാനും, മനുഷ്യ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളെ പറഞ്ഞു മനസ്സിലാക്കുന്ന മുത്തശ്ശിമാർ നമുക്കില്ലാതായിരിക്കുന്നു. രാമായണവും മഹാഭാരതവും സന്ധ്യാനാമജപവും അതുവഴി കുട്ടികളിൽ പകർന്നുകിട്ടുന്ന ഭാവനകളും അത്തരം കുടുംബങ്ങളിൽ ജീവിക്കുന്നവർക്കേ മനസ്സിലാകു.

ലഹരിയുടെയും മയക്കുമരുന്നിന്റെയും ലോകത്തേക്ക് കൂപ്പുകുത്തുന്ന അണുകുടുംബ വ്യവസ്ഥിതി പലപ്പോഴും കുടുംബ സങ്കൽപ്പങ്ങൾക്കു വെല്ലുവിളിയുയർത്തുന്നു. പരപുരുഷ / പരസ്ത്രീ ബന്ധം വ്യാപകമായിരിക്കുന്നു. പ്രണയവിവാഹം നിരാശയിലകപ്പെടുകയും ജീവിതം ഹോമത്തിലകപ്പെടുത്തുകയും ചെയ്യുന്നു.

ഫെയ്സ്ബുക്കിൽ വന്നുചേരുന്ന സൗഹൃത്ത് ബന്ധങ്ങളും പതിവിൽ കവിഞ്ഞുള്ള ബന്ധങ്ങളിലേക്കെത്തുകയും മറ്റും ചെയ്യാറുണ്ട്. അശ്ലീലങ്ങൾ മാത്രം കണ്ട് കൊണ്ട് വീടുകളിൽ വരെ ഇതിന്റെ തുടർച്ച ചെയ്യുന്ന സമൂഹം സംജാതമായിരിക്കുന്നു. പെങ്ങളെ സഹോദരൻ പീഡിപ്പിക്കുന്നതും, മകളെ അച്ഛൻ ബലാത്സംഗം ചെയ്യുന്നതും സമൂഹ ദുരന്താവസ്ഥയെ എടുത്തു കാട്ടുന്നു.

"സർവ്വേ ഭവന്തു സുഖിനഃ
സർവ്വേ സന്തു നിരാമയ"

എല്ലാ ജീവജാലങ്ങൾക്കും സുഖമാകട്ടെയെന്ന് പ്രാർത്ഥിക്കുന്ന ഒരു സമൂഹം, ഇരുട്ടിൽ നിന്നും പ്രകാശത്തിലേക്കുള്ള സമൂഹമാണ് (തമസോമാജ്യോതിർഗമയ) നമുക്ക് കെട്ടപെടുക്കേണ്ടത്. അന്ധവിശ്വാസങ്ങളിൽ നിന്നും, അക്രമമാർഗങ്ങളിൽ നിന്നും അകന്ന് ആരോഗ്യദൃഢഗാത്രരായ സമൂഹം, മാലിന്യമില്ലാത്ത ഒരു സമൂഹം കെട്ടിപടുക്കുവാൻ സുദൃഢമായ കുടുംബസങ്കൽപം നമുക്കാവശ്യമാണ്. സമ്പത്തിനുപരി സ്നേഹമാകട്ടെ നമ്മുടെ മുദ്രാവാക്യം.

ദേഷ്യവും മുൻകോപവും പറഞ്ഞു തീർത്ത് കുടുംബബന്ധങ്ങളിലെ കാരണവരുടെ വചനങ്ങൾക്ക് നമുക്ക് കാതോർക്കാം. നീറിപുകയുന്ന നെരിപ്പോടുകളാകുന്ന ഓരോരുത്തരുടെയും മനസ്സുകളിലെ തീയും പുകയും, മുതിർന്നവർ നമുക്ക് പകർന്നു തരുന്ന പനിനീർ കൊണ്ട് കെടുത്താം.

മുതിർന്നവർക്ക് പ്രായമാകുമ്പോൾ അവരെ പരിപാലിക്കാൻ മടിക്കുന്ന ഒരു ജനസമൂഹമാണിപ്പോഴുള്ളത്. സ്വന്തം മക്കളുടെ പരിപാലനം ആഗ്രഹിക്കുന്നവർ ഹോം നഴ്സിന്റെ സാന്നിധ്യത്തിൽ പരഗതി പൂകുന്നു. "പത്തുമാസം ചുമന്നു പെറ്റവർക്കെന്തു നൽകുന്നീ ജീവീതത്തിൽ." 80 ഡെസിബെല്ലിനു മുകളിൽ എല്ല് പൊടിഞ്ഞു നുറുങ്ങുന്ന വേദന അനുഭവിക്കുന്ന പ്രസവ സമയത്ത്, ഓരോ മാതാവും നടത്തുന്ന പ്രാർത്ഥനയാണ് ഏറ്റവും വലുത്. കുട്ടികളുടെ ചിരി കാണുമ്പോൾ ദുഃഖം മറക്കുന്നവർ, മക്കളുടെ ശൈശവം, ബാല്യം, കൗമാരം എന്നീ കാലഘട്ടങ്ങളിൽ തുണയാകേണ്ട മാതാപിതാക്കൾ ആംഗലേയ വിദ്യാഭ്യാസ കൂടാരങ്ങളിലേക്ക് മക്കളെ കൊണ്ടുചെന്നെത്തിക്കുമ്പോൾ അവർ ഭയത്തിന്റെയും സ്ട്രെസ്സിന്റെയും പിന്നീട് സ്ട്രോക്കിന്റെയും പിടിയിലകപ്പെടുന്നു. സസ്യജാലങ്ങളെയും, ജന്തുക്കളെയും അവർക്കറിയാതായിരിക്കുന്നു. പശുവാണ് പാൽ തരുന്നതെന്നും, നെല്ലിൽ നിന്നാണ് അരി ലഭിക്കുന്നതെന്നും മനസ്സിലാക്കുവാൻ അവർ യൂട്യൂബിനേയും ഗൂഗിളിനെയും ആശ്രയിക്കേണ്ടി വരുന്നു.

സ്നേഹനിർഭരമായ ഒരു കുടുംബ വ്യവസ്ഥയെ പരിപാലിച്ച്, മാതൃ-പിതൃ-പുത്ര സങ്കല്പം, സ്നേഹമാണഖിലസാരമൂഴിയിൽ എന്ന തത്വം മനസ്സിൽ ആവാഹിച്ച്, സമൃദ്ധമായ, സംശുദ്ധമായ, സംസ്കാര സമ്പുഷ്ടമായ ഒരു കുടുംബം നമുക്ക് കെട്ടിപ്പടുക്കാം.

●

# പുതുപുലരി



പ്രീത സി.എസ്.
കംപ്യൂട്ടർ അസിസ്റ്റന്റ്

പുലരി വന്നു മണം പരന്നു ഓർമ്മത്താളുകളിൽ
നല്ലൊരു വർഷം പിറക്കുകയായി ഇതളുകൾ വിരിയുമ്പോൾ
കതിരോൻ തൻ പ്രഭ വീശുകയായി പുലർവേളയിതെന്തു രസം
കുരുത്തോലകളിൽ തട്ടി വിളങ്ങീടേണം നാട്ടിൻ ഐശ്വര്യം
നിർദ്ദയമായി കരുതീടരുതീ ധ്വനി നിറയും സാമ്രാജ്യം
ചുടുകണ്ണീർ മാറ്റി മുന്നേറുക നാം അക്ഷരജ്ഞാനികളായ്.

അരുതെ അരുതെ ചങ്ങലയരുതെ നമ്മുടെ കൈകളിലീവർഷം
അർഹതയില്ലാ മേടുകളിൽ നാം അലഞ്ഞുനടക്കാതെ
കോഴിക്കുഞ്ഞു ചിറകിന്നടിയിൽ സുരക്ഷിതരാകുമ്പോൾ
ചരിത്രത്താളുകൾ എന്നും തിരിയുക സുരക്ഷിതരായീടാൻ
കഴുകൻ കൂടു കൂട്ടും വാനിൽ ഉയർന്ന മരത്തിന്മേൽ
ചില്ലകളാലെ മെനഞ്ഞീടുന്നവ പുതുതലമുറ വിരിയാനായ്.

കഴുകനായതു കൊണ്ടതു മാറുമോ പിച്ചിച്ചീറും അർത്ഥത്താൽ
സിംഹവും കടുവയും നൽകുവതെന്നും കുഞ്ഞിനു പാൽ മാത്രം
ഇംഗിതമറിഞ്ഞു പൊട്ടിക്കേണം അർത്ഥം മേയും വാഗ്വാദം
അവരുടെ ഈശ്വരൻ ആരോ ആവാം അതിനാസ്തിയുമില്ലല്ലോ
എല്ലാം അണയുവതൊരിടത്തേലും നല്ലൊരു ദിശയതിന്നില്ലല്ലോ
നന്മ വിതറും ദിശകളറിയാൻ സഖിത്വവും വേണ്ടല്ലോ

കഥ

# മിഴിത്തുമ്പിലെ പ്രണയമെസ്സേജുകൾ



ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കഥ മത്സരത്തിൽ മൂന്നാം സ്ഥാനത്തിന് അർഹമായത്.

**എസ്. കെ. സുനീഷ് കുമാർ**
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്

മഴമേഘങ്ങളെതള്ളിനീക്കി പുറത്തേയ്ക്കു വന്ന കിഴക്കൻ വെളിച്ചം അൽപ്പസമയം മാത്രമേ ഉണ്ടായിരുന്നുള്ളു. ചാറ്റൽമഴ എന്നു പറയാനാകില്ല. നനുനനുത്ത മഴത്തുള്ളികൾ ശരീരത്തിൽ പതിച്ചപ്പോൾ നേരിയ തണുപ്പ്. ഇന്ദുകൃഷ്ണ നടപ്പ് തുടർന്നു. കനംവച്ചു തുടങ്ങിയ മഴത്തുള്ളികൾക്ക് രൂപം മാറി. ധൃതിയിൽ വീട്ടിൽ നിന്നിറങ്ങിയതിനാൽ കുടയെപ്പറ്റി ഓർമ്മിച്ചത് ഇപ്പോഴാണ്. കാലടികൾക്ക് വഴി മാറിക്കൊടുത്ത പച്ചപ്പ് സമാന്തര രേഖകളായി ഇടവഴിയിൽ ഇരുവശത്തും. അതിൽ തൊട്ടാവാടികളും ഉണ്ടായിരുന്നു. സ്മാർട്ട് ഫോണിൽ വാട്ട്സ് ആപ്പ് ചിരിക്കുന്നത് കേൾക്കാം. വിരൽ രേഖകൾ ഔചിത്യമില്ലാതെ വരച്ച വക്രരേഖകൾ നിറഞ്ഞ സ്മാർട്ട് ഫോണിന്റെ മുഖത്ത് ചീന്തണം എന്നുണ്ടായിരുന്നു ഇന്ദുകൃഷ്ണയ്ക്ക്. പക്ഷേ ചാറ്റൽമഴയും കടന്ന് അടുത്ത രൂപത്തിൽ

പ്രവേശിച്ച അന്തരീക്ഷം അതിനനുവദിച്ചില്ല.
മെസ്സേജ് വന്നത് ആരുടേതാണെന്ന് അറിയാം. കഴിഞ്ഞ ഇതേ മഴക്കാലത്താണ് ആദിത്യനെ അപ്രതീക്ഷിത വാട്ട്സ് ആപ്പ് കോളായി പരിചയപ്പെട്ടത്. പിന്നീട് സ്മാർട്ട്ഫോണിന്റെ അനന്തമജ്ഞാതമവർണ്ണനീയ നിഗൂഢമായ ജനാലയിലൂടെ അനേകം രാത്രികൾ ആദിത്യന്റെ മുഖമാണ് കാണാനായത്. തന്റെ മുഖം 'മാത്രമല്ല' ആദിത്യൻ ഇതേ ജനാല വഴി ദർശിച്ച് ആവാഹിച്ചെടുത്തത്. കാരണം അവനായിരുന്നു തനിക്കെല്ലാം. അല്ലെങ്കിൽ ഇപ്പോഴും ആണ്. ഒരു മാസത്തെ ഇടവേളയ്ക്കു ശേഷം ആദിത്യനെ നേരിട്ട് കാണാൻ കാലുകൾക്ക് വേഗതാ നിർദ്ദേശമുണ്ടെങ്കിലും മഴ അതിനനുവദിച്ചില്ല. ആളനക്കമില്ലാത്ത വീടിന്റെ ഉമ്മറപ്പടിയിൽ അൽപ്പനേരം ഇരുന്നു. മഴ കുറഞ്ഞു. നേർത്തു. ഇല്ലാതായി. വീണ്ടും അവൾ നടന്നു.
എന്തായിരിക്കും ആദിത്യൻ ഇതുപോലെ അപ്പപ്പോൾ അപ്രത്യക്ഷ മാകുന്നത്? ബിസിനസ് ആവശ്യമാണെന്നാണ് പറഞ്ഞത്.
വൻപണക്കാരനാണെങ്കിലും പാവമാണെന്ന കാര്യത്തിൽ ഇന്ദുവിന് സംശയമില്ല. നല്ല ചെറുപ്പക്കാരൻ. അവന്റെ സ്നേഹത്തിനു മുന്നിൽ പൂത്തുലഞ്ഞുപോകും. തന്റെ വീട്ടുകാർക്കുമറിയാം അവന്റെ സ്വഭാവത്തെപ്പറ്റി. തന്റേതു മാത്രമായ അവന്റെ സാമീപ്യം എത്രമാത്രം സുഖമുള്ളതാണ്. തന്റെ സ്കൂട്ടി എടുക്കാഞ്ഞത് നന്നായി. അവനെ കാണാനുള്ള ധൃതിയിൽ നേരെ ഓടിക്കാൻ പറ്റില്ല. അവൾ വെയ്റ്റിംഗ് ഷെഡിൽ എത്തി. ഇതിനകം മെസ്സേജുകൾ നിറഞ്ഞുകൊണ്ടിരുന്നു. പലപ്പോഴും റേഞ്ച് കിട്ടാത്തതിനാൽ ഇപ്പോൾ ഒരുമിച്ചാണ് മെസ്സേജ് വന്നത്. ആദിത്യൻ ഇപ്പോൾ ബൈക്കിൽ വരും. അവൾക്ക് ക്ഷമ ഇല്ലാതായി. ഫോൺ വിളിച്ചിട്ട് എടുക്കുന്നില്ല.
പെട്ടെന്ന് അവളുടെ ഫോൺ ശബ്ദിച്ചു.
'അതേ ഇന്ദുകൃഷ്ണയാണ് '
'ഇത് പോലീസ് സ്റ്റേഷനിൽ നിന്നാണ് '
'ഇന്ദുകൃഷ്ണയുടെ കോളാണ് ഈ ഫോണിൽ അവസാനം വന്നത് അതിനാലാണ് ഞങ്ങൾ വിളിക്കുന്നത് '
'എന്താ സർ കാര്യം'
അവളെ ആകാംക്ഷ പൊതിഞ്ഞു.
'രണ്ടു കുട്ടികളെ പീഡിപ്പിക്കുകയും രണ്ടു സ്ത്രീകളെ വിവാഹ വാഗ്ദാനം നല്കി ഗർഭിണിയാക്കുകയും ചെയ്ത ആദിത്യനെന്ന പിടികിട്ടാപുള്ളിയെയാണ് ഇപ്പോൾ നിങ്ങൾ വിളിച്ചത്.'
അവൾക്ക് തലപുകഞ്ഞു. വീണ്ടും ചാറ്റൽ മഴ ആരംഭിച്ചു. തണുത്ത കാറ്റ് വീശിയടിച്ചു. പക്ഷെ അവൾക്ക് തണുത്തില്ല. അവൾ ആരുമില്ലാത്ത ആ വെയ്റ്റിംഗ് ഷെഡിന്റെ ബെഞ്ചിൽ ഇരുന്നു. ഒന്നും കണ്ടുകൂട. മനസ്സിൽ ഇരുട്ടുകയറി. അവളുടെ ഉദരത്തിൽ ആദിത്യന്റെ അംശം അപ്പോഴും മിടിക്കുന്നുണ്ടായിരുന്നു. ●



# വീണപൂവ്

അനു സി.
അസിസ്റ്റന്റ്

**ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 2019-ലെ വായനാക്കുറിപ്പ് മത്സരത്തിൽ മൂന്നാം സ്ഥാനത്തിന് അർഹമായത്**

കേരള സംസ്ക്കാരത്തിന്റെ മാഹാത്മ്യം സ്നേഹത്തിലും, പരസ്പര ബഹുമാനത്തിലും, സാഹോദര്യത്തിലും, ആരാധനയിലും അധിഷ്ഠിതമായ ഒരു ജൈവവൈവിധ്യമാണ്. പൂക്കളെയും, ശലഭങ്ങളെയും, ജീവജാലങ്ങളെയും സ്നേഹിക്കുകയും അവരുടെ വേദനകൾ സ്വന്തം ദു:ഖങ്ങളായി സ്വാംശീകരിക്കുകയും ചെയ്യുന്ന സമൂഹമാണ് നമ്മുടേത്. 1907-ൽ 'മിതവാദി'യിൽ പ്രസിദ്ധീകരിച്ച് പിന്നീട് പ്രചുരപ്രചാരം നേടിയ കുമാരനാശാന്റെ 'വീണപൂവ്' എന്ന കാവ്യം ഓരോ സഹൃദയന്റെ മനസ്സിനെയും വേദനിപ്പിക്കുന്നത് പോലെ എന്നെയും മുറിവേൽപ്പിക്കുന്നു. എല്ലാ ജീവിവർഗ്ഗങ്ങളെയും ഒരുമിച്ച് കാണുന്ന 'വസുധൈവ കുടുംബകം' എന്ന ആർഷ ഭാരത സംസ്ക്കാരതത്വം ആശാന്റെ കൃതികളിൽ കൂടി നമ്മളിലെത്തുന്നു. 'വീണപൂവ്' എന്ന സങ്കൽപം കേവലം ഒരു നഷ്ടബോധം മാത്രമല്ല, ആ നഷ്ടം ജീവിതത്തിന്റെയും പ്രണയത്തിന്റെയുമാകാം. ഉന്നതങ്ങളിൽ നിന്ന് പടുകുഴിയിലേക്കാകാം.

നിലത്തു വീണു കിടക്കുന്ന 'പൂവ്' ഒരു തിരസ്കാര പ്രതീകമാണ്. പൂജകൾക്കോ, മാല കെട്ടുന്നതിനോ അത് എടുക്കാറില്ല. 'മരണം (നാശം) സുനിശ്ചിതം' എന്ന ജീവിതത്തിന്റെ തത്വവും, ജീവൻ പ്രപഞ്ചത്തിൽ നിസ്സാരമാ

**പ്രകൃതിക്കായി സമർപ്പിക്കപ്പെടുന്നതാണ് മരണം. അത് ഉയർത്തെഴുന്നേൽപ്പോ മുക്തിയോ അല്ല സമർപ്പണമാണ്..... മണ്ണോട് ചേരലാണ്......**

ണെന്നും, അഹങ്കാരമല്ല; മറിച്ച് ഈ തത്വം ഉൾക്കൊള്ളലാണ് മഹത്തരമെന്നും വീണപൂവ് വിശദമാക്കുന്നു.

ആശാന്റെ കവിതയിലെ ഭാവനകളും, പ്രജ്ഞയുടെ താഴ്വരയും പരിശോധിച്ചാൽ, പ്രകൃതി - സംസ്കൃതി പരസ്പരബന്ധം പ്രകടമായിരിക്കുന്നു. സൃഷ്ടിച്ചതെല്ലാം നാശത്തിന് വിധേയമാണെന്നുള്ള 'നശ്വര സങ്കൽപം' ഇതിലൂടെ കവി സൃഷ്ടിച്ചെടുക്കുന്നുണ്ട്. പ്രകൃതിക്കായി സമർപ്പിക്കപ്പെടുന്നതാണ് മരണം. അത് ഉയർത്തെഴുന്നേൽപ്പോ മുക്തിയോ അല്ല സമർപ്പണമാണ്. മണ്ണോട് ചേരലാണ്.

ഓരോ ജീവജാലങ്ങളുടെയും മരണത്തിലും പ്രകൃതി അനുശോചിക്കുന്നു. ഈ അനുശോചനം താത്ക്കാലികമാണ്. ജനനം, പരിലാളനം, പ്രണയം, പ്രജനനം, മരണം എന്നീ ഓരോ ഘട്ടങ്ങളിലൂടെയും ജൈവ സംക്രമണം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നു. ഊഷരതയിൽ നിന്ന് ഊർവ്വരതയിലേയ്ക്കുള്ള പ്രയാണം പ്രകൃതി പുനരാവിഷ്ക്കരിച്ചു കൊണ്ടേയിരിക്കുന്നു.

സൂര്യനും മണ്ണും തമ്മിലുള്ള ആത്മബന്ധം വ്യക്തമാക്കുന്ന നാടോടി പുരാവൃത്തകൽപന 'വീണപൂവിൽ' കടന്നു വരുന്നു. സൂര്യൻ ഊർജ്ജമാണ്. ഈ ഊർജ്ജത്തിന്റെ പരിണിത ഫലമാണ് ഇലയും പൂവും കായും. ബാലത്വത്തിൽ നിന്നും മൃത്യുവിലേയ്ക്കും മൃത്യുവിൽ നിന്നും ബാലത്വത്തിലേയ്ക്കുമുള്ള ലീല അറിയണമെങ്കിൽ 'വീണപൂവ്' വായിച്ചാൽ മതി.

പൂവും പൂക്കളും പൂവിളിയും എന്ന മലയാളി സങ്കൽപ്പങ്ങളെ സാംസ്ക്കാരിക പ്രതീകങ്ങളായി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഐശ്വര്യത്തിന്റെയും പ്രതീക്ഷയുടേതുമാണത്. സൃഷ്ടിയുടെ അനാഥത്വം - ഞെട്ടറ്റ പൂവിലൂടെ കവി കാണിച്ചു തരുന്നു. പൂക്കളോടും ഗന്ധത്തോടുമുള്ള അഭിവാഞ്ജയും ആരാധനയും സ്ത്രീ കഥാപാത്രങ്ങളിൽ സന്നിവേശിപ്പിച്ചിരിക്കുകയാണ് ചെയ്തു വരുന്നത്. ഓണത്തിന്റെ വരവ് ആഘോഷിക്കുന്നത് പൂക്കളിലൂടെയാണ്. കരയിലെ കുട്ടികൾ ചെറുതും വലുതുമായ പൂക്കൾ പൊട്ടിളെത്തിൽ പൂക്കളമിടുന്നു. ഒരു കാറ്റ് വന്നാലോ മഴ ഉണ്ടായാലോ പൂക്കളം നഷ്ടമാകും. ധാരാളം സമയം അധ്വാനിച്ച് ശേഖരിച്ചെടുക്കുന്ന പൂക്കൾ ഉപയോഗിച്ച് ഉണ്ടാക്കുന്ന കളത്തിന്റെ അനശ്വരതയും പ്രകടമാണ്. അതുപോലെ തന്നെയാണ് ഓരോ മനുഷ്യജീവിതവും. ജീവിതത്തിൽ ആർജ്ജിച്ചു വച്ച സമ്പത്തുകൾ നഷ്ടപ്പെടുവാൻ നിമിഷനേരം മതി.

'ഹാ ! പുഷ്പമേ, അധികതുംഗ പദത്തിലെത്ര, ശോഭിച്ചിരുന്നിതൊരു രാജ്ഞി കണക്കയേ നീ'

ഉന്നത കുലജാതയായ ഒരു സ്ത്രീയുടെ പതനമാണ് 'വീണപൂവിന്റെ' വിഷയവസ്തു. അധികതുംഗ പദത്തിൽ രാജ്ഞിയെ കണക്ക് ശോഭിച്ചിരുന്ന പൂവിന്റെ പതനത്തിലൂടെ, ജീവിത വ്യവസ്ഥയുടെ അസ്ഥിരാവസ്ഥ കവി സൂചിപ്പിക്കുന്നു. പൂവിന്റെ തുംഗപദത്തിലുള്ള ജീവിതം 'മേലാളവർഗ്ഗ' ജീവിതമാണ്. ഒരു സ്ത്രീ ജന്മത്തിന് രാജ്ഞിയാകണമെങ്കിൽ

നിയോ ക്ലാസിക് ജീർണ്ണതകൾ സാഹിത്യ കലയിൽ പ്രത്യേകിച്ച് കവിതയിൽ പ്രതാപത്തോടെ ഭരണം നടത്തിയ കാലഘട്ടത്തിലാണ് കുമാരനാശാൻ വീണപൂവിലൂടെ സൗന്ദര്യ സ്ഫോടനം സൃഷ്ടിച്ചത്.

അതിനുചുറ്റും അനേകം ദാസിജന്മങ്ങൾ ഉണ്ടാകണം. അതുകൊണ്ട് അധിക തുംഗ പദത്തിന് കീഴിൽ നിശബ്ദമാക്കപ്പെട്ട അനേകം ദാസി ജന്മങ്ങളുണ്ട്. പൂവിന്റെ കുടുംബ പശ്ചാത്തലമെന്നത് സുഖ സമൃദ്ധമായി ജീവിക്കുന്ന ഒരു കുടുംബവ്യവസ്ഥയുടെ ചിത്രമാണ്. പൂവിനെ ഗർഭത്തിൽ വച്ചു തന്നെ ഏറെ പരിപാലിക്കപ്പെടുന്നുണ്ട്. ഗർഭിണികൾക്ക് നേരിയ അദ്ധ്വാനം പോലും അനുവദിക്കാതെ പോഷകാഹാരങ്ങൾ നൽകി ലാളിക്കുന്ന കുടുംബ പശ്ചാത്തലം. 'ലാളിച്ചു പെറ്റ ലതയൻ പൊടു ശൈശവത്തിൽ' - ശൈശവ കാലഘട്ടത്തിലും അതീവ ലാളന ലഭിക്കാൻ തൊട്ടിലാട്ടാൻ ആലോലവായു, വിളയാടാൻ ഇളയപൂമൊട്ടുകൾ, പ്രഭാത കാലത്ത് ഗാനപരിശീലനത്തിന് കിളികൾ രാത്രികൾ ഗുരുത്വപഠനത്തിന് നക്ഷത്രങ്ങൾ (ഉന്നത സ്ഥാനീയഗുരുക്കന്മാർ!)

നിയോ ക്ലാസിക് ജീർണ്ണതകൾ സാഹിത്യ കലയിൽ പ്രത്യേകിച്ച് കവിതയിൽ പ്രതാപത്തോടെ ഭരണം നടത്തിയ കാലഘട്ടത്തിലാണ് കുമാരനാശാൻ വീണപൂവിലൂടെ സൗന്ദര്യ സ്ഫോടനം സൃഷ്ടിച്ചത്. ഉപരിതല സ്പർശിയായ ഭാവങ്ങളിൽ മുഴുകി വിനോദമട്ടിലെഴുതി കാവ്യകലയുടെ മൂല്യം കുറച്ചുകൊണ്ടിരുന്ന കവികൂട്ടങ്ങളെ പുതിയൊരു കാഴ്ചപ്പാടിലേയ്ക്കും കാവ്യസങ്കൽപ്പത്തിലേയ്ക്കും ഉണർത്തുവാൻ ആ ചെറുകാവ്യത്തിലൂടെ ആശാനു സാധിച്ചു. കപടമായ വിരഹത്തിലും, പൊള്ളയായ ഭക്തിയിലും, ചൊടിപ്പിക്കുന്ന ശൃംഗാര ഭാവങ്ങളിലും വീണു പോയ കവിതയ്ക്ക് വീണപൂവിന്റെ ശില്പി പുതിയൊരു ജീവൻ കൊടുത്തു.

അഴക്, ശുദ്ധി, മൃദുത്വം, ആഭ, സാരള്യം തുടങ്ങിയ സുകുമാര ഗുണങ്ങൾ വീണപൂവിനുണ്ട്. ഇതിവൃത്തം, ആഖ്യാനം, ഭാഷ, വാക്കുകൾ, റിഥം, കാഴ്ചപ്പാട് എന്നിവയിലെല്ലാം അതിശയിപ്പിക്കുന്ന മൗലികത പ്രകടമാക്കിയ ഈ കാവ്യം തികഞ്ഞ ആത്മവിശ്വാസത്തോടെയാണ് നമ്മുടെ കവിതാലോകത്തേയ്ക്ക് ചുവട് വച്ചത്.

'ഹാ പുഷ്പമേ' എന്ന് ഒരു വിലാപത്തിൽ തുടങ്ങി അവനി വാഴ്വു കിനാവു കഷ്ടം! എന്ന് വേദനാ നിർഭരമായി പര്യവസാനിക്കുന്ന വീണപൂവ് ഒരു വിലാപത്തിൽ നിന്നും മറ്റൊരു വിലാപത്തിലേയ്ക്കുള്ള പ്രയാണത്തിന്റെ കഥയായി ജീവിതത്തെ കാണുന്നു. 'കാല്പനിക പ്രസ്ഥാനം' എന്ന കാവ്യാവതരണ രീതിക്ക് തുടക്കം കുറിച്ച് ആത്മീയമായ ഒരു പരിത്യാഗത്തിന്റെ യുക്തിയിലേക്ക് ആശാൻ കവിതയെ ഉയർത്തുന്നു.


ജീവിതത്തെ തത്വാർത്ഥ ബോധത്തോടെ, പ്രസാദത്തോടെ അഭിമുഖീകരിക്കുകയും ജഡമാകാവുന്നതിൽ കൂടെ ചൈതന്യം ദർശിക്കുകയും ചെയ്യാനുള്ള പ്രേരണയാണ് ഈ കവിത തരുന്നത്. പണക്കൊഴുപ്പിലും ഉന്നത പദവികളിലും സ്വയം മറന്ന് അഹങ്കരിക്കുന്ന ഒരു സമൂഹത്തിന്റെ കണ്ണ് തുറപ്പിക്കുന്നതായിരുന്നു 'വീണപൂവ്' എന്ന കവിത. നമുക്കും സ്നേഹ നിർഭരമായ, അഹങ്കാര രഹിതമായ ഒരു സമൂഹം സൃഷ്ടിക്കാം.

'ഖേദിക്ക കൊണ്ടു ഫലമില്ല, നമുക്കതല്ല
മോദത്തിനും ഭൂമിവിപത്തു വരാം ചിലപ്പോൾ
ചൈതന്യവും ജഡവുമായ് കലരാം ജഗത്തി
ലേതെങ്കിലും വടിവിലീശ്വരവൈഭവത്താൽ'

●




# ഭരണഭാഷാ സേവന/സാഹിത്യ പുരസ്കാരം ഒരു അവലോകനം



**വിനോദ്കുമാർ എം. കെ.**
സെക്ഷൻ ഒഫീസർ, ഹയർ ഗ്രേഡ്

2020-ലെ കേരളപ്പിറവി ദിനാഘോഷത്തോടനുബന്ധിച്ച് നിയമസഭാ സെക്രട്ടേറിയറ്റിലെ വിവിധ വിഭാഗങ്ങൾ സംയുക്തമായി സംഘടിപ്പിച്ച 'ഉണരുന്ന വായന - വളരുന്ന മലയാളം' എന്ന പരിപാടിയുടെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിക്കുകയുണ്ടായി. ബഹു. സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ലൈബ്രറി അഡ്വൈസറി കമ്മിറ്റി ചെയർമാൻ



ശ്രീ. മാണി സി. കാപ്പൻ, എം.എൽ.എ. സ്വാഗതപ്രസംഗവും ബഹു. പാർലമെന്ററി കാര്യവകുപ്പ് മന്ത്രി ശ്രീ. എ.കെ. ബാലൻ ആശംസ പ്രസംഗവും പ്രശസ്ത കവി ശ്രീ. ഏഴാച്ചേരി രാമചന്ദ്രൻ പ്രഭാഷണവും നടത്തി. നിയമസഭാ സെക്രട്ടറി ശ്രീ. എസ്.വി. ഉണ്ണി കൃഷ്ണൻ നായർ കൃതജ്ഞത രേഖപ്പെടുത്തുകയുണ്ടായി. പ്രസ്തുത ചടങ്ങിൽ ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ ജീവനക്കാർക്കായി ആദ്യമായി ഏർപ്പെടുത്തിയ ഭരണ ഭാഷാ സേവന/സാഹിത്യ പുരസ്കാരങ്ങൾ ബഹു. സ്പീക്കർ ജേതാക്കൾക്ക് സമ്മാനിച്ചു. തദവസരത്തിൽ ബഹു. മുഖ്യമന്ത്രി പുരസ്കാര ജേതാക്കളെ അനുമോദനം അറിയിച്ചുകൊണ്ട് സംസാരിക്കുകയും ചെയ്തു.

### ഉത്ഭവവും പ്രവർത്തനവും

ജീവനക്കാരുടെ ഭരണഭാഷാ നൈപുണ്യം പരിശോധിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന തലത്തിൽ ജീവനക്കാർക്കായി ഏർപ്പെടുത്തിയിട്ടുള്ള മാതൃകയിൽ നിയമസഭാ സെക്രട്ടേറിയറ്റിലും ഭരണഭാഷാ സേവന/സാഹിത്യ പുരസ്കാരം നടപ്പിലാക്കുവാനുള്ള ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ തീരുമാനത്തിന് ബഹു. സ്പീക്കറുടെ അംഗീകാരം ലഭിക്കുകയുണ്ടായി. ഭരണഭാഷാ പുരസ്കാരം നിയമസഭാ സെക്രട്ടേറിയറ്റിൽ നൽകുന്നത് എപ്രകാരം ആയിരിക്കണമെന്ന് തീരുമാനമെടുക്കുന്നതിനായി ഒരു ഉപസമിതിയെ നിയോഗിക്കുകയും പ്രസ്തുത ഉപസമിതിയിൽ ഈ സെക്രട്ടേറിയറ്റിലെ വിവിധ വിഭാഗങ്ങളുടെ മേധാവികളെ അംഗങ്ങളായി ഉൾക്കൊള്ളിക്കുകയും ചെയ്തു. ഈ ഉപസമിതിയുടെ തീരുമാനങ്ങളും നിർദ്ദേ ശങ്ങളും ക്രോഡീകരിച്ച് ഭരണ ഭാഷാ സേവന/സാഹിത്യ പുരസകാരങ്ങൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും അപ്രകാരം 2019 നവംബർ 7-ാം തീയതി നിയമസഭാ സെക്രട്ടേറിയറ്റിൽ ജീവന

ഭാഷാ സേവന പുരസ്കാരം ഏർപ്പെടുത്തികൊണ്ടുള്ള

ക്കാർക്ക് ഭരണ, സർക്കാർ ഉത്തരവ് നിലവിൽ വന്നു. പ്രസ്തുത ഉത്തരവിൽ സംസ്ഥാന സർക്കാർ തലത്തിൽ നിന്നും വിഭിന്നമായി നിയമസഭാ സെക്രട്ടേറിയറ്റിൽ പൊതുവിഭാഗത്തിലെ ജീവനക്കാർക്കായി (ഡെപ്യൂട്ടേഷൻ വിഭാഗം ഒഴികെയുള്ള എല്ലാ ജീവനക്കാർക്കും) ഭരണഭാഷാ സാഹിത്യ പുരസ്കാരം ഏർപ്പെടുത്തുകയുണ്ടായി.

### പുരസ്കാര നിർണ്ണയ സമിതി

ഭരണഭാഷാ സേവന/സാഹിത്യ പുരസ്കാരങ്ങൾക്കായി ലഭിക്കുന്ന രചനകൾ മൂല്യനിർണ്ണയം നടത്തുന്നതിനായി നിയമസഭാ സെക്രട്ടറി ചെയർമാനും സ്പെഷ്യൽ സെക്രട്ടറി കൺവീനറായും ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറി/അഡീഷണൽ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി അംഗങ്ങളായും ബഹു. സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി അനൗദ്യോഗിക അംഗമായും ഒരു പുരസ്കാര നിർണയ സമിതി രൂപീകരിച്ചു.

### പുരസ്കാരം

ഭരണഭാഷാ സേവന പുരസ്കരം ലഭിക്കുന്ന ക്ലാസ്-II, ക്ലാസ്-III വിഭാഗം ജീവനക്കാർക്ക് ക്യാഷ് അവാർഡും സത്സേവന രേഖയും ഫലകവും കഥ, കവിത, ഉപന്യാസം എന്നീ (സാഹിത്യ) ഇനങ്ങളിൽ ജേതാക്കളാകുന്ന പൊതുവിഭാഗത്തിൽ നിന്നുള്ള ജീവനക്കാർക്ക് ഭരണഭാഷാ സാഹിത്യ പുരസ്കാരമായി ക്യാഷ് അവാർഡും സത്സേവനരേഖയും ഫലകവും നൽകുവാൻ പുരസ്കാരം ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതാകുന്നു.

### ഭരണഭാഷാ സേവന പുരസ്കാരം

ക്ലാസ്-II വിഭാഗം (അണ്ടർ സെക്രട്ടറി/സെക്ഷൻ ഓഫീസർ/എഡിറ്റർ ഓഫ് ഡിബേറ്റ്സ്/ഡെപ്യൂട്ടി ലൈബ്രേറിയൻ)

ക്ലാസ്-III (അസിസ്റ്റന്റ്/കംപ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/റിപ്പോർട്ടർ/കാറ്റലോഗ് അസിസ്റ്റന്റ്)

1-ാം സമ്മാനം - 2,000/- രൂപയും സത്സേവനരേഖയും ഫലകവും

2-ാം സമ്മാനം - 1,000/- രൂപയും സത്സേവനരേഖയും ഫലകവും

### ഭരണഭാഷാ സാഹിത്യ പുരസ്കരം

നിയമസഭാ സെക്രട്ടേറിയറ്റിലെ (ഡെപ്യൂട്ടേഷൻ വിഭാഗം ഒഴികെയുള്ള) എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തി കൊണ്ടുള്ള ഭരണ ഭാഷാ സാഹിത്യ പുരസ്കാരത്തിന് മലയാളത്തിൽ രചിച്ച കഥ, കവിത, ഉപന്യാസം എന്നിവയാണ് പുരസ്കാരം നൽകുന്നതി നായി പരിഗണിക്കുന്നത്.

1-ാം സമ്മാനം -
2,000/- രൂപയും
സത്സേവനഖേയും ഫലകവും

2-ാം സമ്മാനം -
1,500/- രൂപയും
സത്സേവനരേഖയും ഫലകവും

3-ാം സമ്മാനം -
1,000/- രൂപയും
സത്സേവനരേഖയും ഫലകവും

### അപേക്ഷ ഫാറങ്ങൾ

ജീവനക്കാരിൽ നിന്നും പുരസ്കാരത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനായി



നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫാറങ്ങൾ സർക്കുലർ മുഖേന വിതരണം ചെയ്യുന്നു. ഭരണഭാഷാ സാഹിത്യ പുരസ്കാരത്തിനായി ലഭിയ്ക്കുന്ന രചനകൾ മൂല്യനിർണയം നടത്തുന്നതിനായി പ്രമുഖ സാഹിത്യകാരൻമാർക്ക് നൽകുകയും മൂല്യനിർണയം നടത്തി തിരികെ ലഭിക്കുന്നവ പുരസ്കാര നിർണയ സമിതി മുൻപാകെ സമർപ്പിക്കുന്നു. ഭരണ ഭാഷാ പുരസ്കാരത്തിന് അപേക്ഷിക്കുന്ന ജീവനക്കാർക്ക് അവരുടെ ജോലിയുമായി ബന്ധപ്പെട്ട എല്ലാ ത്തരം രചനകളും പുരസ്കാര നിർണയ സമിതി മുമ്പാകെ സമർപ്പിക്കാവുന്നതാണ്. അപ്രകാരം പുരസ്കാര നിർണയ സമിതി മുമ്പാകെ ലഭിയ്ക്കുന്ന രചനകൾ മൂല്യ നിർണ്ണയത്തിനായി ഒരു ജഡ്ജിംഗ് പാനലിന് കൈമാറുന്നു.

## എഴുത്തുപരീക്ഷയും അഭിമുഖവും

രചനാകർത്താക്കൾക്ക് ആശയാവിഷ്കാരത്തിൽ വ്യക്തതയുണ്ടോയെന്നറിയുവാൻ മലയാള ഭാഷാപ്രയോഗം സംബന്ധിച്ച എഴുത്തുപരീക്ഷയും, പൊതുവിജ്ഞാനം പരിശോധിക്കുന്നതിനായുള്ള അഭിമുഖവും പുരസ്കാര ജേതാക്കളെ തെരഞ്ഞെടുക്കുന്നതിനായി നടത്തിവരുന്നു.

## 2019-ലെ ഭരണ ഭാഷാ/സേവന/ സാഹിത്യ പുരസ്കരങ്ങൾ

### ഭരണഭാഷാ സേവന പുരസ്കാരം

**എഡിറ്റിംഗ് വിഭാഗം (ക്ലാസ് II)**

ഒന്നാം സ്ഥാനം :
ശ്രീമതി സുനിത എൽ.,
എഡിറ്റർ ഓഫ് ഡിബേറ്റ്സ്

രണ്ടാം സ്ഥാനം :
ശ്രീമതി എസ്. സത്യ,
എഡിറ്റർ ഓഫ് ഡിബേറ്റ്സ്

**ക്ലാസ് III (അസിസ്റ്റന്റ് വിഭാഗം)**


ഒന്നാം സ്ഥാനം :
ശ്രീ. ബി. ശ്രീകുമാർ,
അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ

രണ്ടാം സ്ഥാനം :
ശ്രീമതി ദിവ്യ ആർ. സി. നായർ,
സീനിയർ ഗ്രേഡ് അസിറ്റന്റ്.

**എഡിറ്റിംഗ് വിഭാഗം (ക്ലാസ് III)**

ഒന്നാം സ്ഥാനം :
ശ്രീമതി ലക്ഷ്മി വി.,
സെലക്ഷൻ ഗ്രേഡ് റിപ്പോർട്ടർ
ണ്ടാം സ്ഥാനം :
ശ്രീമതി കെ. ശ്രീലത,
റിപ്പോർട്ടർ ഗ്രേഡ് I

**ക്ലാസ് III**
**(കാറ്റലോഗ് അസിസ്റ്റന്റ് വിഭാഗം)**



ഒന്നാം സ്ഥാനം :
ശ്രീ. ഡെന്നി എം. എക്സ്,
കാറ്റലോഗ് അസിസ്റ്റന്റ്

രണ്ടാം സ്ഥാനം :
ശ്രീ. മേരി ജോസഫ് ഇ.,
അസിസ്റ്റന്റ് ലൈബ്രേറിയൻ

## ഭരണഭാഷാ സാഹിത്യ പുരസ്കാരം

I. കവിത

ഒന്നാം സ്ഥാനം :
ശ്രീ. വിനോദ് കുമാർ എം. കെ.
സെക്ഷൻ ഓഫീസർ, ഹയർഗ്രേഡ്

രണ്ടാം സ്ഥാനം :
ശ്രീ. രാജീവ് സി., ലിഫ്റ്റ് ഓപ്പറേറ്റർ

മൂന്നാം സ്ഥാനം :
ശ്രീമതി ശ്രീവിദ്യ എസ്.
അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ.

II . കഥ

ഒന്നാം സ്ഥാനം :
ശ്രീ. എം. കെ. രാജൻ,
ഇൻഫർമേഷൻ അസിസ്റ്റന്റ്

രണ്ടാം സ്ഥാനം :
ശ്രീമതി ശ്രീവിദ്യ എസ്.,
അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ.

III. ലേഖനം

ഒന്നാം സ്ഥാനം :
ശ്രീ. വിക്രമൻ സി. , ബയിന്റർ ഗ്രേഡ്

II.

ഭരണഭാഷാ സാഹിത്യ പുരസ്കാരം
പൊതുവിഭാഗം (ഡെപ്യൂട്ടേഷൻ ഒഴികെ)
അപേക്ഷയുടെ മാതൃക വർഷം..........

| | | |
|---|---|---|
| 1. | പേര് | |
| 2. | ജനനത്തീയതി | |
| 3. | ഉദ്യോഗപ്പേര് | |
| 4. | ഓഫീസ്/സെക്ഷൻ വിലാസം, ഫോൺ നമ്പർ (പൂർണ്ണമായ വിലാസം രേഖപ്പെടുത്തുക) | |
| 5. | സ്ഥിരം മേൽവിലാസം | |
| 6. | ജോലിയിൽ പ്രവേശിച്ച തീയതി | |
| 7. | രചനയുടെ പേരും സാഹിത്യ വിഭാഗവും രചന പ്രസിദ്ധീകൃതമായിട്ടുണ്ടെങ്കിൽ പ്രസിദ്ധീകരണത്തിന്റെ പേര് | |
| 8. | സ്വന്തം കൃതിയോ, പരിഭാഷയോ (പരിഭാഷയാണെങ്കിൽ മൂലകൃതിയുടെ പേരും ഗ്രന്ഥകാരന്റെ പേരും) | |
| 9. | രചനയുടെ ആശയം സംബന്ധിച്ച് അമ്പതിൽ കവിയാത്ത വാചകങ്ങളിലുള്ള കുറിപ്പ് | |

സ്ഥലം:
തീയതി:

ഒപ്പ്
പേര്
ഫോൺ നമ്പർ

*മേലുദ്യോഗസ്ഥന്റെ ശിപാർശ
* സത്യവാങ്മൂലം

(ഒപ്പ്)

സ്ഥലം:
തീയതി:

ഒപ്പ്
പേര്
ഉദ്യോഗപ്പേര്:

*(ഭരണഭാഷാ സാഹിത്യ പുരസ്കാരത്തിന് അപേക്ഷിക്കുന്ന ഉദ്യോഗസ്ഥർ അതാത് വിഭാഗത്തിന്റെ ചുമതലയുള്ള ഡെപ്യൂട്ടി സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി, ചീഫ് എഡിറ്റർ, ചീഫ് ലൈബ്രേറിയൻ എന്നിവരിൽ ഒരാളിൽ നിന്നുള്ള ശിപാർശ രചനയോടൊപ്പം (രണ്ട് കോപ്പി) സമർപ്പിക്കേണ്ടതാണ്)

*(പ്രസ്തുത കൃതി താൻതന്നെയാണ് രചിച്ചതെന്നും ബാധകമായ കാലയളവിൽ രചിക്കപ്പെട്ടത്/പ്രസിദ്ധീകൃതമായിട്ടുള്ളതാണെന്നുമുള്ള സത്യവാങ്മൂലവും സമർപ്പിക്കേണ്ടതാണ്)

FCBNA/PL/Application form for puraskaram (Appendix II) (28.11.19)/19.11.19- Corrected on 27.11.19

ഭരണഭാഷാ സേവന പുരസ്കാരം (ക്ലാസ്സ്-II വിഭാഗം)

(അണ്ടർ സെക്രട്ടറി/സെക്ഷൻ ഓഫീസർ/എഡിറ്റർ ഓഫ് ഡിബേറ്റ്സ്/ഡെപ്യൂട്ടി ലൈബ്രേറിയൻ)

അപേക്ഷയുടെ മാതൃക വർഷം......................

| | | |
|---|---|---|
| 1. | പേര് | |
| 2. | ജനനത്തീയതി | |
| 3. | ഉദ്യോഗപ്പേര് | |
| 4. | ഓഫീസ്/സമിതി വിഭാഗം, ഫോൺ നമ്പർ (പൂർണ്ണമായ വിലാസം രേഖപ്പെടുത്തുക) | |
| 5. | സ്ഥിരം മേൽവിലാസം | |
| 6. | ജോലിയിൽ പ്രവേശിച്ച തീയതി | |
| 7. | മലയാളത്തിൽ എഴുതിയ ഫയലുകളെക്കുറിച്ചുള്ള സ്വയം വിലയിരുത്തൽ | |
| 8. | മലയാളത്തിൽ എഴുതിയ മറ്റു രജിസ്റ്ററുകളുടെ വിവരം | |
| 9. | മലയാളത്തിൽ എഴുതിയ മറ്റു രേഖകളുടെ വിവരം | |
| 10. | ഭരണഭാഷാ മാറ്റത്തിനുതകുന്ന പ്രവർത്തനങ്ങളുടെ വിവരം | |

സ്ഥലം: ഒപ്പ്

തീയതി: പേര്

ഫോൺ നമ്പർ

*മേലുദ്യോഗസ്ഥന്റെ പരിശോധനാക്കുറിപ്പും ശിപാർശയും:

(ഒപ്പ്)

സ്ഥലം: ഒപ്പ്

തീയതി: പേര്

ഉദ്യോഗപ്പേര്

*(ക്ലാസ് II വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർ അതാത് വിഭാഗത്തിന്റെ ചുമതലയുള്ള ഡെപ്യൂട്ടിസെക്രട്ടറി/ജോയിന്റ് സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി, ചീഫ് എഡിറ്റർ, ചീഫ് ലൈബ്രേറിയൻ എന്നിവരിൽ ഒരാളിൽ നിന്നുള്ള പരിശോധനാക്കുറിപ്പും ശിപാർശയും രചനയോടൊപ്പം സമർപ്പിക്കേണ്ടതാണ്)

PCBVA/PL/Application forms for puraskaram(18.11.19)/19.11.19-Corrected on 27.11.19

ഭരണഭാഷാ സേവന പുരസ്കാരം (ക്ലാസ്സ്-III വിഭാഗം)

(അസിസ്റ്റന്റ്/കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/റിപ്പോർട്ടർ/കാറ്റലോഗ് അസിസ്റ്റന്റ്)

അപേക്ഷയുടെ മാതൃക വർഷം......................

| | | |
|---|---|---|
| 1. | പേര് | |
| 2. | ജനനത്തീയതി | |
| 3. | ഉദ്യോഗപ്പേര് | |
| 4. | ഓഫീസ്/സമിതി വിഭാഗം, ഫോൺ നമ്പർ (പൂർണ്ണമായ വിലാസം രേഖപ്പെടുത്തുക) | |
| 5. | സ്ഥിരം മേൽവിലാസം | |
| 6. | ജോലിയിൽ പ്രവേശിച്ച തീയതി | |
| 7. | മലയാളത്തിൽ ചെയ്ത ജോലിയെക്കുറിച്ചുള്ള സ്വയം വിലയിരുത്തൽ | |

സ്ഥലം: ഒപ്പ്

തീയതി: പേര്

ഫോൺ നമ്പർ

*മേലുദ്യോഗസ്ഥന്റെ പരിശോധനാക്കുറിപ്പും ശിപാർശയും:

(ഒപ്പ്)

സ്ഥലം: ഒപ്പ്

തീയതി: പേര്

ഉദ്യോഗപ്പേര്

*(ക്ലാസ് III വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർ അതാത് വിഭാഗത്തിന്റെ ചുമതലയുള്ള ഡെപ്യൂട്ടി സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി, ചീഫ് എഡിറ്റർ, ചീഫ് ലൈബ്രേറിയൻ എന്നിവരിൽ ഒരാളിൽ നിന്നുള്ള പരിശോധനാക്കുറിപ്പും ശിപാർശയും രചനയോടൊപ്പം സമർപ്പിക്കേണ്ടതാണ്)

PCBVA/PL/Application forms for puraskaram(18.11.19)/19.11.19-Corrected on 27.11.19

**കേരളസർക്കാർ**

സംഗ്രഹം

കേരള നിയമസഭാ സെക്രട്ടേറിയറ്റ്- ഔദ്യോഗികഭാഷാ വകുപ്പുതല സമിതി- നിയമസഭാ സെക്രട്ടേറിയറ്റിലെ വിവിധ വിഭാഗം ജീവനക്കാർക്ക് ഭരണഭാഷാ സേവന പുരസ്കാരവും ഭരണഭാഷാ സാഹിത്യ പുരസ്കാരവും ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

സ.ഉ.(കയ്യെഴുത്ത്) നമ്പർ.1600/2019 /നി.സെ. തീയതി, തിരുവനന്തപുരം,07.11.2019

പരാമർശം:- 2018 ഒക്ടോബർ 22-ാം തീയതിയിലെ ബഹു.സ്പീക്കറുടെ ഉത്തരവ്.

**ഉത്തരവ്**

ഭരണഭാഷ പൂർണ്ണമായും മലയാളത്തിലാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനും നിയമസഭാ സെക്രട്ടേറിയറ്റിൽ മലയാളത്തിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതിനുമായി ഔദ്യോഗികഭാഷ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഭരണം പൊതുജനങ്ങളുടെ ഭാഷയിലായിരിക്കണമെന്ന സർക്കാർ നയം നിയമസഭാ സെക്രട്ടേറിയറ്റിൽ നടപ്പിലാക്കുന്നതിന് സഹായകമാകുന്ന തരത്തിൽ മികച്ച പ്രവർത്തനം നടത്തിവരുന്ന ക്ലാസ്സ് II (അണ്ടർ സെക്രട്ടറി/ സെക്ഷൻ ഓഫീസർ/ എഡിറ്റർ ഓഫ് ഡിബേറ്റ്സ്/ ഡെപ്യൂട്ടി ലൈബ്രേറിയൻ), ക്ലാസ്സ് III (അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, റിപ്പോർട്ടർ, കാറ്റലോഗ് അസിസ്റ്റന്റ്) എന്നീ വിഭാഗങ്ങളിലുള്ള ഉദ്യോഗസ്ഥർക്ക് ഭരണഭാഷാ സേവന പുരസ്കാരവും പൊതുവിഭാഗത്തിനായി (നിയമസഭാ സെക്രട്ടേറിയറ്റിലെ ഡെപ്യൂട്ടേഷൻ വിഭാഗം ഒഴികെയുള്ള എല്ലാ ജീവനക്കാർക്കും) കഥ, കവിത, ഉപന്യാസം എന്നീ ഇനങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സ്വതന്ത്ര കൃതികളുടെ രചയിതാക്കൾക്ക് ഭരണഭാഷ സാഹിത്യ പുരസ്കാരവും നല്കുവാൻ ബഹു. സ്പീക്കർ അനുമതി നൽകി ഉത്തരവായിരിക്കുന്നു.

ക്ലാസ്സ് II, ക്ലാസ്സ് III വിഭാഗം ഉദ്യോഗസ്ഥർക്ക് ആകെ അതതു വിഭാഗങ്ങളിലായി ഒന്നാം സമ്മാനം 2,000/- രൂപയും രണ്ടാം സമ്മാനം 1000/- രൂപയും ഭരണഭാഷ സേവന പുരസ്കാരം നല്കുവാനും ഭരണഭാഷ സാഹിത്യ പുരസ്കാരം കഥ, കവിത, ഉപന്യാസം എന്നിവയ്ക്ക് ഓരോന്നിനും യഥാക്രമം ഒന്നാം സമ്മാനം 2,000/- രൂപയും രണ്ടാം സമ്മാനം 1500/- രൂപയും മൂന്നാം സമ്മാനം 1000/- രൂപയും നല്കുന്നതിനും ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ ഭരണഭാഷ പുരസ്കാരങ്ങൾക്കുള്ള തുക, 2019-20 സാമ്പത്തിക വർഷം ഔദ്യോഗികഭാഷ പ്രയോഗ പുരോഗതിക്കായി അനുവദിച്ചിട്ടുള്ള നിയമസഭാ സെക്രട്ടേറിയറ്റിലെ ഔദ്യോഗികഭാഷ വകുപ്പുതല സമിതിയുടെ "2011-02-103-99-26-നിയമസഭാ സെക്രട്ടേറിയറ്റ്- ഔദ്യോഗിക ഭാഷാ പ്രയോഗം" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും വഹിക്കുന്നതാണ്.

2

ചുവടെ പറഞ്ഞിരിക്കുന്ന ക്ലാസ് II (അണ്ടർ സെക്രട്ടറി/ സെക്ഷൻ ഓഫീസർ/ എഡിറ്റർ ഓഫ് ഡിബേറ്റ്സ്/ ഡെപ്യൂട്ടി ലൈബ്രേറിയൻ), ക്ലാസ്സ് III (അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, റിപ്പോർട്ടർ, കാറ്റലോഗ് അസിസ്റ്റന്റ്) എന്നീ വിഭാഗങ്ങൾക്ക് പുരസ്കാരം നൽകുന്നതിനുള്ള നിബന്ധനകൾ ചുവടെ ചേർത്തിരിക്കുന്നു.

## I. ഭരണഭാഷ സേവനപുരസ്കാരം (ക്ലാസ്സ് II)

**അണ്ടർ സെക്രട്ടറി/ സെക്ഷൻ ഓഫീസർ/ എഡിറ്റർ ഓഫ് ഡിബേറ്റ്സ്/ ഡെപ്യൂട്ടി ലൈബ്രേറിയൻ**

ഒന്നാം സമ്മാനം:- 2,000/- രൂപയും സത്സേവനരേഖയും, ഫലകവും.

രണ്ടാം സമ്മാനം:- 1,000/- രൂപയും സത്സേവനരേഖയും, ഫലകവും.

**നിബന്ധനകൾ**

1. പുരസ്കാരം നൽകുന്നതിന് തൊട്ടുമുമ്പുള്ള കലണ്ടർ വർഷത്തിലെ ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ ഔദ്യോഗിക ജോലിയുടെ ഭാഗമായി മലയാളത്തിൽ എഴുതിയ സമിതി റിപ്പോർട്ടുകൾ, യോഗനടപടിക്കുറിപ്പുകൾ, സഭാ പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റു രേഖകൾ, കുറിപ്പെഴുത്ത്, കരടെഴുത്ത്, രജിസ്റ്ററിലെ എഴുത്ത്, പട്ടിക തയ്യാറാക്കൽ, പരിപത്രങ്ങൾ, ഉത്തരവുകൾ തുടങ്ങി മലയാളത്തിൽ ചെയ്യുന്ന എല്ലാത്തരം രേഖകളും പുരസ്കാര നിർണ്ണയത്തിനായി സ്വീകരിക്കുന്നതാണ്.

2. പുരസ്കാരത്തിനായി രേഖകൾ സമർപ്പിക്കുമ്പോൾ അതാത് വിഭാഗത്തിന്റെ ചുമതലയുള്ള ഡെപ്യൂട്ടി/ജോയിന്റ്/അഡീഷണൽ/ സ്പെഷ്യൽ സെക്രട്ടറി, ചീഫ് എഡിറ്റർ, ചീഫ് ലൈബ്രേറിയൻ എന്നിവരിൽ ഒരാളിൽ നിന്ന് പ്രസ്തുത വ്യക്തിയാണ് ടി രചന നടത്തിയിട്ടുള്ളത് എന്ന സാക്ഷ്യപത്രം രചനയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. പ്രസ്തുത രചനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന രചനാകർത്താക്കൾക്ക് ആശയാവിഷ്കാരത്തിൽ വ്യക്തതയുണ്ടോയെന്നറിയുവാൻ മലയാള ഭാഷാപ്രയോഗം സംബന്ധിച്ച ഒരു എഴുത്തുപരീക്ഷകൂടി ഉണ്ടായിരിക്കുന്നതാണ്.

4. അവാർഡ് നിശ്ചയിക്കുന്നതിനുള്ള 40 മാർക്കിൽ പരമാവധി 25 മാർക്ക് മലയാളത്തിൽ നടത്തിയ രചനക്കും, 5 മാർക്ക് അഭിമുഖത്തിനും, 10 മാർക്ക് എഴുത്തുപരീക്ഷക്കും നൽകുന്നതായിരിക്കും.

3

## II. ഭരണഭാഷ സേവന പുരസ്കാരം (ക്ലാസ്സ് III)

**a) അസിസ്റ്റന്റ്**

ഒന്നാം സമ്മാനം:- 2,000/- രൂപയും സത്സേവനരേഖയും, ഫലകവും.
രണ്ടാം സമ്മാനം:- 1,000/- രൂപയും സത്സേവനരേഖയും, ഫലകവും.

**നിബന്ധനകൾ**

1. പുരസ്കാരം നൽകുന്നതിന് തൊട്ടുമുമ്പുള്ള കലണ്ടർ വർഷത്തിലെ ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ ഔദ്യോഗിക ജോലിയുടെ ഭാഗമായി മലയാളത്തിൽ എഴുതിയ സമിതി റിപ്പോർട്ടുകൾ, യോഗനടപടിക്കുറിപ്പുകൾ, സഭാ പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റു രചനകൾ, കുറിപ്പെഴുത്ത്, കരടെഴുത്ത്, രജിസ്റ്ററിലെ എഴുത്ത്, പട്ടിക തയ്യാറാക്കൽ, പരിപത്രങ്ങൾ, ഉത്തരവുകൾ തുടങ്ങി മലയാളത്തിൽ ചെയ്യുന്ന എല്ലാത്തരം രചനകളും പുരസ്കാര നിർണ്ണയത്തിനായി സ്വീകരിക്കുന്നതാണ്.

2. പുരസ്കാരത്തിനായി രചനകൾ സമർപ്പിക്കുമ്പോൾ അതാത് വിഭാഗത്തിന്റെ ചുമതലയുള്ള ഡെപ്യൂട്ടി സെക്രട്ടറിയുടെയോ അതിൽ ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥനിൽ നിന്നോ പ്രസ്തുത വ്യക്തിയാണ് ടി രചന നടത്തിയിട്ടുള്ളത് എന്ന സാക്ഷ്യപത്രം രചനയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. പ്രസ്തുത രചനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന രചനാകർത്താക്കൾക്ക് ആശയാവിഷ്കാരത്തിൽ വ്യക്തതയുണ്ടോയെന്നറിയുവാൻ മലയാള ഭാഷാ പ്രയോഗം സംബന്ധിച്ച എഴുത്തുപരീക്ഷകൂടി ഉണ്ടായിരിക്കുന്നതാണ്.

4. അവാർഡ് നിശ്ചയിക്കുന്നതിനുള്ള 40 മാർക്കിൽ പരമാവധി 25 മാർക്ക് മലയാളത്തിൽ നടത്തിയ രചനക്കും 5 മാർക്ക് അഭിമുഖത്തിനും, 10 മാർക്ക് എഴുത്തുപരീക്ഷക്കും നൽകുന്നതായിരിക്കും.

**b) കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്**

ഒന്നാം സമ്മാനം:- 2,000/- രൂപയും സത്സേവനരേഖയും, ഫലകവും.
രണ്ടാം സമ്മാനം:- 1,000/- രൂപയും സത്സേവനരേഖയും, ഫലകവും.

**നിബന്ധനകൾ**

1. പുരസ്കാരം നൽകുന്നതിന് തൊട്ടുമുമ്പുള്ള കലണ്ടർ വർഷത്തിലെ ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ

4

ഔദ്യോഗിക ജോലിയുടെ ഭാഗമായി മലയാളത്തിൽ ടൈപ്പ് ചെയ്ത സമിതി റിപ്പോർട്ടുകൾ, യോഗനടപടിക്കുറിപ്പുകൾ, സഭാ പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റു രചനകൾ, കുറിപ്പുകൾ, കരട്, രജിസ്റ്ററിലെ എഴുത്ത്, പട്ടിക തയ്യാറാക്കൽ, പരിപത്രങ്ങൾ, ഉത്തരവുകൾ തുടങ്ങി മലയാളത്തിൽ ചെയ്യുന്ന എല്ലാത്തരം ടൈപ്പിംഗ് അനുബന്ധ പ്രവർത്തനങ്ങളും പുരസ്കാര നിർണ്ണയത്തിനായി സ്വീകരിക്കുന്നതാണ്.

2. പുരസ്കാരത്തിനായുള്ള രചനകൾ സമർപ്പിക്കുമ്പോൾ അതാത് വിഭാഗത്തിന്റെ ചുമതലയുള്ള ഡെപ്യൂട്ടി സെക്രട്ടറിയിൽ നിന്നോ, അതിൽ ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥനിൽ നിന്നോ പ്രസ്തുത വ്യക്തിയാണ് ടി രചന ടൈപ്പ് ചെയ്തത് എന്ന സാക്ഷ്യപത്രം രചനയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. തെരഞ്ഞെടുക്കപ്പെടുന്ന ടൈപ്പിംഗ് വർക്ക് നടത്തിയ കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന് തെറ്റില്ലാതെ മലയാളം ടൈപ്പ് ചെയ്യുന്നതിലെ പ്രാവീണ്യം അടിസ്ഥാനപ്പെടുത്തി മലയാളം ടൈപ്പിംഗ് പരീക്ഷ ഉണ്ടായിരിക്കുന്നതാണ്.

4. അവാർഡ് നിശ്ചയിക്കുന്നതിനുള്ള 40 മാർക്കിൽ പരമാവധി 25 മാർക്ക് മലയാളത്തിൽ നടത്തിയ ടൈപ്പിംഗ് ജോലിക്കും 5 മാർക്ക് അഭിമുഖത്തിനും, 10 മാർക്ക് മലയാളം ടൈപ്പിംഗ് പരീക്ഷക്കും നൽകുന്നതായിരിക്കും.

**c) കാറ്റലോഗ് അസിസ്റ്റന്റ്**

ഒന്നാം സമ്മാനം:- 2,000/- രൂപയും സത്സേവനരേഖയും, ഫലകവും.
രണ്ടാം സമ്മാനം:- 1,000/- രൂപയും സത്സേവനരേഖയും, ഫലകവും.

**നിബന്ധനകൾ**

1. പുരസ്കാരം നൽകുന്നതിന് തൊട്ടുമുമ്പുള്ള കലണ്ടർ വർഷത്തിലെ ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ ഔദ്യോഗിക ജോലിയുടെ ഭാഗമായി നടത്തിയ കുറിപ്പുകൾ, രജിസ്റ്ററിലെ എഴുത്ത്, വൈജ്ഞാനിക രേഖകളുടെ വർഗ്ഗീകരണം, ക്രമീകരണം, വൈജ്ഞാനിക രേഖകൾ/സൂചിക തയ്യാറാക്കൽ തുടങ്ങി മലയാളത്തിൽ ചെയ്യുന്ന എല്ലാത്തരം രചനകളും പുരസ്കാര നിർണ്ണയത്തിനായി സ്വീകരിക്കുന്നതാണ്.
2. പുരസ്കാരത്തിനായി സമർപ്പിക്കുന്ന രചന പ്രസ്തുത വ്യക്തി ടി കാലയളവിൽ രചിച്ചതാണെന്ന ഒരു സാക്ഷ്യപത്രം ചീഫ് ലൈബ്രേറിയനിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കേണ്ടതാണ്.
3. അവാർഡ് നിശ്ചയിക്കുന്നതിനായുള്ള 30 മാർക്കിൽ പരമാവധി 25 മാർക്ക് രചനയ്ക്കും, 5 മാർക്ക് അഭിമുഖത്തിനും നല്കുന്നതായിരിക്കും.

5

**d) റിപ്പോർട്ടർ**

ഒന്നാം സമ്മാനം:- 2,000/- രൂപയും സത്സേവനരേഖയും, ഫലകവും.
രണ്ടാം സമ്മാനം:- 1,000/- രൂപയും സത്സേവനരേഖയും, ഫലകവും.

**നിബന്ധനകൾ**

1. പുരസ്കാരം നൽകുന്നതിന് തൊട്ടുമുമ്പുള്ള കലണ്ടർ വർഷത്തിലെ ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ ഔദ്യോഗിക ജോലിയുടെ ഭാഗമായി നടത്തിയ സഭാപ്രവർത്തനവുമായി ബന്ധപ്പെട്ട രചനകൾ, കുറിപ്പുകൾ, രജിസ്റ്ററിലെ എഴുത്ത്, നിയമസഭാ നടപടികളുടെ സംഗ്രഹം, സഭാദ്ധ്യക്ഷന്റെ പ്രധാന തീരുമാനങ്ങൾ (Ruling), വെർബാറ്റിം പ്രൊസീഡിംഗ്സ്, തുടങ്ങി മലയാളത്തിൽ ചെയ്യുന്ന എല്ലാത്തരം രചനകളും പുരസ്കാര നിർണ്ണയത്തിനായി സ്വീകരിക്കുന്നതാണ്.

2. പുരസ്കാരത്തിനായി സമർപ്പിക്കുന്ന രചന പ്രസ്തുത വ്യക്തി ടി കാലയളവിൽ രചിച്ചതാണെന്ന ഒരു സാക്ഷ്യപത്രം ചീഫ് എഡിറ്ററിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കേണ്ടതാണ്.

3. അവാർഡ് നിശ്ചയിക്കുന്നതിനായുള്ള 30 മാർക്കിൽ പരമാവധി 25 മാർക്ക് രചനയ്ക്കും, 5 മാർക്ക് അഭിമുഖത്തിനും നല്കുന്നതായിരിക്കും.

## III. ഭരണഭാഷാ സാഹിത്യ പുരസ്കാരം

നിയമസഭാ സെക്രട്ടേറിയറ്റിലെ (ഡെപ്യൂട്ടേഷൻ വിഭാഗം ഒഴികെ) എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തി മലയാളത്തിൽ രചിച്ച കഥ,കവിത,ഉപന്യാസം എന്നിവയാണ് പുരസ്കാരം നൽകുന്നതിനായി പരിഗണിക്കുന്നത്.

ഒന്നാം സമ്മാനം:- 2,000/- രൂപയും സത്സേവനരേഖയും, ഫലകവും.
രണ്ടാം സമ്മാനം:- 1,500/- രൂപയും സത്സേവനരേഖയും, ഫലകവും.
മൂന്നാം സമ്മാനം:- 1,000/- രൂപയും സത്സേവനരേഖയും, ഫലകവും.

**നിബന്ധനകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷയും, അതോടൊപ്പം പ്രസ്തുത രചനയുടെ രണ്ട് പകർപ്പുകളും കൃതി പ്രസിദ്ധീകൃതമായിട്ടുണ്ടെങ്കിൽ പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ രണ്ട് പകർപ്പുകളും ആയത് 'ബാധകമായ കാലയളവിൽ രചിച്ചതാണ്" എന്ന ഒരു സത്യവാങ്മൂലവും സമർപ്പിക്കേണ്ടതാണ്.

2. പുരസ്കാരം നൽകുന്നതിന് തൊട്ടുമുമ്പുള്ള കലണ്ടർ വർഷത്തിലെ ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ പുറത്തിറക്കിയ രചനകളായിരിക്കും പരിഗണിക്കുന്നത്.

6

മേൽപ്പറഞ്ഞ എല്ലാ വിഭാഗത്തിലുമുള്ള പുരസ്കാരവുമായി ബന്ധപ്പെട്ട് പുരസ്കാര നിർണ്ണയ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

എസ്.വി.ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.

പകർപ്പ്:-

1. ബഹു.സ്പീക്കറുടെ പി.എസ്.
2. ബഹു. ഡെപ്യൂട്ടി സ്പീക്കറുടെ പി.എസ്.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/ ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
5. ബഹു.സെക്രട്ടറിയുടെ പി.എസ്.
6. സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.
7. എസ്റ്റേറ്റ് ഓഫീസർ, എം.എൽ.എ ഹോസ്റ്റൽ.
8. ജോയിന്റ് സെക്രട്ടറി, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി.
9. ഫിനാൻസ് ഓഫീസർ, നിയമസഭാ സെക്രട്ടേറിയറ്റ്.
10. ചീഫ് എഡിറ്റർ.
11. ചീഫ് ലൈബ്രേറിയൻ.
12. സബ്ട്രഷറി ഓഫീസർ, നിയമസഭാ സമുച്ചയം, തിരുവനന്തപുരം.
13. സർവ്വീസസ് 'എ', 'ബി', 'സി' വിഭാഗങ്ങൾ.
14. അക്കൗണ്ട്സ് 'എഫ്' വിഭാഗം.
15. വിവര വിഭവ വികസന വിഭാഗം.
16. വിവര സാങ്കേതികവിദ്യാ വിഭാഗം.
17. റിസർച്ച്/റിസപ്ഷൻ/ഹൗസ് കീപ്പിംഗ് വിഭാഗങ്ങൾ.
18. ആഭ്യന്തര പരിശോധനാ വിഭാഗം.
19. സഭാ ടിവി വിഭാഗം
20. കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ


കവിത



ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ ശബ്ദമില്ലാത്തവർ എന്ന വിഷയത്തെ ആസ്പദമാക്കിയ കവിത മത്സരത്തിൽ മൂന്നാം സ്ഥാനത്തിന് അർഹമായത്.


**പ്രസാദ് വി.**
(അമിനിറ്റീസ് അസിസ്റ്റന്റ്)

# തൂലിക



ശബ്ദം ഒരു സൂചികയാണ്;
പ്രണയത്തിന്റെ, പ്രയാണത്തിന്റെ
ശബ്ദം ഒരു പേടിപ്പെടുത്തലാണ്
ഇണയേയും........ഇരയേയും......!
ശബ്ദം ഒരു അടയാളപ്പെടുത്തലാണ്
ജീവിതത്തിന്റേയും, മരണത്തിന്റേയും......!
ആദിയിലെ വചന ശബ്ദം
സത്യത്തിന്റെ പ്രതിധ്വനിയായിരുന്നു.
ശബ്ദമില്ലാത്തവർ ഭാഗ്യവാൻമാർ
ഒന്നിനെതിരെയും ശബ്ദിക്കേണ്ടല്ലോ;
ശബ്ദമുള്ളവരോ അവരും ഭാഗ്യർ
ശബ്ദലേശമില്ലാതെ പറുങ്ങുന്നവർ
ഭീതിതമായ ഇരയുടെ ശബ്ദം
പതിക്കുന്നതോ ബധിരകർണങ്ങളിൽ....
ശബ്ദമുള്ളവരിന്നു കൈയൂക്കുകാർ
ഇണയെയാകർഷിക്കും ശബ്ദമിശ്രണം
തുണയില്ലാത്തോർക്ക് തുണയായി
നിൽക്കുന്ന ശബ്ദവിതാനമേയില്ല.
രാജപാതയിലും, യാത്രായിടത്തിലും
വീട്ടിലും, തൊഴിലിടത്തിലും ഒക്കെ
വാപൂട്ടി, മിഴി നട്ട്, വരണ്ട നാവാൽ
ശബ്ദമൊളിപ്പിച്ച് ഉഴറി നിൽക്കുന്നു!
അതിശബ്ദം സത്യത്തിന്റേതല്ല;
മറിച്ച് കാപട്യത്തിന്റേതാണ്.
തൂലികക്കെങ്കിലും ശബ്ദമില്ലാത്ത-
വരുടെ ശബ്ദമായ് മാറാൻ
കഴിഞ്ഞെങ്കിൽ ●

പ്രിയപുസ്തകം




ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 2020-ലെ വായനാക്കുറിപ്പ് മത്സരത്തിൽ മൂന്നാം സ്ഥാനത്തിന് അർഹമായത്

# രണ്ടാമൂഴം

**അനു സി.**
അസിസ്റ്റന്റ്



മഹാഭാരതയുദ്ധവിജയത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ 'ഭീമസേനൻ' എന്ന കഥാപാത്രം, തന്റെ ആത്മനൊമ്പരങ്ങളും, അന്നു താൻ നേരിടേണ്ടിവന്ന പ്രതിസന്ധിഘട്ടങ്ങളും നേരിട്ട് അനുവാചകരിലെത്തിക്കുന്ന ശ്രീ. എം. ടി യുടെ രണ്ടാമൂഴമാണ് എന്റെ പ്രിയപുസ്തകം.

സ്നേഹവും അഭിമാനവും കുടുംബ (കുല) സ്നേഹവായ്പും ക്ഷാത്രവീര്യവും കാമവും പ്രേമവും മുറ്റിനിന്ന ഭീമസേനൻ പാണ്ഡവരിൽ ഒന്നാമനാകേണ്ടിയിരുന്നവനാണ്. പക്ഷെ ഇന്ദ്രപുത്രനായ വില്ലാളിവീരൻ അർജ്ജുനനു പിന്നിൽ രണ്ടാം സ്ഥാനവും, ചില സമയങ്ങളിൽ ധർമ്മപുത്രർക്കും, അർജ്ജു നനും പിന്നിൽ മൂന്നാം സ്ഥാനവും മാത്രമാണ് ഭീമന് ലഭിച്ചിരുന്നത്.

ഓർമ്മകളും പ്രതീക്ഷകളും മായ്ച്ചുകളഞ്ഞ അചഞ്ചലമായ മനസ്സോടെ തന്റെ മാതാവായ കുന്തിയെയും ജ്യേഷ്ഠനായ ധർമ്മപുത്രരേയും മറ്റു സഹോദരങ്ങളെയും പാഞ്ചാലിയെയും പരിപാലിക്കുന്ന ഭീമൻ യുദ്ധവിജയത്തിനുവേണ്ടി തന്റെ യൗവന സ്വപ്നങ്ങളെ

**ഭീമനില്ലെങ്കിൽ പാണ്ഡവർക്ക് ജയം അസാധ്യമാകു മായിരുന്നു. ബകനെയും, കീചകനെയും, ഹിഡിംബനെയും, ദുശ്ശാസനനെയും, ദുര്യോധനനെയും വധിച്ച് വിജയത്തിന് നേതൃത്വം കൊടുത്ത ഭീമസേനനെ ആരും വേണ്ടത്ര പരിഗണിക്കുന്നില്ല.ദുരന്തകഥാപാത്രമാകുകയാണ് ഭീമൻ.**

ത്യജിക്കേണ്ടി വരുന്നു. പാഞ്ചാലിയോട് ഭീമസേനനുണ്ടായ കറകളഞ്ഞ പ്രണയം, പാഞ്ചാലി മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. 'അർജ്ജുനനെ മാത്രം പ്രണയിക്കുന്ന പാഞ്ചാലി അവസാനയാത്രയിൽ വീണു പോകുമ്പോൾ തിരിഞ്ഞുനോക്കുവാൻ (വ്യസനസമേതം) ഭീമൻ മാത്രമേയുണ്ടാ യിരുന്നുള്ളൂ'. നില്ക്കൂ ജ്യേഷ്ഠാ, ദ്രൗപദി വീണുപോയി എന്നു യുധിഷ്ഠിരനോട് പറ യുന്ന ഭീമനോട് 'അത്ഭുതമില്ല, ഉടലോടെ ദേവപദത്തിലെത്താൻ ആത്മവീര്യം അവൾ പണ്ടേ നഷ്ടപ്പെടുത്തി.' 'അവൾ അർജ്ജുന നെ മാത്രമേ സ്നേഹിച്ചിരുന്നുള്ളൂ; രാജസൂയ ത്തിൽ എന്റെയരികെ ഇരിക്കുമ്പോഴും അവ ളുടെ കണ്ണുകൾ അർജ്ജുനനിലായി രുന്നു', എന്നുള്ള വാക്കുകളാണ് പറയുന്നത്. ബഹു ഭർത്തൃത്വത്തിന്റെ (അനാചാരത്തിന്റെ) ഇരയാ കേണ്ടിവന്ന ദ്രൗപദിയെ മരണസമയത്ത് തിരി ഞ്ഞു നോക്കുവാൻ പോലും തന്റെ പ്രണയ ഭാജനമായ അർജ്ജുനൻ തയ്യാറാവുന്നില്ല.

ശതശൃംഗത്തിൽ നിന്ന് ഹസ്തിനപുരി യിലേക്ക് തങ്ങൾക്കു കിട്ടേണ്ട രാജ്യാവകാശ ത്തിനും ആദരവിനും വേണ്ടിയുള്ള യാത്ര യാണ് പഞ്ചപാണ്ഡവർ നടത്തുന്നത്. ഹസ്തിനപുരത്തിന്റെ രാജാവായ പാണ്ഡു വിന്റെ മരണശേഷം, അദ്ദേഹത്തിന്റെ മക്ക ൾക്കു കിട്ടേണ്ട അവകാശം അധർമ്മവും, ചതിയും ജീവിതചര്യയാക്കിയ കൗരവർ, ഇതൊന്നും നൽകുന്നില്ലെന്നു മാത്രമല്ല, പാണ്ഡവരെ കൊന്നൊടുക്കുവാൻ നോക്കുന്നു.

ഏതൊരു കുടുബത്തിലും സ്വത്തിനും, അധികാരങ്ങൾക്കും വേണ്ടിയുണ്ടാകുന്ന തർക്കങ്ങളും പിന്നീടുണ്ടാകുന്ന വധശ്രമങ്ങളു മെല്ലാം വേദവ്യാസൻ മുൻകൂട്ടി കണ്ടിരി ക്ക ണം. സ്വന്തം കുടുംബത്തിന് ജീവിതം മറന്നു കൊണ്ട് അഹോരാത്രം പണിയെടുത്തിട്ടും മറ്റു കുടുബാംഗങ്ങൾക്കും, മക്കൾക്കും പരിഗണന നൽകുന്ന അമ്മമാരും, സഹോദരൻമാരും ഉള്ള സമകാലിക ലോകമാണ് നമ്മുടേത്.

പുച്ഛത്തോടെ തന്റെ സഹോദരനായ ഭീമനെ യുധിഷ്ഠിരൻ 'മന്ദൻ' എന്നു വിളിക്കു മ്പോൾ കൗരവർ 'വൃക്കോദരൻ' എന്നു വിളിച്ചു അധിക്ഷേപിക്കുന്നു. പക്ഷെ ജീവിത സാഹചര്യത്തിൽ നിന്ന് ഭീമൻ മഹാബലവാ നായി തന്നെ വളർന്നു. മദ്യം കുടിപ്പിച്ചു, ഒറ്റ പന്നിയെ വീഴ്ത്തിയതിന് ഭീമനെ, അഭിനന്ദിച്ച്, വിഷം കൊടുത്ത് മയക്കി പ്രമാണകോടിയെന്ന കയ ത്തിലെറിഞ്ഞ് കൊല്ലാൻ ശ്രമിക്കുന്നത് ദുര്യോധന-ദുശ്ശാസന-കർണ്ണ കൂട്ടുകെട്ടാണ്. (ചതിയനായ കർണ്ണൻ ഭീമനെ വിമർശി ക്കാനും കൂട്ടുനിൽക്കുന്നു). വിഭവസമൃദ്ധമായ ഭക്ഷണം കഴിച്ചതിനെ തുടർന്ന് കുന്തി ഭീമനെ വിളിച്ച പേരായിരുന്നു വൃക്കോദരൻ എന്നു ള്ളത്. പിന്നീട് ദാസിമാർ സൃഷ്ടിച്ച ആ നാമം തിരുത്താൻ മറ്റുള്ളവർ തയ്യാറാവുന്നില്ല. കുന്തി യന്ന അമ്മപോലും മകനെ കളിയാ ക്കുന്നു.

തന്റെ പിതാവല്ലാത്ത പാണ്ഡുവിന്, വായുപുത്രനായ ഭീമൻ ബലികർമ്മങ്ങൾ ചെയ്യുന്നതിലെ ധാർമ്മികത ഭീമൻ ചോദ്യം ചെയ്യുന്നുണ്ട്. ബ്രാഹ്മണ സമുദായത്തിൽപെട്ട വുടെ മക്കൾ മാത്രം ഉണ്ണണമെന്നതും, 'വിദുരരുടെ മക്കൾ ശൂദ്രരാണ്' എന്നുള്ള യുധിഷ്ഠിരന്റെ പരാമർശവും ഭീമനെ വേദനിപ്പിക്കുന്നു. ദുര്യോധനനും, ദുശ്ശാസനനും ചേർന്ന് ഭീമനെ ആക്രമിക്കുവാൻ ശ്രമിക്കുമ്പോൾ, നിവൃത്തിയില്ലാതെ തിരിച്ചടിക്കുവാൻ ശ്രമിച്ചപ്പോൾ 'വലിയച്ഛന്റെ ഉണ്ണികളെ നീ ഉപദ്രവിക്കുന്നുവെന്ന് കേട്ടല്ലോ? എന്നുള്ള കുന്തിയുടെ പരാമർശവും, നീ കുലദ്രോഹിയാകരുത് എന്നുള്ള കുറ്റപ്പെടുത്തലും വായനക്കാരിൽ 'ഇവരെന്തു സ്ത്രീയാണിവർ' എന്ന തോന്നലുണ്ടാക്കുന്നു. ശക്തനായ വായു ഭഗവാന്റെ പുത്രനാണെന്ന് സ്വയം അഭിമാനിക്കുമ്പോഴും, പിതാവിൽ നിന്നും പരിലാളന കിട്ടാത്തതിൽ ഭീമനെ ഖിന്നനാകുന്നുണ്ട്. കാട്ടാള സ്ത്രീയായ ഹിഡിംബിയെ തന്റെ പത്നിയായി കുന്തിക്കു മുൻപിൽ എത്തിക്കുന്ന ഭീമന്, തുടർന്നുള്ള കാനനയാത്രയിൽ കാട്ടാള സ്ത്രീയെകൂടെ കൂട്ടാൻ സാധിക്കുന്നില്ല. (കുന്തിയുടെ കടുംപിടിത്തം കാരണം) അരക്കില്ലം ചുട്ടെരിക്കുന്ന സമയത്ത്, എല്ലാവരെയും തുരങ്കം വഴി രക്ഷപ്പെടുത്തിയതിനു ശേഷമാണ് ഭീമൻ രക്ഷപ്പെടുന്നത്. മാത്രവുമല്ല തന്റെ മാതാവായ കുന്തിയെ ചുമലിൽ ചുമന്ന് കാട്ടിലുടനീളം നടക്കുന്നതും, ഭക്ഷ്യവസ്തുക്കളും, വെള്ളവും എത്തിക്കുന്നതും ഭീമനാണ്. ഹസ്തിപനിൽ നിന്നും ആനശാസ്ത്രം മനസ്സിലാക്കുന്ന ഭീമൻ ഒരു ആനയുടെ കീഴിൽ ഒളിച്ചിരുന്നതിനു ശേഷം, പിന്നീട് തിരിച്ചുവന്ന് കൗരവരെ തച്ചുടച്ച് ഒരു ദിവസത്തെ യുദ്ധം ജയിപ്പിക്കുന്നുണ്ട്. പാഞ്ചാലി വസ്ത്രാക്ഷേപത്തിന്റെ പ്രതികാരമായി ദുശ്ശാസനനെ കൊന്ന് ഒരിക്കലും കെട്ടാതിരുന്ന ദ്രൗപദിയുടെ മുടി കെട്ടാൻ സൗകര്യമൊരുക്കുന്നതും, പാണ്ഡവരെ ചതിച്ചു ദുര്യോധനനെ തുടക്കടിച്ചും കൊല്ലുന്നതും മഹാഗദാധാരിയായ ഭീമസേനനാണ്. കർണനാലുള്ള ഘടോത്കചന്റെ വധം ഭീമനെ തളർത്തുന്നു.

തന്റെ പ്രണയഭാജനമായി ദ്രൗപദിയെ ചതിയിലൂടെ സ്വന്തമാക്കാൻ ഭീമൻ ശ്രമിക്കുന്നില്ലെന്നു മാത്രമല്ല, തന്നോടുള്ള പ്രണയത്തിനു വേണ്ടിവാശിപിടിക്കുന്നുമില്ല. പാഞ്ചാലിയുടെ ഇഷ്ടപ്രകാരം കല്യാണസൗഗന്ധിക പുഷ്പം തേടി പോകുന്ന ഭീമൻ തന്റെ യാത്രാവേളയിൽ ഹനുമാനെ കാണുമ്പോൾ താൻ വായുപുത്രനാണെന്നും, വാനരശ്രേഷ്ഠനായ ഹനുമാൻ തന്റെ ജ്യേഷ്ഠനാണെന്നും അഭിമാനം കൊള്ളുന്നു.

നായാട്ടിനിടെ ആദ്യവേട്ടമൃഗമായ കരിമാനെ അർജ്ജുനൻ എയ്തുവീഴ്ത്തുമ്പോൾ അത് ആഘോഷമാക്കി, ദേവൻമാർക്ക് ബലി നൽകുന്ന യുധിഷ്ഠിരൻ, ഭീമൻ ആദ്യമൃഗത്തിനെ വീഴ്ത്തുമ്പോൾ ആഘോഷമാക്കുകയോ, ബലി നൽകുകയോ ചെയ്യുന്നില്ല. അജ്ഞാതവാസക്കാലത്ത് 'വലലൻ' എന്ന പാചകക്കാരനാകുന്ന ഭീമസേനൻ 'അവിയൽ' എന്ന ഭക്ഷ്യവിഭവം സൃഷ്ടിച്ചു രാജാവിനെയും പ്രജകളെയും അത്ഭുതപ്പെടുത്തുന്നു.

ഭീമനില്ലെങ്കിൽ പാണ്ഡവർക്ക് ജയം അസാധ്യമാകുമായിരുന്നു. ബകനെയും, കീചകനെയും, ഹിഡിംബനെയും, ദുശ്ശാസനനെയും, ദുര്യോധനനെയും വധിച്ച് വിജയത്തിന് നേതൃത്വം കൊടുത്ത ഭീമസേനനെ ആരും വേണ്ടത്ര പരിഗണിക്കുന്നില്ല. ദുരന്ത കഥാപാത്രമാകുകയാണ് ഭീമൻ. പാർത്ഥന് പിന്നിൽ ഒതുങ്ങിപോകുന്നു. ധർമ്മനീതിയെന്ന വ്യാഖ്യാനത്തിൽ ചൂതുകളിച്ച് എല്ലാം പണയപ്പെടുത്തി, രാജ്യം പോലും നഷ്ടപ്പെടുത്തുന്ന യുധിഷ്ഠിരൻ നീതിമാനും വിശുദ്ധനും, വില്ലാളിയെന്ന് അഹങ്കരിച്ച് കൃഷ്ണന്റെ സഹായത്താൽ മാത്രം വിജയം നേടുന്ന അർജ്ജുനനും പുകഴ്ത്തപ്പെടുമ്പോൾ ഭീമസേനൻ തഴയപ്പെടുന്നത് അപലപനീയവും നീതി നിഷേധവുമാണെന്ന് അനുവാചകർ വിശ്വസിക്കുന്നു.

●



# കേരളീയ കുടുംബവ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ

**ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ മൂന്നാം സ്ഥാനത്തിന് അർഹമായത്**

**പ്രസാദ് വി.**
അമിനിറ്റീസ് അസിസ്റ്റന്റ്

കൂടുമ്പോൾ ഇമ്പമുള്ളതാണല്ലോ കുടുംബം. എന്നാൽ ഇന്നത്തെ സമൂഹത്തിൽ കുടുംബ ബന്ധങ്ങളുടെ ശൈഥില്യം വളരെ കൂടുതലാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. അച്ഛൻ, അമ്മ, മക്കൾ തുടങ്ങിയ അണുകുടുംബ വ്യവസ്ഥ എന്നു മുതൽ നിലവിൽ വന്നോ അന്നു മുതൽ കുടുംബ ബന്ധങ്ങളുടെ താളം തെറ്റാൻ തുടങ്ങി. കൂട്ടുകുടുംബ സമ്പ്രദായം നിലവിലുണ്ടായിരുന്നപ്പോൾ കുടുംബബന്ധങ്ങൾക്ക് ആഴവും പരപ്പും ഇഴയടുപ്പവുമുണ്ടായിരുന്നു. കൂട്ടുകുടുംബ വ്യവസ്ഥയിൽ കുടുംബത്തിലുണ്ടാകുന്ന ചെറിയ പ്രശ്നങ്ങൾപോലും എല്ലാവരും അറിയുകയും ഓരോ അംഗവും അത് പരിഹരിക്കാൻ തന്നാലാവത് പരിശ്രമിക്കുകയും ചെയ്തിരുന്നു. കുടുംബനാഥന് അവസാനവാക്കെന്ന നിലയിൽ പ്രശ്നപരിഹാരം സാധ്യമായിരുന്നു. അണുകുടുംബങ്ങളിൽ ഉണ്ടാകുന്ന ചെറിയ പ്രശ്നങ്ങൾ പോലും വൻദുരന്തങ്ങളിലേയ്ക്ക് എത്തപ്പെടുന്ന പ്രവണത കൂടിക്കൂടി വരികയാണ്. ഇതിന്റെ മൂലകാരണം പ്രശ്ന പരിഹാരത്തിന് തലമുതിർന്ന ഒരംഗത്തിന്റെ അപര്യാപ്തതയാണ്.

ആധുനിക സമൂഹത്തിൽ കുടുംബബന്ധങ്ങളുടെ ആണിക്കല്ലിളക്കുവാൻ പര്യാപ്തമായ ഉപകരണമാണ് മൊബൈൽ ഫോൺ. ഒരർത്ഥത്തിൽ ഫോണുപയോഗം നല്ലതും മറ്റൊരർത്ഥത്തിൽ ചീത്തയുമായി മാറുന്നു.



ഇന്നത്തെ കുടുംബത്തിൽ കുടുംബനാഥനും കുടുംബനാഥയ്ക്കും സ്ഥിരവരുമാനമുള്ള ജോലി ഉണ്ട്. അതുകൊണ്ടുതന്നെ അവർ ഉദ്യോഗസംബന്ധമായ തിരക്കിലുമായിരിക്കും. കുട്ടികളെ ശരിയായി മനസ്സിലാക്കാനോ അവരുമായി സംവദിക്കാനോ സമയം കിട്ടാറില്ല; കിട്ടിയാൽ തന്നെ അതിന് മുതിരാറുമില്ല. മാർക്ക് കുറയുമ്പോൾ ചോദിക്കുന്ന രക്ഷിതാക്കൾ മാത്രമായി അവർ ചുരുങ്ങുന്നു. മക്കൾ തങ്ങളുടേതായ ഒരു ലോകം പടുത്തുയർത്തുമ്പോൾ പല ചതിക്കുഴികളും അതിൽ അടങ്ങിയിട്ടുണ്ടാകും. ഇത് രക്ഷിതാക്കൾ തിരിച്ചറിയുമ്പോ ഴേക്കും സമയം അതിക്രമിച്ചിരിക്കും. ഈ പ്രവണത വളർന്ന് കുടുംബബന്ധങ്ങളുടെ കെട്ടുറപ്പിനെ സാരമായി ബാധിക്കുന്നു. ഭാര്യ ഭർത്താവിനെ പഴിചാരി രക്ഷപ്പെടാൻ നോക്കുമ്പോൾ ഭർത്താവ് ഭാര്യയെ പഴിച്ച് രക്ഷപ്പെടുന്നു. ഫലത്തിൽ കുടുംബബന്ധം ആടിയുലയുന്നു.

മക്കൾ ഇവർക്കിടയിൽ ശ്വാസംമുട്ടി, വീർപ്പുമുട്ടി കഴിയേണ്ടി വരുമ്പോൾ സ്നേഹത്തിനും സാന്ത്വനങ്ങൾക്കും മറ്റ് വഴികൾ തേടി യാത്രയാകുന്നു. അമ്മയുമച്ഛനും ഏകാഭിപ്രായത്തോടെ മുന്നോട്ടു പോയാൽ ഒരു പരിധി വരെ കുടുംബത്തിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് ശമനമുണ്ടാക്കുവാൻ സാധിക്കും.

ആധുനിക സമൂഹത്തിൽ കുടുംബബന്ധങ്ങളുടെ ആണിക്കല്ലിളക്കുവാൻ പര്യാപ്തമായ ഉപകരണമാണ് മൊബൈൽ ഫോൺ. ഒരർത്ഥത്തിൽ ഫോണുപയോഗം നല്ലതും മറ്റൊരർത്ഥത്തിൽ ചീത്തയുമായി മാറുന്നു. 'അധികമായാൽ അമൃതും വിഷം' എന്ന വിധത്തിൽ ഫോണുപയോഗം അതിരുകടക്കുമ്പോൾ ആണിനും പെണ്ണിനും അത് ദോഷകരമായി ഭവിക്കുന്നു. മുതിർന്നവർ മാത്രമല്ല കുട്ടികളും

ഈ ദൂഷിതവലയത്തിന്റെ പിടിയിലാണ്. ആകർഷകമായ ഗെയിമുകളായും ഷോകളായും കുട്ടികൾക്കു മുന്നിൽ മൊബൈൽ ഒരു മായിക പ്രപഞ്ചം സൃഷ്ടിക്കുന്നു.

"എനിക്കുണ്ടൊരു ലോകം
നിനക്കുണ്ടൊരു ലോകം
നമുക്കുണ്ടൊരു ലോകം'

എന്ന കുഞ്ഞുണ്ണി മാഷുടെ വരികൾ പോലെ ഓരോരുത്തരും അവരവരുടെ ഇടുങ്ങിയ ലോകത്തേയ്ക്ക് ചുരുങ്ങിയിരിക്കുന്നു.

കുട്ടികളുടെ മൊബൈൽ പ്രേമം അവസാനിക്കുന്നത് മുതിർന്നവരുടെ വഴക്കിലാണ്. അവർക്ക് മൊബൈൽ നൽകി വഷളാക്കിയെന്ന് ദമ്പതികൾ പരസ്പരം കുറ്റപ്പെടുത്തി തടിതപ്പുന്നു. എന്നാൽ കുട്ടികൾ ഈ അവസരം പരമാവധി മുതലെടുക്കുന്നു. കൊലയാളി ഗെയിമുകൾ തന്റെ ജീവനെടുക്കുന്ന ഘട്ടത്തിൽ പോലും രക്ഷിതാക്കൾ ഇത് തിരച്ചറിയപ്പെടുന്നില്ല.

മുതിർന്നവരുടെ മൊബൈൽ ഉപയോഗം കുടുംബബന്ധത്തിന്റെ അസ്ഥിവാരം ഇളക്കാൻ പര്യാപ്തമായ ഉപകരണമാണ്. പല വഴിവിട്ട ബന്ധങ്ങളുടേയും തുടക്കം മൊബൈൽ ഫോണിലൂടെയാണ്. ഭാര്യാഭർത്താക്കൻമാർ ക്കുണ്ടാകുന്ന സംശയങ്ങൾ വളർന്നു വളർന്ന് വിവാഹമോചനത്തിൽ എത്തിച്ചേരുന്നു. രണ്ടുപേരും രണ്ട് വഴിക്ക് പിരിയുമ്പോൾ ധർമ്മസങ്കടത്തിലാകുന്നത് കുട്ടികളാണ്. ഇത്തരം കുട്ടികൾ ചിലപ്പോൾ വീടിനും നാടിനും കൊള്ളരുതാത്തവരായിത്തീരുന്നു. മൊബൈൽ ഫോണിലൂടെ കൂടുതൽ മെച്ചപ്പെട്ട ജീവിതം ആഗ്രഹിക്കുന്ന കമിതാക്കൾ യഥാർത്ഥ കുരുക്കിൽ അകപ്പെടുമ്പോൾ മാത്രമാണ് തന്റേത് എത്രമാത്രം മികച്ച കുടുംബമായിരുന്നുവെന്ന് തിരിച്ചറിയുന്നത്. ഈ തിരച്ചറിവ് നേടിക്കഴിയുമ്പോൾ തിരിച്ചു പിടിക്കാനാകാത്ത വിധം ജീവിതം ദുസ്സഹമായിക്കഴിഞ്ഞിരിക്കും.

ചില കുടുംബബന്ധങ്ങൾ നശിക്കാനുള്ള പ്രധാന കാരണം കുടുംബനാഥന്റെ മദ്യപാനമാണ്. മദ്യപാനം കുടുംബഭദ്രതയേയും ഐശ്വര്യത്തെയും നശിപ്പിക്കുന്നു. സാമ്പത്തികപരമായ പ്രശ്നം അതിരൂക്ഷമായ ഋണബാധ്യതകളിലേയ്ക്കും ഭാര്യാബന്ധം സംശയത്തിന്റെ നിഴലിലുമാകുന്നു. ക്രമേണ ക്രമേണ കുടുംബം ഒന്നടങ്കം ആത്മഹത്യയിലേയ്ക്കോ വേർപിരിയുന്നതിലേയ്ക്കോ എത്തപ്പെടുന്നു. മദ്യ, ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു ശരാശരി മലയാളിയെ കൊലയാളിയ്ക്ക് സമമാക്കുന്നു എന്നു പറയുന്നതിൽ അതിശയോക്തി ഇല്ല. പല കൊലപാതകങ്ങളുടെയും പിന്നിൽ മദ്യത്തിന്റെ കരാളഹസ്തങ്ങൾ തന്നെയെന്ന് നിസ്സംശയം പറയാം.

കേരളീയ കുടുംബങ്ങൾ നേരിടുന്ന ഒരു പ്രധാന ഭീഷണി വായനയുടെ കുറവും എന്നാൽ ടി.വി. പരമ്പരകളെ അതേപടി വിഴുങ്ങുന്നതുമായ സ്വഭാവ സവിശേഷതയാണ്. കുടിൽ തൊട്ട് കൊട്ടാരം വരെ സീരിയൽ ഭ്രാന്ത് അവശേഷിപ്പുകൾ സർവ സാധാരണം. 'തങ്ങളിലറിയാത്ത, തങ്ങളിലിണങ്ങാത്ത സന്തതികളെ നൊന്തുപെറ്റു' എന്ന് നാറാണത്തുഭ്രാന്തനിൽ പറയുന്നതുപോലെ പരമ്പരകളുടേയും, കുടുംബബന്ധങ്ങളുടെയും സ്ഥിതി ഇപ്രകാരം ആയിക്കൊണ്ടിരിക്കുന്നു. മാത്രമല്ല, അനുകരണ വാസനയോടെ പരമ്പരകളെ സമീപിക്കുന്നവരും ഉണ്ട് താനും. വില കൂടിയ പട്ടുസാരികൾ വാങ്ങാനും കൃത്രിമമായ സൗന്ദര്യവർദ്ധക വസ്തുക്കൾ വാങ്ങാനും വിലകൂടിയ കാറുകൾ സ്വന്തമാക്കാനും ചിലരെങ്കിലും കച്ചകെട്ടി പുറപ്പെടുന്നുണ്ട്. വരുമാനമറിയാതെ ചെലവാക്കുമ്പോൾ ഉണ്ടാകുന്ന ബഡ്ജറ്റ് താളം തെറ്റുമ്പോഴാണ് ചതിക്കുഴികൾ മനസ്സിലാകുക.

അന്ധവിശ്വാസവും ഒരു പരിധിവരെ കേരളീയ കുടുംബബന്ധങ്ങളെ ശിഥിലമാക്കുവാൻ കാരണമാകുന്നുണ്ട്. ചില ശീലങ്ങളും (ദു)ചിന്തകളും (വലുപ്പചെറുപ്പം) ഇല്ലാതാക്കിയാൽ ഇന്ന് കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ ഒരു പരിധിവരെ ഇല്ലാതാക്കാൻ കഴിയുമെന്നാണ് എന്റെ സുചിന്തിതമായ അഭിപ്രായം.

കവിത

**ഔദ്യോഗികഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കവിത മത്സരത്തിൽ മൂന്നാം സ്ഥാനത്തിന് അർഹമായത്**

# ഉത്തപ്പ്



**എം. കെ. രാജൻ**
ഇൻഫർമേഷൻ അസിസ്റ്റന്റ്

ചുടുനിണം വാർന്നൊഴുകിപ്പരന്ന്
ചുടുപത്രവാർത്തയായ്
നീയൊരു കടലായ് വന്നുമുന്നിൽ
തിളയ്ക്കവേ കുരുന്നേ
നിനക്കു തുണയായിരിക്കേണ്ടവർ
കാവലായിരിക്കേണ്ടവർ
നിന്റെ രുധിര - മാംസം പകുത്തു
വിലപറഞ്ഞവർ; രസിച്ചവർ
ചാനലിൽ തെഴുത്തു മുഴുക്കും ചർച്ചകൾ
വേനലിൽ വെന്തകിളുന്തായ് നിന്നോർമ്മയും
ശബ്ദമില്ലാത്ത നിലവിളിയിൽ മുങ്ങവേ
തല്ലിക്കെടുത്തിയ പൂങ്കുരുന്നിൻ നെഞ്ചിലെ
ചെന്നിണം കണ്ടു ബോധം മറയവേ
എന്തു ഞാൻ ചൊല്ലേണ്ടു കുഞ്ഞേ
കണ്ഠനാളത്തിലുറഞ്ഞ നിലവിളി
ചങ്കുവെട്ടിപ്പിളർക്കും വേദന
അരുതരുതെന്നു വിലക്കുവാനൊരു
ശബ്ദവുമിനിയുയരില്ലെന്ന തോന്നലിൽ
നിശ്ചലം-നിർലജ്ജം-നിശ്ശബ്ദം
തീപിടിപ്പിക്കും വർത്തമാന വാർത്തകൾ
ഉയരുമൊരു ശബ്ദ-ധീരം
അതുവരേയ്ക്കും - നിനക്കു - സ്വസ്തി.

●





# കേരളീയ കുടുംബവ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ

**ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ മൂന്നാം സ്ഥാനത്തിന് അർഹമായത്.**

**എസ്. കെ. സുനീഷ് കുമാർ**
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്



കൂടുമ്പോൾ ഇമ്പമുള്ള കുടുംബം, ബഹു ഭാര്യാത്വം ബഹു ഭർത്തൃത്വം കൂട്ടുകുടുംബം എന്നിവയിലൂടെ കടന്ന് അണു കുടുംബ വ്യവസ്ഥിതിയിലേക്ക് എത്തി നിൽക്കുകയാണ്. ആദി ദ്രാവിഡ സംസ്കാരത്തിൽ നിന്ന് ആര്യ ദ്രാവിഡ സങ്കലനത്തിലൂടെ ആർഷഭാരത

ത്തിൽ എത്തി നിൽക്കുന്ന നമ്മുടെ കുടുംബ വ്യവസ്ഥ ധാരാളം വൈജാത്യങ്ങളിലൂടെയാണ് കടന്നുപോകുന്നത്.

ആര്യാധിനിവേശത്തിലൂടെ ദ്രാവിഡ ത്തനിമ നഷ്ടപ്പെട്ട ജനത, വിപ്രലംഭ ശൃംഗാരത്തിനടിമപ്പെട്ട് സാമൂഹ്യഘടന തന്നെ അവതാളത്തിലെത്തിയപ്പോൾ, എഴുത്തച്ഛൻ മുതലായ കവികൾ ഭക്തിപ്രസ്ഥാനത്തിലൂടെ സമൂഹത്തെ നവീകരിക്കാൻ ചെലുത്തിയ സ്വാധീനം നമ്മുടെ കുടുംബങ്ങളിലും പ്രതിഫലിച്ചു എന്നതാണ് വാസ്തവം.

അമ്മവഴി വികസിച്ചു വന്ന കുടുംബ സംവിധാനമാണ് കേരളീയ പരിസ്ഥിതിയിൽ നിലനിന്നിരുന്നത്. അമ്മത്തറവാട്ടിലെ കാരണവർ പുരുഷനാണെങ്കിലും അമ്മയ്ക്കു തന്നെയാണ് പ്രാധാന്യം. മരുമക്കത്തായം മക്കത്തായത്തിനു വഴി മാറിയിട്ടും അമ്മയുടെ പ്രാധാന്യം മാറിയിട്ടില്ല. അമ്മവീട്ടിൽ എല്ലാ അംഗങ്ങളും ഒരുമിച്ചു താമസിച്ചിരുന്നു. വളർന്നുവരുന്ന കുഞ്ഞുങ്ങളുടെ സ്വഭാവ രൂപീകരണത്തിൽ ഇത്തരം കുടുംബ വ്യവസ്ഥ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിരുന്നു. മുതിർന്നവരുടെ അനുഭവസമ്പത്ത് കുട്ടികൾക്ക് മുതൽക്കൂട്ടായിരുന്നു. തെറ്റുകണ്ടാൽ കുട്ടികളെയെന്നല്ല മുതിർന്നവരെപോലും കാരണവൻമാർ ശാസിച്ചിരുന്നു.

അച്ഛനമ്മമാർക്ക് കുട്ടികളുടെ സുരക്ഷിതത്വത്തിൽ തീരെ ഉത്കണ്ഠ ഉണ്ടായിരുന്നില്ല. അവരെ വീട്ടിലാക്കിയിട്ട് എവിടെ വേണമെങ്കിലും പോകാമായിരുന്നു.

എന്നാൽ അത് അണുകുടുംബത്തിലേക്ക് വഴി മാറിയപ്പോൾ ബന്ധങ്ങൾക്ക് ഉലച്ചിൽ സംഭവിച്ചു. ഉദ്യോഗസ്ഥരായ മാതാപിതാക്കൾക്ക് കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ശ്രദ്ധിക്കാൻ സമയമില്ലാതായി.

മാതാപിതാക്കൾ തമ്മിലുള്ള അസ്വസ്ഥതൾ അസ്വാരസ്യങ്ങളായും അതുപിന്നെ അപശബ്ദങ്ങളായും പുറത്തു വരുമ്പോൾ സ്വസ്ഥത നഷ്ടപ്പെടുന്നത് കുട്ടികൾക്കാണ്.

കേരളത്തിൽ ഇന്ന് വിവാഹമോചനം കൂടുകയാണ്. പരപുരുഷ-സ്ത്രീ ബന്ധങ്ങളാണ് പ്രധാന കാരണം. വേറെയും കാരണങ്ങൾ ഇല്ലാതില്ല. കുടുംബത്തിന്റെ കെട്ടുറപ്പ് നഷ്ടപ്പെടുമ്പോൾ അത് സമൂഹത്തെയും ബാധിക്കുന്നു. സമൂഹത്തിന്റെ അടിസ്ഥാനശിലയാണല്ലോ കുടുംബം.

സ്വന്തം വീട്ടിൽ സ്നേഹം കിട്ടാതെ വരുമ്പോൾ കുട്ടികൾ സ്നേഹം കിട്ടുന്ന ഇടങ്ങളിലേക്ക് ചേക്കേറുന്നു. ഇതിൽ പതിയിരി ക്കുന്ന അപകടം മനസിലാക്കാതെ പല തെറ്റു കളിലും ചെന്നു ചാടുന്നു.

മദ്യത്തിന്റേയും മയക്കുമരുന്നിന്റെയും ആധിക്യം, ഇത്തരം അലോസരമനസ്സുകളെ ആശ്വസിപ്പിക്കുമെന്ന മിഥ്യാധാരണ വ്യക്തികളുടെ ആരോഗ്യം നശിപ്പിക്കുന്നു.

ഭർത്താവിന്റെ പരസ്ത്രീ ബന്ധം ഭാര്യയെ ഒരു കൊലയാളിയാക്കി മാറ്റുന്നതിൽ അത്ഭുതപ്പെടാനില്ല. അതുപോലെ ഭാര്യയെ കൊന്ന ശേഷം പോലീസ്സ്റ്റേഷനിൽ കീഴടങ്ങുന്ന ഭർത്താക്കൻമാരുടെ വിവരങ്ങൾ പത്ര മാധ്യമങ്ങളും മറ്റും സമൂഹത്തിൽ എത്തിക്കുന്നുണ്ട്.

കുടുംബത്തിലുള്ളവർ ഒന്നിച്ച് ആഹാരം കഴിക്കുന്നതും വിനോദയാത്ര നടത്തുന്നതും സ്നേഹബന്ധങ്ങൾ ദൃഢമാകാൻ സഹായിക്കും. ബന്ധുഗൃഹസന്ദർശനങ്ങളും സുഹൃത്തുക്കളുടെ വീടുകളിൽ സകുടുംബം സന്ദർശനം നടത്തുന്നതുമെല്ലാം ബന്ധങ്ങൾ നിലനിൽക്കാൻ സഹായിക്കും.

കൗമാരഘട്ടം കടന്നു പോകുന്ന കുട്ടികളോട് ക്ഷമാപൂർവ്വം കാര്യങ്ങൾ അറിയുന്നതും അവർക്ക് സ്നേഹം നൽകുന്നതും കുടുംബകാര്യങ്ങൾ അവരോടുംകൂടി ചർച്ച ചെയ്യുന്നതും കുട്ടികളെ നല്ല വ്യക്തിത്വങ്ങളാക്കുന്നു. തങ്ങൾക്ക് അർഹമായ സ്ഥാനവും സ്നേഹവും ലഭിച്ചാൽ അവർക്ക് സ്നേഹം അന്വേഷിച്ചു വലയേണ്ടതില്ലല്ലോ? കുടുംബത്തിലാർക്കെങ്കിലും മനഃശാസ്ത്രജ്ഞന്റെ സഹായം വേണമെങ്കിൽ ക്ഷമയോടെ

കുടുംബത്തിലുള്ളവർ ഒന്നിച്ച് ആഹാരം കഴിക്കുന്നതും വിനോദയാത്ര നടത്തുന്നതും സ്നേഹബന്ധങ്ങൾ ദൃഢമാകാൻ സഹായിക്കും. ബന്ധുഗൃഹസന്ദർശനങ്ങളും സുഹൃത്തുക്കളുടെ വീടുകളിൽ സകുടുംബം സന്ദർശനം നടത്തുന്നതുമെല്ലാം ബന്ധങ്ങൾ നിലനിൽക്കാൻ സഹായിക്കും



അത് ചെയ്തു കൊടുക്കേണ്ടതാണ്. കുട്ടികളുടെ ചെറിയ തെറ്റുകൾ പർവ്വതീകരിക്കുന്നതും അവരെ മറ്റുള്ളവരുമായി താരതമ്യം ചെയ്യുന്നതും നല്ലതല്ല. കാരണം ഓരോ കുട്ടിക്കും ഓരോ കഴിവുകളാണ്. അവരുടെ അഭിരുചിക്കനുസരിച്ചുള്ള മേഖലകളിൽ അവരെ പഠിക്കാൻ അനുവദിക്കണം. എല്ലാ ദിവസവും അല്പസമയമെങ്കിലും മാതാപിതാക്കൾ അവരോട് സംസാരിക്കണം. കുട്ടികളുടെ ജൻമനാളുകൾ പോലെയുള്ള അവസരങ്ങൾ ആഘോഷിക്കുന്നത് അവർക്കുള്ള അംഗീകാരമാണ്. കുട്ടികളുടെ മാത്രമല്ല, മാതാപിതാക്കളുടെ ജന്മനാളുകൾ ആഘോഷിക്കുക, സമ്മാനങ്ങൾ നൽകുക ഇതെല്ലാം ബന്ധങ്ങൾക്ക് സൗന്ദര്യമുണ്ടാക്കുന്നു.

എന്നാൽ ഇന്ന് അടുത്ത വീടുമായി പോലും ബന്ധമില്ലാതെ അറിയാത്തവരായി ഓരോ വ്യക്തിയും മാറിക്കൊണ്ടിരിക്കുകയാണ്. സ്വന്തം പ്രശ്നങ്ങൾ പങ്കുവയ്ക്കാൻ സുഹൃ ത്തുക്കളില്ലാത്തവരായി മാറുന്നു. പലപ്രശ്ന ങ്ങളും തുറന്നു ചർച്ച ചെയ്യുമ്പോൾ തീരാവുന്നതേയുള്ളു. പക്ഷേ ഫ്രോയ്ഡ് പറയുന്നതു പോലെ ഈഗോയിസം ഇതിനൊന്നിനും അനുവദിക്കുന്നില്ല. ഭർത്താവ് എത്ര വലിയ ഉദ്യോഗസ്ഥനായാലും വീട്ടിൽ നല്ല പിതാവും ഭാര്യയുടെ സുഹൃത്തും മാത്രം ആയാൽ മതി. ഭാര്യയും അതുപോലെതന്നെ.

ഇതിനെല്ലാം മാറ്റം വരേണ്ടിയിരിക്കുന്നു. മാസത്തിലൊരിക്കലെങ്കിലും റസിഡന്റ്സ് അസോസിയേഷനുകളുടെ നേതൃത്വത്തിലെങ്കിലും എല്ലാ കുടുംബങ്ങൾക്കും ഒന്നിച്ച് കൂടാനുള്ള അവസരം ഒരുക്കുക.

സമയമില്ലായ്മയെന്ന സ്ഥിരം പല്ലവി പറയാതിരിക്കുക. ഓർമ്മിക്കുക - ജീവിതം അത് ഒന്നേയുള്ളൂ. സന്തോഷത്തോടെ ജീവിക്കുക. തീർച്ചയായും വിജയിക്കും.

കവിത

ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ ശബ്ദമില്ലാത്തവർ എന്ന വിഷയത്തെ നടത്തിയ കവിത മത്സര ത്തിൽ മൂന്നാം സ്ഥാനത്തിന് അർഹമായത്

# ശബ്ദമില്ലാത്തവർ




**രാജീവ്. വി**
ഇൻഫർമേഷൻ അസിസ്റ്റന്റ്


നിശബ്ദത ഒരായുധമാണ്, ശബ്ദമില്ലാത്തവർക്ക്
പണ്ട് പുലിയായും നരിയായും പുലിജൻമമായും
മിത്തുകളിലും പുരാവൃത്തങ്ങളിലും നിറഞ്ഞുനിന്നിട്ടെന്തുകാര്യം?
ക്ലൈമാക്സാകുമ്പോൾ പടിക്കു പുറത്തുതന്നെ.
പാർശ്വവത്കൃതർ, അരികു ചേർന്നവർ എന്നെല്ലാം
അക്കാദമിക് പഠനങ്ങളിലെ സ്ഥിരം സംജ്ഞകൾ
ഇതെല്ലാം യഥാർത്ഥമോ എന്ന് ചോദിക്കുന്ന
മധ്യവർഗ്ഗ കപട നിഷ്കളങ്കതയ്ക്ക് ഒരു യമണ്ടൻ സല്യൂട്ട്
പ്ലാസ്റ്റിക്കുപോലെ നശിക്കാത്ത വംശശുദ്ധിയ്ക്കായ്
മുറവിളികൂട്ടുന്നവരുടെ മൂർച്ചയേറിയ വാളുകൾക്ക്
പ്രവർത്തിക്കാനുള്ള കർമ്മഭൂമിയാണ്
ചുവന്ന ചോരയുള്ള
ഞങ്ങളുടെ കറുത്ത ശരീരം.
മോബ്ലിഞ്ചിംഗിന്റെ ആസുരവേഗതയിൽ
തകർന്ന് പിടഞ്ഞു വീഴുമ്പോഴും പഴയ ഇതിഹാസത്തിലെ
ശംബൂകന്റെ അവസ്ഥ തുടരുന്നതാണ് സമകാല നീതി.
കേട്ടുകേൾവി മാത്രമുള്ള ചിത്രകഥകളിലെ
നായകൻമാർ പോലും ഏകലവ്യൻമാരുടെ വിരൽ
മുറിച്ചാണ് മഹത്തായ തുടക്കം കുറിച്ചത്.
വിരൽ മുറിച്ച ഗുരുവിന്റെ പേരിലുള്ള
പുരസ്കാരം ഷെൽഫിലെത്തിയിട്ടും
അടങ്ങുന്നില്ല കോപതാപങ്ങൾ.
അപ്പോഴും ശബ്ദമില്ലാത്തവന്റെ
ആയുധം നിശബ്ദത തന്നെ.
കാത്തിരിയ്ക്കാം നീൽ സലാം.



# കേരളീയ കുടുംബവ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ

ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ മൂന്നാം സ്ഥാനത്തിന് അർഹമായത്.



**വിക്രമൻ സി.**
ബയിന്റർ

സാമൂഹികവും സാംസ്കാരികവുമായ ഉന്നത മൂല്യങ്ങൾ കാത്തുസൂക്ഷിച്ചിരുന്ന ഒരു മുൻ തലമുറയാണ് നമുക്ക് ഉണ്ടായിരുന്നത്. കൂടുമ്പോൾ ഇമ്പമുള്ള (സന്തോഷമുള്ള) കുടുംബങ്ങളായിരുന്നു നമ്മുടെ കൂട്ടുകുടുംബങ്ങൾ. എന്നാൽ പല തലങ്ങളിലും മൂല്യശോഷണം സംഭവിച്ചതിനേക്കാൾ വലിയതോതിലുള്ള മൂല്യത്തകർച്ച ഇന്നത്തെ കുടുംബങ്ങൾ

ഇന്നത്തെ കാലഘട്ടത്തിൽ ഓരോ കുടുംബങ്ങളിലും സന്തോഷത്തിന് പകരം കണ്ണുനീരിന്റെയും വേദനയുടെയും അനുഭവങ്ങളാണ് കൂടുതലായി കേൾക്കുവാനുള്ളത്. അതിന് പ്രധാന കാരണം നാം നമ്മുടെ കുട്ടികളെ വളർത്തുന്ന രീതിയിൽവന്ന കാതലായ വ്യത്യാസം തന്നെയാണ്.



നേരിടുകയാണ്. കൂട്ടുകുടുംബത്തിൽ നിന്നും അണുകുടുംബങ്ങളിലേക്കുള്ള മാറ്റം കേരളീയ കുടുംബ വ്യവസ്ഥിതിയിൽ വിള്ളലുകൾ ഉണ്ടാക്കിയിട്ടുണ്ട്. കുഞ്ഞുങ്ങളെ വളർത്തുന്നതു മുതൽ മാതാപിതാക്കന്മാരെ സംരക്ഷിക്കുന്നതു വരെയുള്ള പ്രക്രിയകളിൽ കാതലായമാറ്റം (അനിഷ്ടകരമായ) ഉണ്ടാകുന്നതായി നമുക്ക് ദർശിക്കുവാൻ കഴിയും. സ്നേഹം, സന്തോഷം, സമാധാനം എന്നീ മൂല്യവർദ്ധിത സ്ഥാനങ്ങളിൽ പക, അസൂയ, അസമാധാനം എന്നീ മൂല്യരഹിതഅംശങ്ങൾ നമ്മുടെ കുടുംബങ്ങളിൽ കടന്നുകൂടിയിട്ടുണ്ട്. ഒരു കുഞ്ഞിന് ജന്മം നൽകിയതിന് ശേഷം അവനെ/അവളെ പരിപാലിക്കുന്ന രീതി തന്നെ വളരെയധികം മാറിയിരിക്കുന്നു. മുൻ തലമുറയിൽ രണ്ടിൽ കൂടുതൽ (10 മുതൽ 12 വരെ) മക്കളെ വളർത്തിയതിനേക്കാൾ ക്ലേശകരമായ രീതിയിലാണ് ഇന്ന് ഒരു കുഞ്ഞിനെ വളർത്തിയെടുക്കുന്നത്. ജനിച്ചു വീഴുന്ന കുഞ്ഞിന് ലഭ്യമാകേണ്ട സ്നേഹമോ, പരിലാളനയോ കൃത്യമായി നൽകുവാൻ ഇന്നത്തെ മാതാപിതാക്കൾക്ക് കഴിയുന്നില്ല.

അതിവേഗത്തിൽ ഓടുന്ന ജീവിതക്രമത്തിൽ താളാത്മക ജീവിതം നയിക്കുന്നതിലൂടെ വലിയ വീഴ്ചകൾ സംഭവിക്കുന്നു. കൂടുതൽ സമ്പാദിക്കുവാനും, പുതിയ സ്ഥാനമാനങ്ങൾ കണ്ടെത്തുവാനുമുള്ള മാതാപിതാക്കളുടെ ഓട്ടത്തിനിടയിൽ കുഞ്ഞിന്റെ കാര്യം പലപ്പോഴും അവർ മറന്നു പോകുന്നു. സ്നേഹത്തിന് പകരം പൊന്നും പണവും കുഞ്ഞിന് നൽകിയാൽ തിരികെ ലഭിക്കുന്നതും അതുപോലെ നശിച്ചു പോകുന്ന പാഴ്വസ്തുക്കളാണ്. സ്വന്തം അമ്മയേയും അച്ഛനേയും സ്നേഹിക്കേണ്ട കുഞ്ഞ്, വളർന്നുവരുമ്പോൾ അവന്/അവൾക്ക് സ്നേഹം പകർന്ന് നൽകിയവരെ തേടിപ്പോകുന്ന അവസ്ഥയുണ്ടാകുന്നു. ഇത് കുടുബത്തകർച്ചയ്ക്ക് കാരണമാകുന്നു. അണുകുടുംബ വ്യവസ്ഥിതിയിൽ വളരുന്ന കുഞ്ഞ് ഈ ലോകത്തിന്റെ ഉല്ലാസങ്ങളിലേക്കും, മറ്റ് പലതരത്തിലുള്ള തെറ്റായ പ്രവർത്തനങ്ങളിലേക്കും കടന്നുപോകുന്നു. മാനസികമായും ശാരീരികമായും മുരടിപ്പ് ബാധിച്ച കുട്ടികൾ ആത്മഹത്യയിലേക്കും നയിക്കപ്പെടുന്നതായി കാണുവാൻ കഴിയും.

ഒരു ചെടി നാം വച്ചുപിടിപ്പിക്കുമ്പോൾ അതിന് തക്കസമയത്ത് ലഭിക്കേണ്ട പരിപാലനം ലഭിക്കാതെ പോയാൽ ആ ചെടിക്കുണ്ടാകുന്ന മാറ്റങ്ങൾ പലതരത്തിലാകാം.

ഒന്നുകിൽ അത് വാടിപ്പോകും അല്ലെങ്കിൽ ആവശ്യമില്ലാത്ത സസ്യങ്ങൾ കൂടെ വളർന്ന് അതിനെ മൂടിക്കളയും. അതുപോലെ തന്നെയാണ് സമൂഹത്തിലെ ഓരോ കുഞ്ഞുങ്ങളുടെയും അവസ്ഥയെന്നത് സമൂഹം ഓർക്കേണ്ടതുണ്ട്. സമൂഹത്തിന് നല്ല ഫലം ലഭ്യമാക്കുന്നതിന് വേണ്ടി നമ്മുടെ കുഞ്ഞുങ്ങൾക്ക് വേണ്ട പരിചരണം ആവശ്യഘട്ടങ്ങളിൽ നൽകി സദ്പ്രവൃത്തികളിലുടെ ഉന്നതമൂല്യം സമൂഹത്തിന് നൽകേണ്ടവരായി വളർത്തിയെടുക്കണം.

ഇന്നത്തെ കാലഘട്ടത്തിൽ ഓരോ കുടുംബങ്ങളിലും സന്തോഷത്തിന് പകരം കണ്ണുനീരിന്റെയും വേദനയുടെയും അനുഭവങ്ങളാണ് കൂടുതലായി കേൾക്കുവാനുള്ളത്. അതിന് പ്രധാന കാരണം നാം നമ്മുടെ കുട്ടികളെ വളർത്തുന്ന രീതിയിൽ വന്ന കാതലായ വ്യത്യാസം തന്നെയാണ്. കേരളത്തിന്റെയും, യൂറോപ്പിന്റെയും സംസ്കാരങ്ങൾ തമ്മിൽ വളരെ അന്തരം ഉണ്ട്. യൂറോപ്പിലെ സംസ്കാരം നമ്മുടെ കുടുംബങ്ങളിൽ പ്രാവർത്തികമാക്കുവാൻ കഴിയുന്നതല്ല. നമുക്ക് യോജ്യമായ സംസ്കാരമല്ല യൂറോപ്പ്യൻ സംസ്കാരം എന്നത്. മറ്റ് സംസ്കാരങ്ങളിൽ നിന്ന് നമ്മുടെ കുടുംബത്തിനും, സമൂഹത്തിനും യോജ്യമായവ തെരഞ്ഞെടുക്കാം. എന്നാൽ ഇന്നത്തെ കേരളീയ സമൂഹത്തിൽപെട്ട കുടുംബങ്ങൾ മറ്റുള്ളവരുടെ ജീവിതരീതികളും, പ്രവർത്തനങ്ങളും, പകർത്തപ്പെടുന്നതായി കാണുവാൻ കഴിയും. അത്തരം പ്രവൃത്തികൾ യുക്തിസഹമല്ല. പല കാര്യങ്ങളും നാം മറ്റുള്ളവരെ അനുകരിക്കുന്നതുമൂലം നമ്മുടേതായ പല മൂല്യങ്ങളും നമുക്ക് ത്യജിക്കേണ്ടതായി വരുന്നു. അത്തരം മൂല്യങ്ങൾ നഷ്ടപ്പെടുമ്പോഴാണ് 'കുടുംബം' എന്ന വ്യവസ്ഥിതിക്ക് കോട്ടം തട്ടുന്നതിന് ഇടയായി ത്തീരുന്നത്.

മുൻ തലമുറയിൽ കുടുംബാന്തരീക്ഷത്തിൽ 'ഞാൻ', 'എന്റെ' എന്ന ഏകവചനങ്ങൾ ഇല്ലായിരുന്നു. എന്നാൽ ഇന്ന് കുഞ്ഞ് മനസ്സിൽ തന്നെ 'ഞാൻ' എന്ന ഏകവചനം കൂടെ താമസിക്കുവാൻ തുടങ്ങി. ഇതിലൂടെ ബന്ധങ്ങൾക്ക് വിലയില്ലാത്ത അവസ്ഥയുണ്ടായി മാതാപിതാക്കൾ തമ്മിലോ, സഹോദരങ്ങൾ തമ്മിലോ ഉണ്ടാകേണ്ട ഊഷ്മളമായ ബന്ധങ്ങൾ തീരെ ഇല്ലാതെ ആയിരിക്കുന്നു. പുതിയതരം സാമൂഹ്യ മാധ്യമങ്ങൾ വന്നതോടുകൂടി വീണ്ടും അകൽച്ച കൂടുകയാണ്. ആർക്കും, ആരോടും നേരിട്ട് സംസാരിക്കുവാൻ സമയമില്ലാത്ത കാലം! ഒരു 'ഹായ്' പറച്ചിലിൽ മാതാപിതാക്കളോടുള്ള സ്നേഹം പങ്കിടൽ ചുരുങ്ങിപ്പോയി! കുഞ്ഞുങ്ങളെ നേരിൽ കണ്ട് സംസാരിക്കുവാൻ മനസ്സുകാണിക്കാത്ത മാതാപിതാക്കൾ! അവർ ഈ ലോകത്തിന്റെ നാനാദിക്കുകളിലേക്കും ഓടുകയാണ്. ഒരായുസ്സുമുഴുവൻ ഓടിക്കഴിഞ്ഞാലും അവരുടെ ആവശ്യങ്ങൾ തീരുന്നില്ല. ഒരു മനുഷ്യന്റെ ആയുസ്സ് ശരാശരി 70 അല്ലെങ്കിൽ 80 വയസ്സാണെന്ന ബോധം മറന്ന് ജീവിക്കുന്ന കോലങ്ങൾ! മാനുഷികമായ ചിന്തകൾക്കപ്പുറം മാസ്മരിക ലോകത്തിൽ ജീവിക്കുവാൻ ഇഷ്ടപ്പെടുന്ന പുതിയ കുടുംബങ്ങൾ! എല്ലാറ്റിനും അവർക്ക് ന്യായങ്ങൾ പറയുവാനുണ്ടാകും. എന്നാൽ 'രാവിലെ മനോഹരമായി പൂത്തുലഞ്ഞ് നിൽക്കുകയും വൈകുന്നേരമാകുമ്പോൾ പ്രതികൂല കാലാവസ്ഥയിൽപെട്ട് വാടിപ്പോവുകയും ചെയ്യുന്ന പൂവിന് സമമാണ് ജീവിതം' എന്നത് ഓർക്കുന്നെങ്കിൽ നമ്മുടെ കുടുംബവ്യവസ്ഥിതി മുൻകാലങ്ങളിൽ ഉണ്ടായിരുന്നതുപോലെ സന്തോഷവും, സമാധാനവും നിറഞ്ഞ കുടുംബങ്ങളായി രൂപാന്തരപ്പെടുത്തുവാൻ നമുക്ക് കഴിയും. കേരള സംസ്ഥാനത്തിന്റെ തനതായ മൂല്യങ്ങളിൽ അടിസ്ഥാനമിട്ട് കുടുംബങ്ങൾ പണിയുവാൻ നമുക്ക് കഴിയണം. അതിനായി ഓരോ വ്യക്തിത്വങ്ങളും ചിന്തിക്കേണ്ടതും പ്രവർത്തിക്കേണ്ടതും ഇന്നിന്റെ അനിവാര്യതയാണ്.

●

*21-ാം പേജിൽ നിന്നും ലേഖനം തുടർച്ച........*

നിൽക്കുന്നത് മദ്യവും മയക്കുമരുന്നും തന്നെയെന്നത് ചിന്തനീയമാണ്. മതമേലദ്ധ്യക്ഷന്മാർക്കും ഇക്കാര്യത്തിൽ ഒരു പ്രധാന പങ്ക് വഹിക്കാൻ സാധിയ്ക്കും.

നമ്മുടെ കുടുംബ വ്യവസ്ഥയ്ക്ക് ഏറ്റവും ഹാനികരമായ ഒന്നാണ് ജീവിതശൈലി രോഗങ്ങളും ക്യാൻസർ പോലെയുള്ള മാരകമായ മറ്റ് അസുഖങ്ങളും. കുടുംബത്തിന്റെ സാമ്പത്തികാവസ്ഥ താളം തെറ്റുന്നതോടൊപ്പം വൈകാരിക മായും ഏറെ പ്രശ്നങ്ങൾ ഇത്തരം രോഗങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഗവൺമെന്റുതലത്തിൽ തന്നെ ഇതിനെ നേരിടാൻ ഒട്ടനവധി പദ്ധതികളുള്ളതിനാൽ നമ്മുടെ സമൂഹത്തിനും കുടുംബങ്ങൾക്കും ഒരു പരിധിവരെ ആശ്വാസമേകാൻ ഇതിനു സാധിക്കുന്നു.

സാമൂഹ്യമാധ്യമങ്ങളുടെ അനിയന്ത്രിതമായ ഉപയോഗവും അതിന്റെ ദൂഷ്യഫലങ്ങളും അനുഭവിയ്ക്കുന്നതാണ് കേരളീയസമൂഹം. കുടുംബബന്ധങ്ങളുടെ നിലനിൽപ്പിനെ ബാധിയ്ക്കുന്ന ഒന്നായി സോഷ്യൽമീഡിയ മാറിയിരിക്കുന്നു. കർശനമായ നിയമങ്ങളിൽ ക്കൂടി (ഐ.ടി ആക്റ്റ്) ഇതിന് പരിഹാരം കാണാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. പക്ഷെ അതിനപ്പുറത്താണ് യാഥാർത്ഥ്യങ്ങൾ. സോഷ്യ ൽ മീഡിയ എങ്ങനെ ഫലപ്രദമായും ആരോഗ്യപരമായും ഉപയോഗിക്കാം എന്നത് ഇപ്പോഴത്തെ പാഠ്യപദ്ധതിയിൽത്തന്നെ ഉൾപ്പെടുത്തി തുടങ്ങിയിരിക്കുന്നു എന്നത് നമ്മുടെ കുടുംബങ്ങൾക്ക് ആശ്വാസവാർത്തയാണ്.

നമ്മുടെ സമൂഹത്തിൽ ഇന്ന് തൊഴിലുകളേറെയും ചെയ്യുന്നത് അന്യസംസ്ഥാന ത്തൊഴിലാളികളാണ്. വളരെ സങ്കീർണ്ണമായ പലപ്രശ്നങ്ങൾക്കും വഴിവയ്ക്കുന്നതാണ് തൊഴിൽതേടിയുള്ള ഇവരുടെ വരവ് സംജാതമാക്കുന്നത്. നമ്മുടെ കുടുംബ ബന്ധങ്ങളെ തന്നെ ബാധിയ്ക്കാൻ കെല്പുള്ള തീവ്രവാദ സ്വഭാവമുള്ളവരും, മാരകമായ അസുഖങ്ങളുടെ വാഹകരായും ഇവർ കേരളീയ സമൂഹത്തിലേയ്ക്ക് എത്തിചേരുന്നു.

നമ്മുടെ കുടുംബ വ്യവസ്ഥിതി അഭിമുഖീകരിയ്ക്കുന്ന അനേകം പ്രശ്നങ്ങൾ ഇനിയുമുണ്ട്. ഭൂമിയുടെ ലഭ്യതക്കുറവ്, അടിക്കടി യുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ, തുടങ്ങിയവ. എന്നിരുന്നാലും ഇവയെയെല്ലാം നേരിടാൻ കരുത്തുള്ള ആർജ്ജവമേറിയ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, ഗവൺമെന്റും പ്രത്യാശ ജനിപ്പിയ്ക്കുന്നു എന്ന് നമുക്ക് നിസ്സംശയം പറയാം. ●



കവിത



# ജീവിതനൗക

**സ്മിത പി. വി.**
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II

കാലമാകുന്ന നൗകയിലെൻ യാത്ര തുടങ്ങവെ,
എൻ പ്രാണനായ് കൂടെ വന്നവർ..........
ആത്മബന്ധത്തിന്നാഴമുള്ളവർ...........
കടവുകൾ തോറും ഇതളുകൾ പോൽ
അടർന്നു പോകവേ......

അവയിനിയും തളിരിടുമെന്നു നിനച്ചു ഞാനെൻ
യാത്ര തുടരവേ............
തളിരിട്ട പുതുനാമ്പുകളിൽ ചിലതെങ്കിലും
ആത്മബന്ധത്തിൻ സ്പർശമറിയുന്നു.......

ഋതുക്കൾ പോൽ മാറിവരുന്നൊരീ......
യാത്രയിൽ..........
അടർന്നകന്നവരെയോർത്തു ഞാൻ
യാത്രാവസാനമറിയാതെ തുഴഞ്ഞു നീങ്ങുന്നു...........



# ഹൃദയംകൊണ്ട് സംവദിച്ച ഒരാൾ

എം.കെ. രാജൻ

2020 ജൂലായ് 17- മഴയുള്ള ഒരു പകൽ.

എന്റെ നെഞ്ചിലേയ്ക്ക് അമർന്നിറങ്ങിയ നിസ്സഹായമായ ഒരു നിലവിളിപോലെ ഹരീഷ് സാറിന്റെ മരണം, വാട്ട്സാപ്പ് മെസ്സേജായി ഞാൻ തൊട്ടെടുത്ത ദിവസം.

അതൊരു തെറ്റായ വാർത്തയായിരിക്കണേ എന്ന ഉൾപ്രാർത്ഥനയോടെ ഞാൻ ബിജു ഡേവിഡിനെ വിളിച്ചു. അല്പനിമിഷ ങ്ങൾക്കകം ഞാനറിഞ്ഞു.

വാർത്ത ശരിയാണ് !!!

ചെവികൾക്കുള്ളിലൂടെ ഒരു തീക്കാറ്റൂതിക്ക ടന്നു പോയതുപോലെ ഒരു തോന്നലായി രുന്നു അന്നേരം.

അസംബ്ലി ബ്ലോക്കിലൂടെയോ അഡ്മിനി സ്ട്രേറ്റീവ് ബ്ലോക്കിലൂടെയോ അതുമല്ലെ ങ്കിൽ ഹൗസ് കീപ്പിംഗിനു മുന്നിലെ നീളൻ വരാന്തയുടെ തിരിവിൽ നിന്നോ ചാഞ്ഞും ചെരിഞ്ഞും നേർത്തൊരു ചിരിയുമായി വെളുത്ത മെലിഞ്ഞ ആ മനുഷ്യൻ എപ്പോ ഴെങ്കിലും നടന്നു വരുന്നുണ്ടാകുമെന്ന് വെറുതെ ഓർത്തു നോക്കും.

ഔദ്യോഗിക പദവിയുടെ പരിവേഷവും പ്രൊമോഷനും ഒക്കെ ചേർന്ന് പേരിനൊപ്പം കനം വയ്ക്കുമ്പോഴും അതൊന്നും തലയ്ക്ക് കനമാകാതെ കൊണ്ടും നടക്കാനും താഴെ ത്തട്ടു മുതൽ മേലെത്തട്ടുവരെയുള്ള ഓരോ മനുഷ്യജീവിയോടും സമാനമായി പെരുമാ റാനും സഹായിക്കാനുമുള്ള ഹരീഷ് സാറിന്റെ നന്മയുടെ തെളിച്ചം നമുക്കിടയിൽ വേറിട്ടുനിന്ന പ്രകാശ ഗോപുരമായിരുന്നു. നന്മകൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വർത്ത






മാനകാല വേനലിൽ, നമുക്കുമേലെ കുടനിവർത്തിയ പച്ചമരത്തണലാണ് പൊടുന്നനെ ഒരു ദിവസം കടപുഴകി വീണത്.

കെട്ടകാലത്തിന്റെ കൂരിരുൾ നിലങ്ങളിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇതുപോലുള്ള നന്മയുടെ നിലാവെളിച്ചങ്ങൾ, നമ്മുടെയെല്ലാം അന്തർമണ്ഡലങ്ങളിൽ നിറയ്ക്കുന്ന അന്ധകാരത്തിന്റെ കറുപ്പ് വളരെ വലുതാണ്.

സമാനതകളില്ലാത്ത സാമീപ്യങ്ങളും സൗമ്യതകളും പങ്കുവെച്ച് ജീവിച്ച മനുഷ്യനെ പാതിവെച്ച് ജീവിതത്തിൽ നിന്നും വിളിച്ചിറക്കിക്കൊണ്ടുപോയ ദൈവത്തോട് എനിക്ക് അനിഷ്ടം തോന്നുന്നു.

ഒട്ടുമേ മിനക്കെടാതെ ഓർമ്മകൾ ഒന്നൊന്നായി ഉള്ളിൽ തിടമ്പേറ്റുകയാണ്.

ഒരു ഗവേഷണ വിദ്യാർത്ഥിയുടെ കൗതുകത്തോടും ജിജ്ഞാസയോടും സംഗീതത്തെ സമീപിച്ച മറ്റൊരാൾ നമുക്കിടയിലുണ്ടാകുമോ എന്നു സംശയമാണ്. അതുകൊണ്ടു തന്നെ സിനിമാ ഗാനങ്ങളെക്കുറിച്ച് വിശിഷ്യ, ഹിന്ദി സിനിമാ ഗാനങ്ങളെക്കുറിച്ച് ആധികാരികവും സൂക്ഷ്മവുമായ ചില അഭിപ്രായങ്ങളും ചിന്തകളും ഹരീഷ് സാറിൽ നിന്നും കേട്ടപ്പോഴൊക്കെ ശ്രദ്ധയോടെ നമ്മിൽ പലരും കാതുകൂർപ്പിച്ചു.

ഓണക്കാലത്ത് പൂക്കളമത്സരം അരങ്ങേറുന്ന അസംബ്ലി ബ്ലോക്കിലെ പാർലറിലായാലും, കലാപരിപാടികൾ അരങ്ങുണർത്തുന്ന ബാങ്ക്വറ്റ് ഹാളിലായാലും, ഹരീഷ് സാറുണ്ടാകും......

അരങ്ങിലല്ല, അണിയറയിൽ .


ഒരിക്കൽ, ഞങ്ങൾ നാലഞ്ചുപേർ ചേർന്ന് ഒരു സ്കിറ്റ് ചെയ്യാൻ തീരുമാനിച്ചു. അതിന്റെ ബാക് ഗ്രൗണ്ട് സ്കോറായി കുറച്ച് റെക്കോർഡിംഗ് ആവശ്യമുണ്ടായിരുന്നു. പ്രോഗ്രാമിന്റെ തലേദിവസം നഗരത്തിന്റെ

തിരക്കിലൂടെ ഹരീഷ് സാറിന്റെ കാറിൽ ഞങ്ങൾ അലഞ്ഞു. ഒടുവിൽ സ്റ്റുഡിയോ കണ്ടുപിടിക്കുകയും ആവശ്യമുള്ളത്രേ റെക്കോർഡുകൾ പകർത്തിയെടുക്കുകയും അതിന്റെ ചെല്ലും ചെലവും സ്വന്തം കാര്യത്തിനെന്നപോലെ ഏറ്റെടുത്തു നിർവ്വഹിക്കുകയും ചെയ്തു.

എന്തൊക്കെയുണ്ട് കുട്ടാ, എന്ന ചിരിയോടെയുള്ള കുശലാന്വേഷണത്തിൽ അകലവും അതിരും മാഞ്ഞുപോകുന്ന നിമിഷത്തിന്റെ ചാരുത എത്രയോ വട്ടം നമ്മളെല്ലാം അറിഞ്ഞതാണ്.

ഒരാളെ അഭിസംബോധന ചെയ്യേണ്ടിവരുമ്പോൾ സാറിന്റെ നിഘണ്ടുവിൽ വിശേഷണങ്ങൾക്കൊന്നും യാതൊരു പഞ്ഞവുമില്ലായിരുന്നു. അത് പ്രായഭേദമനുസരിച്ച് അനിയനെന്നും ബ്രദറെന്നും കുട്ടനെന്നും ഭായിയെന്നും ജീ എന്നുമൊക്കെയായി പകർന്നാട്ടം നടത്തുന്നതു കാണാം.

മനുഷ്യരേയും ജീവിതത്തേയും സത്യസന്ധമായും ലളിതമായും നിർവ്വചിക്കുകയും നിരീക്ഷിക്കുകയും ചെയ്ത മാനവികതയുടെ ഔന്നത്യപൂർവ്വമായ മാതൃകകൾ അദ്ദേഹത്തിൽ കണ്ടെത്താൻ കഴിഞ്ഞു.




വഹിക്കുന്ന പദവികളുടെ തലപ്പൊക്കങ്ങളിൽ ആണ്ടുപോയ ആളുകൾ മന:പൂർവ്വം അകലം പാലിച്ചുകൊണ്ടിരിക്കുന്ന വർത്തമാനകാല പരിസരങ്ങളിൽ ഒരു പച്ചത്തുരുത്തിന്റെ കുളിരും സാന്ത്വനവുമാണ് നമുക്ക് നഷ്ടമായത്.

എറണാകുളം ജില്ലയിലെ കാഞ്ഞിരമറ്റം എന്ന ഉൾനാടൻ ഗ്രാമത്തിലെ എന്റെ വീട്ടിലേയ്ക്ക് നിയമസഭയിൽ നിന്നും വന്ന ആദ്യ ഉദ്യോഗസ്ഥനായിരുന്ന ഹരീഷ് സാർ. എന്റെ ചെറിയ വീടിന്റെ പരിമിതമായ സൗകര്യങ്ങളിലേയ്ക്ക് ആലങ്കാരങ്ങളൊന്നുമില്ലാതെ അദ്ദേഹം കടന്നിരുന്നു. നിയമസഭാ മ്യൂസിയത്തിന്റെ പ്രദർശനം എറണാകുളത്ത് ടൗൺഹാളിൽ സംഘടിപ്പിച്ചിരുന്നു. അതു കഴിഞ്ഞുള്ള മടക്കയാത്രയിലായിരുന്നു ആ സംഭവം......

എന്തു നല്ല മനുഷ്യനാണ്, എന്നുള്ള എന്റെ ഗ്രാമീണരായ മാതാപിതാക്കളുടെ
ആ ഒറ്റവരി വാചകംമതി മാനുഷികതയുടെ നിറനിലാവായി ഒരാൾ നമുക്കിടയിൽ ജീവിച്ചിരുന്നു എന്ന് അടയാളപ്പെടുത്താൻ

ഈ കുറിപ്പെഴുതി തുടങ്ങുന്നതിനു മുമ്പ് കുറേക്കാലം സാറിന്റെ കൂടെ ജോലി ചെയ്തിട്ടുള്ള സൗമ്യയോട് ഞാൻ ചോദിച്ചു. 'എങ്ങനെയായിരുന്നു ഹരീഷ് സാർ?' ഉറക്കംതൂങ്ങി മരത്തിന്റെ തണലിൽ കുറച്ചുനേരം നിശ്ശബ്ദമായി നിന്ന സൗമ്യയുടെ കണ്ണുകളിൽ കണ്ണീർ നിറഞ്ഞുവരുന്നതു ഞാൻ കണ്ടു. ഞാൻ വല്ലാതായിപ്പോയി.

'ഒന്നും പറയാനില്ല. അല്ലെങ്കിൽ അങ്ങിനെയങ്ങ് എഴുതിത്തീർക്കാൻ പറ്റുന്ന



തല്ല സാറിന്റെ നന്മയും ജീവിതവും. ഒരു ദിവസം ഞാൻ ഓഫീസിൽ തലകറങ്ങിയി രുന്നു പോയി. കോഫി ഹൗസിലേയ്ക്ക് ഓടി പ്പോയി ഉപ്പിട്ട നാരങ്ങാവെള്ളവുമായി തിരിച്ചു വന്നു. ഏതെങ്കിലും ഓഫീസർമാർ ഇങ്ങിനെ ചെയ്യുമോ.....?' എന്ന ചോദ്യമു യർത്തി സൗമ്യ എന്നെ നേരിട്ടപ്പോൾ എന്റെ കണ്ണും നിറഞ്ഞുപോയി.

ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി എന്നെഴുതിയ നെയിം ബോർഡ് പിന്നെയും കുറച്ചുനാൾ ചുമരിൽ ചലനരഹിതമായി കിടന്നിരുന്നു. അതിനു സമീപത്തുകൂടി പോകുമ്പോഴൊക്കെയും ഒരു നടുക്കം പോലെ ആ നെയിംബോർഡ് എന്നിൽ കണ്ണീർ പടർത്തി.

ഉള്ളിൽ നിന്നും ഒരുപാടോർമ്മകൾ ഇരമ്പിപ്പാഞ്ഞു വരുന്നുണ്ട്. അങ്ങനെ യൊന്നും എഴുതിത്തീർക്കാനാവില്ലെന്ന ബോധ്യപ്പെടുത്തലോടെ.

ഇനിയും വായിക്കപ്പെടുവാനുള്ള വലിയൊരു പാഠപുസ്തകമായി, പൂരിപ്പിക്കുവാനുള്ള ഇടങ്ങൾ ബാക്കിവെച്ച നന്മയുടെ നാട്ടുവെ ളിച്ചം പ്രസരിപ്പിച്ച ഒരാൾ നമുക്കിടയിൽ നിന്നും ചോർന്നുപോയി.

കണ്ണീർ നനവുള്ള ഓർമ്മയുടെ പേജുകളിൽ ദു:ഖം ഘനീഭവിച്ച പൂക്കളായ് ഓർമ്മകൾ ബാക്കിയാകുവോളം ഈ മനുഷ്യനും സ്മരണകളിൽ സുഗന്ധം വീശി നിൽക്കും.

●

# തത്തമ്മ



**സിറിൻ എ. റിയാസ്.**
D/o ആൻസി. എ.എൻ.

തത്തി തത്തി
തത്തി നടക്കും തത്തമ്മ
കൊഞ്ചി കൊഞ്ചി
കൊഞ്ചി പറയും തത്തമ്മ

പച്ച നിറമുള്ള തത്തമ്മ
ചുവന്ന ചുണ്ടുള്ള തത്തമ്മ

അരിമണി തിന്നും തത്തമ്മ
നല്ല സുന്ദരി തത്തമ്മ.



കഥ

**ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കഥ മത്സരത്തിൽ മൂന്നാം സ്ഥാനത്തിന് അർഹമായത്.**



# അനാമിക

പ്രസാദ്. വി
അമിനിറ്റീസ് അസിസ്റ്റന്റ്

റെയിൽപ്പാളത്തിലൂടെ വേഗത്തിൽ നടന്നുനീങ്ങുന്ന അനാമിക. അവളുടെ ഓരോ കാലടിയിലും നിശ്ചയദാർഢ്യം പ്രകടമായിരുന്നു. കൂരിരുട്ട് അവൾക്കൊരു പ്രശ്നമേ ആയിരുന്നില്ല. ഇതിലും വലിയ അന്ധകാരം ജീവിതത്തെ ബാധിച്ചവൾക്കെന്ത് കൂരിരുട്ട്! തനിച്ചു നിൽക്കാൻ കഴിയുന്ന നാൾവഴികളിൽ ഓജസും തേജസും ഉള്ള തന്റേടിയായ അനാമിക തന്നെയാണോ ഇതെന്ന് അവൾ തന്നെ സംശയിച്ചു. മഴ ശക്തമായി പെയ്യുവാൻ തുടങ്ങി. അകലെയായ് തീവണ്ടിയുടെ ശബ്ദം അടുത്തടുത്തായി എത്തിക്കൊണ്ടിരുന്നു.

ആദ്യമായി കിട്ടിയ ആൻഡ്രോയിഡ് ഫോൺ അവൾ തിരിച്ചും മറിച്ചും നോക്കി. സന്തോഷം അടക്കാനായില്ല. ഒരു ഗൾഫ്കാരന്റെ ഭാര്യയ്ക്ക് ഇതിലും വലിയ സമ്മാനം കൊടുക്കാനില്ലെന്ന് സുരേഷിനും തോന്നി. വീട്ടു ജോലികൾ പെട്ടെന്ന് തീർത്ത് ഫോണിന്റെ ഉള്ളറകളിലേയ്ക്ക് ഊളിയിടാൻ അനാമിക അതിയായി വെമ്പി.

വാട്സാപ്പും ഫെയ്സ്ബുക്കും ഷെയർ ചാറ്റുമൊക്കെ അനാമികയ്ക്ക്

എളുപ്പം വഴങ്ങി. അതങ്ങനെയാണല്ലോ, ആവശ്യമെന്നുതോന്നുന്നവ പെട്ടെന്ന് മനുഷ്യൻ മനസ്സിലാക്കിയെടുക്കുമല്ലോ....! ഈ സമയങ്ങളിൽ കുട്ടികളുടെ സംസാരമോ ഇടപെടലോ അവൾക്ക് തീരെ രസമല്ല. പക്ഷേ സുരേഷുമൊത്തുള്ള ചാറ്റിങ്ങിൽ അവൾക്ക് സമയം ഒരു പ്രശ്നമേ അല്ല.

സ്കൂൾ വിട്ട് വീട്ടിൽ വന്ന കുട്ടികൾ അടഞ്ഞ വീടിനു മുന്നിൽ ഏറെ നേരം ഇരുന്നു. കുട്ടികൾ വിളിച്ചപ്പോഴാണ് അവൾക്ക് പരിസര ബോധം ഉണ്ടായത്. "ആരോടാണ് അമ്മ സംസാരിച്ചുകൊണ്ടിരുന്നത്;" കുട്ടികൾ തിരക്കി. "പോയി വല്ലതും കഴിച്ചേ, എന്താ പിള്ളേരെ മിഴിങ്ങസ്യാ എന്നു പറഞ്ഞ് നോക്കി നിൽക്കുന്നത് " അവൾ പെട്ടെന്ന് ദേഷ്യപ്പെട്ടു. "പുമുത്തോളേ"...... ഫോൺ റിംഗ് ചെയ്യുന്നതു കേട്ട് മകൾ ഓടി വന്ന് ഫോൺ എടുത്തു. "അച്ഛൻ" .....അച്ഛാ സുഖമാണോ? അമ്മ പുതിയ ഫോണൊക്കെ വാങ്ങിച്ചു...... "കുട്ടൂസ് ഇവിടുണ്ടച്ഛാ"....! അനാമിക ഓടി വന്ന് അവളുടെ കൈയിൽ നിന്നും ഫോൺ വാങ്ങി. അവൾ ആദ്യമൊക്കെ മൂളികേൾക്കുക മാത്രം ചെയ്തു. പെട്ടെന്ന് ദേഷ്യം വന്നപ്പോൾ അവൾ പറഞ്ഞു. " നിങ്ങൾ അയയ്ക്കുന്ന പണം..... ഇവിടെ ഒന്നിനും ഒരു ചെലവുമില്ലേ.......? കുട്ടികൾ ...... പഠിത്തം ...... ഭക്ഷണം..... ബാങ്ക് ലോൺ ..... ഞാൻ മൊബൈൽ വാങ്ങിയത് നിങ്ങളുടെ കാശു കൊണ്ടൊന്നുമല്ല..... അത്... എനിക്ക് അച്ഛൻ മേടിച്ചു തന്നതാണ്. കള്ളമായിരുന്നെങ്കിലും ഗൾഫുകാരൻ വിശ്വസിച്ചു പോയി.

രാത്രിയിൽ മെസ്സേജുകളിലൂടെ യാമങ്ങൾ നീങ്ങി. കാമുകന്റെ വലയിൽ ഇരയായി കുടുങ്ങാൻ സമയമായെന്ന് അയാൾക്ക് ബോധ്യമായി. സ്ഥിരം നമ്പർ എറിഞ്ഞ് സമ്മതം ഉറപ്പിക്കാൻ ..... മൗനം സമ്മതമായി കരുതി അവൻ.... ആ രാത്രിയിൽ തന്റെ ഇംഗിതം പൂർത്തിയാക്കാൻ സുരേഷ് വെമ്പി. കോളിംഗ് ബെൽ കേട്ടപ്പോൾ അനാമിക സന്തോഷിച്ചു. പക്ഷേ പെട്ടെന്ന് ഭയചകിതയായി കുട്ടികൾ ഉണരുമോ എന്നവൾ ഭയപ്പെട്ടു. അനാമിക മെല്ലെ വാതിൽ തുറന്നു, സുരേഷ്! പെട്ടെന്നവൾ എന്തോ ഓർത്തപോലെ..........." ഇല്ല സുരേഷ് ഇനി എന്റെ കൈയ്യിൽ പണമില്ല..... ഉള്ളതെല്ലാം... സ്വർണ്ണാഭരണങ്ങൾ പോലും ഞാൻ നിനക്കു തന്നു കഴിഞ്ഞു." സുരേഷിന്റെ മുഖം വിവർണമാകുന്നത് അനാമിക കണ്ടു." നാളെ നിന്റെയും മോളുടെയുമൊക്കെ നഗ്നചിത്രങ്ങൾ മാലോകരു കണ്ടാ എന്നെ കുറ്റം പറയരുത്." സുരേഷ് ചിരിച്ചു. അനാമികയ്ക്ക് എന്താണ് ചെയ്യേണ്ടതെന്ന് അറിയാൻ കഴിഞ്ഞില്ല. ഒരു മൊബൈൽ ഇത്തരം പ്രതിസന്ധികൾ സൃഷ്ടിക്കുമെന്ന് അവൾ സ്വപ്നേപി കരുതിയിരുന്നില്ല. ഭർത്താവിന്റെ മുഖം അവൾ ഓർത്തു. അയാളുടെ സ്നേഹലാളനകളെ കുറിച്ചോർത്തു. മഴ സമയങ്ങളിൽ കിളിർത്ത് വരുന്ന പുതിയ പുതിയ പൈങ്കിളി പ്രണയങ്ങളെ കുറിച്ചോർത്ത് പശ്ചാത്തപിച്ചു.

ഭർത്താവിന്റെ മുഖം അവളെ കൂടുതൽ വിഷമിപ്പിച്ചു. കുടുംബത്തിനുവേണ്ടി കഷ്ടപ്പെടുന്ന, ഒരു പുരുഷായുസ്സുമുഴുവൻ തങ്ങൾക്കുവേണ്ടി മരുഭൂമിയിൽ ചെലവഴിക്കുന്ന ആടു ജീവിതങ്ങളെക്കുറിച്ചോർത്തു. കുട്ടികൾ കിടക്കുന്ന റൂമും സുരേഷ് ഇരുന്ന മുറിയും പുറത്തു നിന്നും പൂട്ടി. സമീപത്തെ റെയിൽവേ ട്രാക്കിലൂടെ അവൾ അതിവേഗത്തിൽ നടന്നു. ഞാനെന്തിനാണ് മരിക്കുന്നത്...... എന്റെ കുട്ടികൾ.... എന്റെ ഭർത്താവ്..... കുറച്ചകലെയായുള്ള പോലീസ്സ്റ്റേഷനിൽ അവൾ വിവരം അറിയിച്ചു.

പ്രണയത്തിന്റെ പാരവശ്യം പഠിക്കുന്ന കാലത്ത് ആവോളം ആസ്വദിച്ച 'കത്തുകൾ' അതിനു വഴിമാറി മൊബൈൽ യുഗം ജീവിതം തട്ടിത്തെറിപ്പിക്കുന്ന ദയനീയ കാഴ്ച അവൾ ഭർത്താവുമായി പങ്കുവച്ചു.

●

# പ്രവാസം



**ദിനേഷ്കുമാർ. കെ.**
അണ്ടർ സെക്രട്ടറി.

അമ്മയുടെ മടിച്ചൂടിൽ വിയർത്തവർ,
കുതിച്ചുപൊങ്ങീ..........അംബരവീചികൾ നോക്കി
ആകാശം.....അതിരിടാത്ത ചക്രവാളങ്ങളെ തേടി....
അലഞ്ഞൂ........മേഘപാളികൾക്കുമുയരേ,
സൂര്യന്റെ ഉഗ്രതാപത്താൽ വലഞ്ഞൂ..........
മടക്കയാത്രയായി........അമ്മതൻ മടിച്ചൂട് തേടി,
അറിഞ്ഞൂ........കുപ്പിവെള്ളത്തേക്കാൾ
തെളിവാർന്നു
തൊടിയിലെ കിണർവെള്ളം വറ്റാതെ
കിടപ്പുണ്ടെന്നു
ഏത് വിഹ്വല ഉള്ളുരുക്കത്തിലും
കുളിരേകും......
വയൽക്കാറ്റും ഒരു കുളസ്നാനവും

# അവൾ

അവൾ........
ഉത്തരദേശത്തുയിർകൊണ്ടവൾ,
ഗോതമ്പുപാടത്തെ
വെയിലേറ്റുണർവൾ.....
ഇനിയുമുണരാത്ത നാടിന്നായ്
വൈക്കോൽകൂനയിൽ
ചിതയെരിഞ്ഞവൾ.......
നാക്കരിഞ്ഞാലും ശബ്ദം നിലക്കാത്ത
മണ്ണിൻ ഞരമ്പിലെ നാരായവേരുകൾ
അവൾ.........
മനീഷയാകുന്നു
മൗനവാൽമീകങ്ങൾ ആയിരം
തച്ചുതകർക്കുവാൻ
വൈക്കോൽ ചിതകളിൽ നിന്നുയരും
നാളെയുടെ മോചനമന്ത്രം........
അവൾ........
കത്തുന്ന തീപ്പന്തമാകട്ടെ



കഥ



ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ മഴയിൽ പൂക്കുന്ന പ്രണയവള്ളികൾ എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ കഥ മത്സരത്തിൽ രണ്ടാം സ്ഥാനത്തിന് അർഹമായത്.

# മഴയിൽ കുതിർന്നുപോയ മൺകൂനയ്ക്കു പറയാനുള്ളത്

**എം.കെ. രാജൻ**
ഇൻഫർമേഷൻ അസിസ്റ്റന്റ്

സീൻ - എഴുപത്തിമൂന്ന്.
പ്രഭാതം

ചെടികളിലും ഇലച്ചാർത്തിലും മെല്ലെ മെല്ലെ തുള്ളിയിട്ടു തുടങ്ങുന്ന തുലാ മഴ. മഴ സാവധാനം കനം വെച്ചു തുടങ്ങുകയാണ്. ഓട്ടിൻപുറത്തും പാത്തിയിലും നിറഞ്ഞ് തളം കെട്ടി, വരുച്ചാലിലൂടെ കുതിച്ചൊഴുകുന്ന മഴയുടെ വ്യത്യസ്ത ഭാവതലങ്ങൾ...........

മഴയുടെ നേർത്ത തിരശ്ശീലയ്ക്ക് അപ്പുറത്തുനിന്നും നമ്മുടെ കാഴ്ചയിലേയ്ക്ക് കയറി വരുന്ന നായികയും നായകനും.

എഴുതിയ തിരക്കഥയുടെ അവസാന പേജിലേയ്ക്ക് ഒന്നുകൂടി കണ്ണോടിച്ച് അയാൾ തൃപ്തി വരാതെ എഴുന്നേറ്റ് ജാലക വാതിലിനു സമീപം വന്ന് പുറത്തേയ്ക്ക് നോക്കി നിന്നു. അപ്പോൾ ഒരത്ഭുതമെന്നോണം മഴ ചാറിത്തുടങ്ങിയിരുന്നു; പുറത്തും!?

ഒരു മാസത്തിലേറെ കഴിഞ്ഞിരുന്നു അയാൾ മലഞ്ചെരുവിലെ വീട്ടിൽ സിനിമാക്കഥ എഴുതാൻ എത്തിയിട്ടുണ്ട്. തിരശ്ശീല

യിൽ വിടരുന്ന മനോഹരമായൊരു കഥയാണ് നിർമ്മാതാവിന് വേണ്ടത്.

ഇതിന് മുൻപ് പറഞ്ഞ നാലഞ്ചു കഥകളും അദ്ദേഹത്തിന് ഇഷ്ടമായില്ല. ഒടുവിലാണ് ഈ കഥ ഇഷ്ടമാകുന്നതും അഡ്വാൻസ് വാങ്ങി എഴുത്തു തുടങ്ങിയതും. ഇടയ്ക്ക് വല്ലപ്പോഴും അദ്ദേഹം കയറി വരും എഴുതിയതെല്ലാം വായിച്ചു കേട്ട് സന്തോഷത്തോടെ മടങ്ങിപ്പോകും.

എത്രയോ കാലമായി സിനിമയെന്നും എഴുത്തെന്നും ഒക്കെപ്പറഞ്ഞ് നടക്കാൻ തുടങ്ങിയിട്ട് നാളിതുവരെ ഒന്നും ശരിയായില്ല. ഇതോടെ തന്റെ രാശി തെളിയുകയാണ്.ആക്ഷേപിച്ചവരോടും പരിഹസിച്ചവരോടും ഇനി തനിയ്ക്ക് മറുപടിയുണ്ട്.

വേലേം കൂലിയും ഇല്ലാത്തോന് ആര് പെണ്ണ് കൊടുക്കാനാണ് എന്നു പറഞ്ഞവരോട് വെറുതേ തെക്ക് വടക്ക് വായി നോക്കി നടക്കുന്നവനെന്ന് പറഞ്ഞവരോടും ധൈര്യമായി പറയാം.

അയാളുടെ ഉള്ളിൽ മെല്ലെ ഒരു മന്ദഹാസത്തിന്റെ അലയിളകി. ജനാലയുടെ കുത്തഴിപിടിച്ചങ്ങനെ നിൽക്കുമ്പോൾ നേർത്ത മഴച്ചാറ്റലിൽ നിന്ന് നിർമ്മാതാവ് കയറി വരുന്നു.

"എന്തായി........?"

അയാൾ പുഞ്ചിരിച്ചുകൊണ്ട് എഴുതിയ പേപ്പറുകൾ നീട്ടി

" തകർത്തു"

വിശ്വാസം വരാതെ അയാൾ പകച്ചു നോക്കി എന്നിട്ടു പറഞ്ഞു.

"ഞാനൊരു തൃപ്തിവരാതെ......... ക്ലൈമാക്സ് മറ്റൊരു സിറ്റ്വേഷനിലോട്ട് മാറ്റിയാലോ എന്ന് വിചാരിക്കുവാരുന്നു.............."

" ഏയ്.......... ഇത് മതി. നമ്മുടെ കഥയുമായിട്ട് ചേർന്നു നിൽക്കുന്ന ഒരു സീനാ..... ഇത് ........താനെന്റെ മനസ്സു കണ്ടാ ഇതെഴുതീതെന്ന് എനിക്കു തോന്നിപ്പോയി ........... അത്രയ്ക്കും.............. "

അയാൾ നിർമ്മാതാവിനെ നെഞ്ചോടുചേർത്തു അറിയാതെ കണ്ണു നിറഞ്ഞുപോയി.

"ഇതെന്റെ ജീവിതമാണ് സാർ........ കാലങ്ങളായി ഞാൻ താലോലിച്ച എന്റെ സ്വപ്നം.........."

എഴുത്തിന്റെ ആലസ്യത്തിൽ നിന്നും മോചിതരായി രണ്ടു പേരും പുറത്തേയ്ക്കിറങ്ങി. പുറത്ത് അപ്പോഴും മഴ ശമിച്ചിരുന്നില്ല. എഴുത്തിനെ പ്രണയിച്ച് ഒടുവിൽ അതിപ്പോൾ തളിർത്തു തുടങ്ങിയിരിക്കുന്നു. ജീവിതം മെല്ലെ വള്ളി വീശിപ്പടർന്ന് പുഷ്പിക്കാറായെന്ന് അയാൾക്ക് തോന്നി.

" എനിയ്ക്ക് ഉറപ്പുണ്ടായിരുന്നു നിനക്കിത് നന്നായി തീർക്കാൻ പറ്റുമെന്ന്........... അല്ലെങ്കിൽ തന്നെ നീയൊക്കെ .......... എന്നേ രക്ഷപ്പെടേണ്ടവനാ..................."

അയാളുടെ ഉള്ളിൽ വലിയ സ്വപ്നങ്ങളുടെ കാടുലഞ്ഞു - മഴ തിമിർത്തു പെയ്തു തുടങ്ങി.

1195- തുലാമാസത്തിലെ മഴ.

മഴമെല്ലെ വട്ടം വീശി വിടരുകയാണ്. തോടും കുളവുമെല്ലാം നിറഞ്ഞു. വഴിയും പുഴയും കവിഞ്ഞു. ചുറ്റും ഭീതിദമായ കാഴ്ചകൾ. വീടു നഷ്ടപ്പെട്ടവർ.............. നാട് ഒലിച്ചു പോയവർ................ കണ്ണീർ മഴ.

വലിയ ഒരു മലവെള്ളപ്പാച്ചിലിൽ അയാൾ എഴുതാനിരുന്ന വീടും അയാൾ എഴുതിവെച്ച സിനിമാക്കഥയും മണ്ണിനടിയിൽ അകപ്പെട്ടതൊന്നും ആരുമറിഞ്ഞില്ല.

നാലഞ്ചു ദിവസങ്ങൾക്കു ശേഷം രക്ഷാ പ്രവർത്തനങ്ങൾക്കു ചെന്ന ഒരാൾ കുഴഞ്ഞ മണ്ണിൽ നിന്നും തളിർത്തു നിൽക്കുന്ന തളിർത്തുമ്പു പോലെ ഒരു കടലാസ്സു തുണ്ടു കണ്ടു. കുഴഞ്ഞുപോയ മണ്ണിലേയ്ക്ക് താഴ്ന്നു പോകുംമുമ്പ് നീട്ടി നിൽക്കും പോലെ ഒരു വിരലാണെന്ന് ആർക്കും മനസ്സിലായില്ല.

●

# മഴയിൽ പൂക്കുന്ന പ്രണയ വള്ളികൾ

ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ മഴയിൽ പൂക്കുന്ന പ്രണയവള്ളികൾ എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ കഥ മത്സരത്തിൽ രണ്ടാം സ്ഥാനത്തിന് അർഹമായത്.



**കെ. ഷൂജ**
ക്ലറിക്കൽ അസിസ്റ്റന്റ്

ഇരുട്ടിന്റെ ഓരം പറ്റി മാധവി മെല്ലെ തന്റെ മിഴികളോട് യാചിച്ചു. ഒന്നുറങ്ങണം എല്ലാം മറന്ന് പുറത്ത് തല്ലിതകർക്കുന്ന മഴയാണ് തന്റെ ചിന്തകളുടെ നെയ്ത്തുകാർക്ക് മാധവിയുടെ മനസ്സ് തീരെ വായിക്കാൻ കഴിയാത്തതുപോലെ പതിയെ അവർ ഉണരാൻ തുടങ്ങി......

അടുക്കും ചിട്ടയും ഇല്ലാതെ ഓർമ്മകൾ മാധവിയെ അലോസരപ്പെടുത്തി..... വേണ്ട...... ഓർക്കണ്ട... ഒന്നും... ഒന്നും....

ക്ലോക്കിൽ മണി രണ്ട് അടിച്ചു. അവൾ എഴുന്നേറ്റ് ജാലകങ്ങൾ തുറന്നു. പുറത്ത് അപ്പോഴും കോരി ചൊരിയുന്ന മഴ. പക്ഷേ അതിന്റെ താളത്തിന് ഇപ്പോൾ അവളുടെ ഹൃദയത്തിന്റെ താളമായിരുന്നു. പ്രണയത്തിന്റെ നനവുള്ള ഏതോ മാസ്മരിക താളം. ജനൽ പാളികൾ അടയ്ക്കാതെ മാധവി ഇരുട്ടിലേയ്ക്ക് നോക്കി നിന്നു. എങ്ങും ഇരുട്ടാണ് എങ്കിലും അവൾക്ക് തീരെ ഭയം തോന്നിയില്ല.

നാളെ അരവിന്ദന്റെ വിവാഹമാണ്. മേശപ്പുറത്ത് നിവർത്തി വച്ച കല്ല്യാണക്കുറി അവൾ ഒന്നുകൂടി തുറന്ന് നോക്കി. അതിലെ ഓരോ വരികളും അക്ഷരങ്ങളും അവളെ പരിഹസിക്കുന്നതുപോലെ...... ഒരിക്കൽ എന്റെ ജീവന്റെ ഓരോ അണുവിലും ജീവിച്ച എന്റേതെന്ന് മാത്രം നിനച്ചിരുന്ന അരവിന്ദൻ

ആർക്കോ സ്വന്തമാകാൻ പോകുന്നു.

അന്ന് ഒരു ചാറ്റൽ മഴയത്ത് എന്റെ കുടയിലേക്ക് ഓടി കയറി വന്ന അരവിന്ദൻ എപ്പോഴോ തന്റെ ഹൃദയത്തിന്റെ കവാടം പതിയെ പതിയെ തുറക്കുകയായിരുന്നു. മനോഹരമായി കവിതയെഴുതുന്ന അദ്ദേഹത്തിന്റെ വിരൽ തുമ്പിൽ വിടർന്ന ഓരോ കവിതയും എന്നെ വല്ലാതെ സ്പർശിച്ചിരുന്നു. നിറയെ പൂത്ത വാകമരച്ചുവട്ടിൽ ഞങ്ങൾ ഒത്തു കൂടുന്ന നിമിഷങ്ങളെല്ലാം ഒരിക്കലും അവസാനിക്കരുതെന്ന് കരുതിയിരുന്നു.

പിന്നെ എപ്പോഴാണ് നമുക്കിടയിൽ താളം തെറ്റിയത് ക്ലോക്കിലെ അലാറം വീണ്ടും സമയത്തെ ഓർമ്മിപ്പിച്ചു. മാധവിയെ അലോസരപ്പെടുത്തി . ഇപ്പോൾ മഴ ശാന്തമായതുപോലെ... ഉറക്കം നഷ്ടപ്പെട്ട ചീവിടുകൾ അങ്ങിങ്ങായി നേർത്ത ശബ്ദം കോറിയിട്ടു.

അന്ന് ആ ത്രിസന്ധ്യയിൽ പെയ്യാൻ തിടുക്കം കൂട്ടുന്ന മേഘങ്ങളെ നോക്കി അരവിന്ദൻ പറഞ്ഞു. മാധവി.... നാളെ ഒരിടം വരെ പെണ്ണുകാണാൻ അമ്മ നിർബന്ധിക്കുന്നു. അമ്മയ്ക്ക് ഞാൻ മാത്രമേയുള്ളൂ. അച്ഛൻ പോയതിനുശേഷം അമ്മയ്ക്ക് ഒരു വാശിപോലെയാണ്, എന്റെ എല്ലാ കാര്യത്തിലും അമിതമായ ആകാംക്ഷ. അമ്മയുടെ സന്തോഷത്തിനു വേണ്ടി വെറുതെ ഒന്നു പോകാം. ഒന്നു കാണുന്നതിൽ കുഴപ്പം ഇല്ലല്ലോ. മറുപടിയ്ക്ക് വേണ്ടി എന്റെ മുഖത്തേക്ക് നോക്കി. എന്തു പറയണമെന്നറിയാതെ ഞാൻ ബദ്ധപ്പെടുകയായിരുന്നു. അരവിന്ദൻ മറ്റൊരാളെ കുറിച്ചു ചിന്തിക്കുന്നതു പോലും തന്റെ സ്വാർത്ഥത എന്ന വികാരം മറപിടിച്ചു.

മനസ്സോടെയല്ലെങ്കിലും സമ്മതം മൂളി. കണ്ണുകൾ അറിയാതെ നനഞ്ഞിരുന്നു. ആ സന്ധ്യയിൽ അദ്ദേഹത്തിന് അത് കാണാൻ കഴിഞ്ഞില്ല. പിന്നെയറിയണം ഹൃദയം നുറുങ്ങുന്ന വേദനയോടെയാണ് എതിരേറ്റത്. അദ്ദേഹത്തിന്റെ അമ്മയ്ക്ക് കുട്ടിയെ ഇഷ്ടപ്പെട്ടുവത്രേ തടസ്സം നിന്ന അരവിന്ദനെ അവർ എങ്ങോട്ടുംവിട്ടില്ല. അമ്മയുടെ സ്നേഹത്തിനു മുന്നിൽ അദ്ദേഹം എല്ലാം തുറന്നു പറഞ്ഞു. ഒരു ദിവസം എന്റെ മുന്നിലെത്തിയ ആ അമ്മ തന്റെ മകനു വേണ്ടി യാചിച്ചു......... പറിച്ചെടുത്ത തന്റെ പാതി ജീവനും കൊണ്ട് ആ അമ്മ പടിയിറങ്ങുമ്പോൾ ഒരിക്കൽ കൂടി അരവിന്ദനെ കാണണമെന്ന് തോന്നി. പക്ഷേ എന്നെ തേടിയെത്തിയത് ഈ ക്ഷണ കത്തായിരുന്നു. ഒന്നും പറയാതെ എന്നിൽ നിന്ന് അകലങ്ങളിലേയ്ക്ക് അദ്ദേഹം പൊയ്ക്കഴിഞ്ഞിരുന്നു. കതകിന്റെ കൊളുത്തിളകുന്ന ശബ്ദം! മാധവി ഇന്നും ഉറങ്ങിയില്ലേ? ശബ്ദം കേട്ട ഭാഗത്തേയ്ക്ക് തിരിഞ്ഞു നോക്കിയെങ്കിലും ആരെയും കാണാൻ കഴിഞ്ഞില്ല. ഞാനും അരവിന്ദനും ഒരുമിച്ചു നനഞ്ഞ മഴയുടെ തേങ്ങലാകാം........ ഒരുമിച്ചു പങ്കിട്ട പ്രണയത്തിന്റെ മർമ്മരമാകാം......വീണ്ടും പുറത്ത് മഴ തലതല്ലി കരയുന്നതുപോലെ കാറ്റിൽ കൊഴിഞ്ഞു വീഴുന്ന വാകപൂക്കൾ അങ്ങിങ്ങായി ചിതറി പരക്കുന്നതും നേർത്ത വെളിച്ചത്തിൽ മാധവിയ്ക്ക് കാണാമായിരുന്നു. മുഖത്തു ഇടയ്ക്കിടെ മഴത്തുള്ളികൾ ശക്തിയോടെ വീണുടഞ്ഞു........ അവൾ വാതിൽ തുറന്നു മുറ്റത്തേയ്ക്കിറങ്ങി മഴയിൽ നനഞ്ഞു നടന്നുനീങ്ങി...... മഴത്തുള്ളികൾ അവളെ തഴുകിയൊഴുകിക്കൊണ്ടിരുന്നു. അരവിന്ദനല്ലാതെ അവൾ മാത്രം നനഞ്ഞിറങ്ങിയ ആ മഴയിൽ അവൾക്ക് സ്വപ്നങ്ങളില്ലായിരുന്നു; വേവലാതികളും! അപ്പോൾ മഴയ്ക്ക് അരവിന്ദന്റെ കവിതയുടെ ഈണമായിരുന്നു. അരിച്ചെത്തുന്ന കാറ്റിന് അയാളുടെ ശ്വാസത്തിന്റെ താളമായിരുന്നു. മാധവി മഴയിൽ കുളിച്ചു കുതിർന്ന മനസ്സുമായി നടന്നു നീങ്ങി...........

# നിയമസഭാ ലൈബ്രറിയിൽ വാങ്ങിയ പുസ്തകങ്ങളിൽ നിന്നും തിരഞ്ഞെടുത്ത 12 പുസ്തകങ്ങൾ




**അപഥസഞ്ചാരികൾക്ക് ഒരു കൈപ്പുസ്തകം**

ഗ്രേസി

കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2020.
Call No: O32,3wGRA R0

തീക്ഷ്ണമായ
സ്ത്രീയനുഭവങ്ങൾകൊണ്ടും
സത്യസന്ധമായ ആഖ്യാനംകൊണ്ടും
വന്യമായ കഥകൾ സൃഷ്ടിച്ച്
വായനക്കാരെ പുതിയ
ഭാവുകത്വത്തിലേക്കുയർത്തിയ
ഗ്രേസിയുടെ ആത്മഭാഷണങ്ങൾ.





**വൈകിയോ ഞാൻ...!**

അദിതി

കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2020.
Call No: O32,1wVISR0

കവി വിഷ്ണുനാരായണൻ
നമ്പൂതിരിയെക്കുറിച്ചുള്ള മകളുടെ
ഓർമക്കുറിപ്പുകൾ.




**മലമുഴക്കി**

എൻ.എ. നസീർ

കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2020.

Call No: JB 32R0

കാടിന്റെ ഗഹനത സമ്മാനിച്ച വശ്യവും മനോഹരവുമായ അനുഭവങ്ങളുടെ ദീപ്തമായ ഓർമക്കുറിപ്പുകൾ.

**ഗ്രന്ഥകാരന്റെ മരണവും മറ്റു ഭീതികഥകളും**


മരിയ റോസ്

കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2020.

Call No: O32,3MARR0

റൊളാങ് ബാർത്തും സ്റ്റീഫൻ കിങ്ങും കൈകോർക്കുന്ന, രചനയുടെ സങ്കേതവും ഭീതിയുടെ രസതന്ത്രവും പരിശോധനാവിധേയമാക്കുന്ന ഭീതികഥ: ഗ്രന്ഥകാരന്റെ മരണം! ഒപ്പം ബെറ്റി, കാലിൽ കുളമ്പുള്ള മനുഷ്യൻ, കെ. നഗരത്തിന്റെ പതനം, ചുരങ്ങളിൽ ഒരു ദുരൂഹമരണം, സേതുവിന്റെ മരണം: ഒരു കേസ് സ്റ്റഡി എന്നീ ഭീതികഥകളും.






**ആ മരത്തെയും മറന്നു മറന്നു ഞാൻ**

കെ.ആർ. മീര

കോട്ടയം: ഡി സി ബുക്ക്സ്, 2020.

Call No: O32,3MEE R0

(നോവൽ)

**പിഗ്മെന്റ്**


ഷബ്ന മറിയം

കോഴിക്കോട്: മാതൃഭൂമി ബുക്ക്സ്, 2020.

Call No: O32,3SHA R0

(നോവൽ)






**എം.ടി. യുടെ യാത്രകൾ**

എം.ടി. വാസുദേവൻ നായർ

കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2020.

Call No: U8 32R0

ആൾക്കൂട്ടത്തിൽ തനിയെ, വൻകടലിലെ തുഴവള്ളക്കാർ , മനുഷ്യർ നിഴലുകൾ എന്നിങ്ങനെ വ്യത്യസ്തമായ മൂന്നു യാത്രാവിവരണങ്ങളുടെ സമാഹാരം





**പുഴകടന്ന് പൂക്കളുടെ താഴ്‌വരയിലേക്ക്**

മോഹൻലാൽ

കോഴിക്കോട്:
മാതൃഭൂമി ബുക്സ്, 2020.

Call No: U8 32R0

യാത്രാവിവരണം





**മണ്ണിര**

താഹ മാടായി

കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2020.

Call No: O32,3THA R0

കീഴാളരാഷ്ട്രീയവും പരിസ്ഥിതിദർശനങ്ങളും ആഴത്തിൽ വേരോടിയ നോവൽ




**വയൽ, തെരുവ്, തീവണ്ടി**

പി. സുരേന്ദ്രൻ

കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2016.

Call No: U832Q6


ഇന്ത്യൻ ഗ്രാമങ്ങളുടെയും തെരുവുകളുടെയും നേർക്കാഴ്ച നൽകുന്ന യാത്രാവിവരണ ഗ്രന്ഥം.


**ഫെമിനിസത്തിന്റെ കേരള ചരിത്രം**
പി.എസ്. ശ്രീകല

കോഴിക്കോട്:
മാതൃഭൂമി ബുക്സ്, 2020.

Call No: Y15.212 32R0

ഫെമിനിസത്തിന്റെ കേരളചരിത്രം ശാസ്ത്രീയവും വസ്തുനിഷ്ഠവുമായി രേഖപ്പെടുത്തുന്ന പുസ്തകം.





**ലണ്ടനിലേക്ക് ഒരു റോഡ് യാത്ര**
ബൈജു എൻ നായർ
കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2020.
Call No: U8 32R0

ഇന്ത്യയിൽനിന്ന് ഇരുപതിലേറെ രാജ്യങ്ങൾ കടന്ന് 24,000 കിലോമീറ്റർ താണ്ടി ലണ്ടനിലേക്ക് റോഡുമാർഗം നടത്തിയ അസാധാരണമായ യാത്രയുടെ അപൂർവസുന്ദരമായ അനുഭവവിവരണം.

# ബാലസമന്വയം



**ആർദ്ര അനീഷ്**
D/o അഗ്രിയ പി മുരളി








# ബാലസമന്വയം









**അനൻ രാജേന്ദ്രൻ**

S/o അരുണിമ എസ്.എസ്


# ബാലസമന്വയം






**അനൻ രാജേന്ദ്രൻ**
S/o അരുണിമ എസ്.എസ്


# ബാലസമന്വയം






ലിഡിയ ബി ഷൈൻ
D/o ബീന ജോസഫ്

# ബാലസമന്വയം



ഇബ്രാഹിം
S/o മുഹമ്മദ് റിയാസ്



# ബാലസമന്വയം

സുമിത
D/o മഞ്ജു



നിരഞ്ജന ദിനേഷ്
D/o ദിനേശ്കുമാർ





# ബാലസമന്വയം








ആര്യൻ വി. കൃഷ്ണ
S/o വിനോദകുമാർ എം.കെ

# ബാലസമന്വയം





**സിറിൻ എ. റിയാസ്**
**D/o ആൻസി. എ.എൻ**

# നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും വിരമിച്ച ജീവനക്കാർ



ശ്രീ.സി.ജോസ്
സ്പെഷ്യൽ സെക്രട്ടറി



ശ്രീ.എം.കെ.സുരേന്ദ്രലാൽ
അഡീഷണൽ സെക്രട്ടറി



ശ്രീ. തോമസ് ചെട്ടുപറമ്പിൽ
അഡീഷണൽ സെക്രട്ടറി




ശ്രീ. കെ.ജി. രാധാകൃഷ്ണൻ
അഡീഷണൽ സെക്രട്ടറി




ശ്രീ. പി.ബി.സുരേഷ് കുമാർ
ജോയിന്റ് സെക്രട്ടറി



ശ്രീ. കെ.എ.രാജു.
ജോയിന്റ് സെക്രട്ടറി



ശ്രീ.കെ.പി.കൃഷ്ണകുമാർ
ഡെപ്യൂട്ടി സെക്രട്ടറി



ശ്രീ. കെ.വിജയകുമാർ
ഡെപ്യൂട്ടി സെക്രട്ടറി



ശ്രീ. സി.കൃഷ്ണൻ നായർ
അണ്ടർ സെക്രട്ടറി (ഹ.ഗ്രേ )

# നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും വിരമിച്ച ജീവനക്കാർ



ശ്രീ.രാജേന്ദ്രൻ.എസ്
സെക്ഷൻ ഓഫീസർ (ഹ.ഗ്രേ )



ശ്രീ. പി.ജി.നന്ദൻ
സെക്ഷൻ ഓഫീസർ (ഹ.ഗ്രേ )



ശ്രീമതി.രഞ്ജിത. പി.എസ്.
സെക്ഷൻ ഓഫീസർ



ശ്രീമതി.സ്വീറ്റ് ലി സുഗുണ. ഡി
എഡിറ്റർ ഓഫ് ഡിബേറ്റസ്



ശ്രീ. എൽ രാധാകൃഷ്ണൻ
ഡെപ്യൂട്ടി ചീഫ് എഡിറ്റർ



ശ്രീമതി ആർ സീനത്ത്
ഓഫീസ് സൂപ്രണ്ട് (ഹ.ഗ്രേ)



ശ്രീ കെ.ബി ഗിരീഷ് കുമാർ
ഓഫീസ് സൂപ്രണ്ട് (ഹ.ഗ്രേ )



ശ്രീമതി ഡി ഷീല
സെലക്ഷൻ ഗ്രേഡ്
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്




ശ്രീ വൈ അജിത്
സെലക്ഷൻ ഗ്രേഡ്
കംപ്യൂട്ടർ അസിസ്റ്റന്റ്

# നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും വിരമിച്ച ജീവനക്കാർ



ശ്രീമതി ആർ ഷീല
സെലക്ഷൻ ഗ്രേഡ്
കംപ്യൂട്ടർ അസിസ്റ്റന്റ്



ശ്രീ സതീഷ് കുമാർ വി
സീനിയർ ഗ്രേഡ്
കംപ്യൂട്ടർ അസിസ്റ്റന്റ്



ശ്രീ. വി.വി.സെനിൽ കുമാർ
ചീഫ് ഇൻഫർമേഷൻ
അസിസ്റ്റന്റ്



ശ്രീ. ഫ്രാൻസിസ്.എസ്
ഇൻഫർമേഷൻ അസിസ്റ്റന്റ്



ശ്രീ.കെ.വിജയൻ
ഇൻഫർമേഷൻ അസിസ്റ്റന്റ്



ശ്രീ.സി.കെ.ജയചന്ദ്രൻ നായർ
ഇൻഫർമേഷൻ അസിസ്റ്റന്റ്

# നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും വിരമിച്ച ജീവനക്കാർ



ശ്രീ.കെ.കെ.സലാമു

ലിഫ്റ്റ് സൂപ്പർവൈസർ



ശ്രീ. എം.സുരേഷ് കുമാർ

ലിഫ്റ്റ് സൂപ്പർവൈസർ



ശ്രീമതി.ഉഷ. എസ്.

ബയന്റർ ഗ്രേഡ്.I



ശ്രീ. വേലപ്പൻ നായർ.കെ

പാർട്ട് ടൈം സ്വീപ്പർ



ശ്രീമതി.കമലം.പി

പാർട്ട് ടൈം ക്ലീനർ



ശ്രീമതി.ഓമന ആർ

പാർട്ട് ടൈം

സാനിട്ടേഷൻ വർക്കർ

## ഭരണ ഭാഷ - പ്രതിജ്ഞ

മലയാളം എന്റെ ഭാഷയാണ്.
മലയാളത്തിന്റെ സമ്പത്തിൽ ഞാൻ
അഭിമാനിക്കുന്നു. മലയാള ഭാഷയെയും
കേരള സംസ്കാരത്തെയും ഞാൻ
ആദരിക്കുന്നു. ഭരണ നിർവഹണത്തിൽ
മലയാളത്തിന്റെ ഉപയോഗം
സാർവത്രികമാക്കുന്നതിന് എന്റെ
കഴിവുകൾ ഞാൻ വിനിയോഗിക്കും.



**ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതി**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**